ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

| വാല്യം 09 | ഓഗസ്റ്റ് 2017 | ലക്കം 08 |
|---|---|---|

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


1. Prot. No. 438/17; Circular No. 17/2017 .................. 5
2. കെസിബിസി സർക്കുലർ - തടവറ പ്രേഷിതത്വം .................. 7
3. കെസിബിസി സർക്കുലർ - ജസ്റ്റീസ് സൺഡേ .................. 11
4. കച്ചേരിക്കാര്യം .................. 14
5. അതിരൂപത അസംബ്ലി - അഖണ്ഡാരാധന .................. 26
6. വിശ്വാസപരിശീലനം .................. 30
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................. 34
8. ചെറുപുഷ്പ മിഷൻലീഗ് .................. 37
9. തിരുബാലസഖ്യം .................. 45
10. യുവജനശുശ്രൂഷ .................. 47
11. കുടുംബ പ്രേഷിതത്വം .................. 53
12. വിദ്യാഭ്യാസ ഏജൻസി .................. 59
13. നിർമ്മലഗിരി കോളേജ് .................. 63
14. വിമൽജ്യോതി വാർത്തകൾ .................. 65
15. കരിസ്മാറ്റിക് നവീകരണരംഗം .................. 67
16. ഫ്രാൻസിസ്കൻ അത്മായ സഭ .................. 70
17. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ .................. 72
18. കെസിബിസി മദ്യവിരുദ്ധ സമിതി .................. 76
19. എകെസിസി വാർത്തകൾ .................. 81
20. പ്രതിക്ഷ വാർത്തകൾ .................. 83
21. ധ്യാനകേന്ദ്രങ്ങളിലൂടെ .................. 85
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................. 86
23. Programme of the Archbishop Mar George Njaralakatt .................. 87
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................. 88
25. Programme of the Abp. Emeritus Mar George Valiamattam .................. 90

**Prot. No. 438/17, സർക്കുലർ നമ്പർ: 17/2017**

# അഖണ്ഡ ആരാധന

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നാം പ്രതീക്ഷാപൂർവ്വം കാത്തിരിക്കുന്ന നമ്മുടെ അതിരൂപതാ അസംബ്ലിക്കുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. അസംബ്ലിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ കരടുരേഖയുടെ ചർച്ച എല്ലാ ഇടവകകളിലും ഭംഗിയായി നടക്കുന്നു എന്നറിയുന്നതിൽ സന്തോഷം. ഇടവകകളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത് ഈ അസംബ്ലിയും അത് ചർച്ച ചെയ്യുന്ന വിഷയങ്ങളും വിശ്വാസിസമൂഹം ഗൗരവത്തോടുകൂടി സ്വീകരിച്ചു കഴിഞ്ഞു എന്നാണ്. കരടുരേഖ അവതരിപ്പിക്കുന്ന ആശയങ്ങൾ ആഴത്തിൽ പഠിക്കുകയും ഓരോ വിഷയത്തെയും സംബന്ധിച്ചുള്ള അതിരൂപതാ സമൂഹം മുഴുവന്റെയും അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുകയും ചെയ്യുമ്പോഴാണ് എല്ലാവർക്കും ഉപകാരപ്രദമായ തീരുമാനങ്ങളിൽ എത്തിച്ചേരാൻ അസംബ്ലിക്ക് സാധിക്കുന്നത്. അതുകൊണ്ട് വാർഡുകൂട്ടായ്മകളിലും സംഘടനകൾ, പാരീഷ് കൗൺസിൽ എന്നിവയിലും സജീവമായ ചർച്ചയ്ക്കുള്ള അവസരമൊരുക്കിക്കൊടുക്കണമെന്ന് ബഹു. വികാരിയച്ചന്മാരോടും കോ-ഓർഡിനേറ്റർമാരോടും ഓർമ്മിപ്പിക്കുന്നു.

ഓഗസ്റ്റ് 31നു മുമ്പായി ചർച്ചകളുടെ റിപ്പോർട്ടുകൾ ഇടവകയിൽ ക്രോഡീകരിച്ച് അതിരൂപതാ കേന്ദ്രത്തിലേക്ക് അയച്ചുതരണം. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ കോ-ഓർഡിനേറ്റർ, മതാധ്യാപകർ, സ്കൂൾ അധ്യാപകർ തുടങ്ങിയവരുടെ സഹായത്തോടെ വിവിധ വേദികളിലെ ചർച്ചാഫലങ്ങൾ ക്രോഡീകരിച്ച് അയച്ചുതരാൻ ശ്രദ്ധിക്കണം.

അതിരൂപതാ അസംബ്ലി പരിശുദ്ധാത്മാവിന്റെ കൃപയാൽ നിറഞ്ഞ് നമ്മുടെ അതിരൂപതയുടെ എല്ലാ മേഖലകളിലും സമഗ്രമായ നവീകരണത്തിന്റെ വേദിയായിത്തീരാൻ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥന ആവശ്യമുണ്ട്. അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന അച്ചടിച്ചു നല്കിയത് എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പള്ളികളിലും ചൊല്ലുന്നുണ്ടെന്നു കരുതുന്നു.

അതോടൊപ്പം അസംബ്ലിക്ക് തൊട്ടുമുമ്പുള്ള നൂറുദിവസങ്ങൾ തീക്ഷ്ണമായ പ്രാർത്ഥനയ്ക്കുള്ള ദിവസങ്ങളായി മാറ്റിവയ്ക്കാമെന്ന് ഞാൻ വിചാരിക്കുന്നു. അസംബ്ലിയുടെ വിജയത്തിനായി ഓഗസ്റ്റ് മാസം

18-ാം തീയതി മുതൽ നവംബർ 25-ാം തീയതിവരെ നൂറു ദിവസങ്ങളിൽ അഖണ്ഡാരാധന നടത്താൻ ഇടവകകളോടും സന്യാസസമൂഹ ങ്ങളോടും സ്ഥാപനങ്ങളോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഓരോ ദിവസവും രണ്ട് ഇടവകകളിലും മൂന്ന് സന്യാസഭവനങ്ങളിലോ സ്ഥാപനങ്ങളിലോ വീതവും ആരാധന ക്രമീകരിക്കാമെന്നാണ് വിചാരിക്കുന്നത്. ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലെ ആരാധന നടത്താനുള്ള ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റ് ഈ ലക്കം ബുള്ളറ്റിനിൽ നല്കിയിട്ടുണ്ട്. ആദ്യത്തെ ഇടവക രാവിലെ 6 മണി മുതൽ ഉച്ചക്ക് 12 മണിവരെയും രണ്ടാമത്തെ ഇടവക ഉച്ചയ്ക്ക് 12 മണി മുതൽ വൈകുന്നേരം 6 മണിവരെയുമാണ് ആരാധന നടത്തേണ്ടത്. സന്യാസഭവനങ്ങളും സ്ഥാപനങ്ങളും വൈകുന്നേരം 6 മുതലുള്ള സമയത്താണ് ആരാധന നടത്തേണ്ടത്.

ആരാധനയുടെ സമയത്ത് അസംബ്ലിയുടെ ചർച്ചക്കായി നല്കിയി രിക്കുന്ന ഓരോ വിഷയങ്ങളും എടുത്ത് പ്രാർത്ഥിക്കുന്നത് നന്നായി രിക്കും. നമ്മുടെ സമൂഹത്തിന്റെ എല്ലാ മേഖലകളിലുമുള്ള വിശ്വാസ ശാക്തീകരണം പരിശുദ്ധാത്മാവിന്റെ പ്രത്യേക ഇടപെടൽ വഴിയാണ് സംഭവിക്കുന്നത്. പുതിയൊരു പെന്തക്കുസ്താ അനുഭവത്തിലേക്ക് നമ്മുടെ അതിരൂപത ഉണരാൻവേണ്ടി പ്രാർത്ഥിക്കാം. ജോയേൽ പ്രവാചകന്റെ പുസ്തകം പറയുന്നതുപോലെ "അന്ന് ഇങ്ങനെ സംഭവിക്കും: എല്ലാവരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നം കാണും. യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും." (ജോയേൽ 2,28).

നമ്മുടെ അതിരൂപതാ അസംബ്ലിയെ ദിവ്യകാരുണ്യസന്നി ധിയിൽ സമർപ്പിച്ച് ദൈവകൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഈ അഖണ്ഡാരാധനയിൽ എല്ലാവരുടെയും പങ്കാളിത്തവും സഹകരണ വും അഭ്യർത്ഥിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയ ത്തിന്റെയും വി. യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-07-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 ഓഗസ്റ്റ് 6-ാം തീയതി ഞായ റാഴ്ച എല്ലാ പള്ളികളിലും വായിക്കണം.

Ref: 3037/K-5/KCBC/OL/DS 5.7.2017

# 2017 ആഗസ്റ്റ് 13 ഞായർ തടവറ പ്രേഷിത ദിനം

*കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്നജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ*

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്കു സമാശ്വാസവും നൽകാനും എന്നെ അയച്ചിരിക്കുന്നു' (ഏശ 61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് താദാത്മ്യപ്പെടുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. അവിടന്ന് കാരാഗ്രഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. 'കുറ്റവാളി'യായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. അവൻ തടവുകാരുടെ അടുക്കലേക്ക് ചെന്നു അനേകം ആത്മാക്കളെ മോചിപ്പിച്ചുവെന്ന് പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു. തടവറ ശുശ്രൂഷ യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്.

2017 ആഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വമകുടം ചൂടിയ വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിത ദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യപിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന

കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബ ങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന 'ദൈവത്തി ന്റെ സ്വന്തം നാട്' കുറ്റകൃത്യങ്ങളുടെ നാടായി മാറികൊണ്ടിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തി ലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യറിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽനിന്നു വ്യക്ത മാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.8 ഉം, 2017-ൽ 723.3 ഉം ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ അഞ്ച് മടങ്ങ് കൂടുതലാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 348.3 മാത്രമാണെന്ന് ഓർക്കണം. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഓരോ വർഷവും രേഖപ്പെടുത്തുന്നത്. ഒരുപക്ഷേ മറ്റു സംസ്ഥാനങ്ങ ളിൽ കുറ്റകൃത്യങ്ങൾ എത്രമാത്രം രജിസ്റ്റർ ചെയ്യുന്നുവെന്നത് ഒരു കാരണം ആയേക്കാം. എങ്കിലും നമ്മുടെ സ്ഥിതി ഏറെ പരിതാപകരം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്ക ണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യ പ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാലപ്ര വർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). പാപം പോലും മനുഷ്യന്റെ ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥ യില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവി ടന്നു നീതിമാന്മാരുടെമേലും നീതിരഹിതരുടെമേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെ ടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വ ത്താലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരി ക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

യേശു സാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേക്കാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ  മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പി ച്ചയയ്ക്കാൻ സഹായിക്കുകയും, ക്രൂരകൃത്യങ്ങൾക്ക് ഇരയായവർക്കുവേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊണ്ട് ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി പ്രവർത്തിക്കുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസകേന്ദ്രങ്ങളിൽനിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ചയച്ചിട്ടുണ്ട്.  500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാ വർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31-രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ എട്ട് സോണുകളിലെ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും

ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗി യായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിത ദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോ കുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പിഒസിയിൽ പ്രവർത്തി ക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യ ത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം പി.ഒ.സി., കൊച്ചി - 682 025

---

**NB :** 2017 ഓഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3039/K-5/KCBC/OL/DS 22.7.2017

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

**2017 ആഗസ്റ്റ് 20, ഞായർ**

***കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ***

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്കുശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ് സൺഡേ ആയി ആചരിച്ചു വരുകയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കു വയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത് സമൂഹം പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഒരു സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടുകോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതിനിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ട് അധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പാക്കിയിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരതക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്ന് മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.

ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരതസഭയുടെ മുഴുവൻ പിന്തുണയും

സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണ സംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹ്യമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യ ങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭവന നിർമ്മാണപദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കണം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസ സഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെസിബിസി എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ സമൂഹം, വിൻസന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017-2018 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യപിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരി ക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ സഹായിച്ച് ഔദാര്യപൂർവ്വം നമ്മുടെ ദലിത് സഹോദരങ്ങളോട് നമുക്കുള്ള സ്നേഹവും സഹകരണവും പ്രതിബന്ധതയും ഉറപ്പാക്കാം. നീതിഞായർ ആചരണംവഴി നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പ്രബോധനങ്ങളായ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ഈ ചെറിയവരിൽ

ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നീ വചനങ്ങൾ നമുക്ക് പ്രചോദനം ആകട്ടെ. ദലിത് ശാക്തികരണ സംരംഭങ്ങളുടെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി - 682 025

---

**NB:** 2017 ഓഗസ്റ്റ് 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




## 1. ബഹു. വൈദികരുടെ നിയമനം

1. റവ.ഫാ. ചിറപ്പുറത്ത് കുര്യൻ ഒഎഫ്എം (ക്യാപ്) - വികാരി, മേലേചൊവ്വ
2. റവ.ഫാ. ആനാത്തിൽ വർഗീസ് ഒഎസ്ബി - അസി. വികാരി, മണിക്കടവ്
3. റവ.ഫാ. ചിറയിൽ അഗസ്റ്റ്യൻ എംഎസ്ടി - അസി വികാരി, ചെറുപുഴ
4. റവ.ഫാ. പാലൂക്കുന്നേൽ തോമസ് ഒഎഫ്എം (ക്യാപ്) - വികാരി മേലേചൊവ്വ

## 2. കൃതജ്ഞത

കഴിഞ്ഞ മൂന്ന് വർഷം മേലേചൊവ്വ ഇടവകയിൽ വികാരിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം സ്ഥാനമൊഴിയുന്ന ബഹു. ജെയിംസ് (റോയി) പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ അച്ചന് തലശ്ശേരി അതിരൂപതയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

## 3. പുതിയ വിലാസവും ഫോൺനമ്പറും

ഫാ. മാർട്ടിൻ തട്ടാപറമ്പിൽ
St. Mother Theresa Seminary
Kalahanahally P.O.
Mandya - 571402, Karnataka
Ph: 9497233140

ഫാ. അഗസ്റ്റ്യൻ ചേന്നാട്ട്
St. Joseph's Pontifical Seminary
Mangalapuzha P.B. No.1
Aluva 683102
Ph: 79028900064

ഫാ. ജോസഫ് പന്തലാടി
Adyatma Vidya Peetham
Carmelaram
Bangalore - 5600035

ഫാ. ജോസഫ് (പ്രവീൺ) പൊട്ടനാനി
Jnana - Deepa Vidyapeeth
Post Box No. 3022
Nagar Road, Ramwadi
Pune - 4111014

ജൂഡീഷ്യൽ വികാർ പെരിയ ബഹു. ജോൺസൺ കോവൂർപുത്തൻ പുര അച്ചന്റെ മൊബൈൽ ഫോൺ നമ്പർ 9400741058 ആണ്. ദയവായി ഡയറക്ടറികളിൽ തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

## 4. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്

ബഹു. വൈദികരുടെ ഈ വർഷത്തെ തുടർപരിശീലന പരിപാടി സെപ്റ്റംബർ മാസം 11-12 തീയതികളിലും 13-14 തീയതികളിലുമായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന

ദിവസം രാവിലെ 10 മണിക്ക് തുടങ്ങി പിറ്റെദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നതാണ്. വൈദിക-സന്യസ്ത ജീവിതത്തിലെ വിശ്വാസ ശാക്തീകരണം എന്ന വിഷയം അതിരൂപതാ അസംബ്ലിയുടെ കരടുരേഖ ചർച്ചകളിൽനിന്നും ലഭിച്ച ആശയങ്ങളുടെ പശ്ചാത്തലത്തിൽ കൈ കാര്യം ചെയ്യുന്നതായിരിക്കും.

### 5. ദൈവാലയശുശ്രൂഷികളുടെ ധ്യാനം

ദൈവാലയശുശ്രൂഷികളുടെ ധ്യാനം ഓഗസ്റ്റ് മാസം 27-ാം തീയതി ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ 30-ാം തീയതി ഉച്ചക്ക് 1 മണി വരെ പരിയാരം മദർഹോമിൽവച്ച് നടത്തുന്നതാണ്. ബഹു. വികാരിമാർ നിർബന്ധമായും ദൈവാലയശുശ്രൂഷികളെ പറഞ്ഞയക്കുമല്ലോ. ധ്യാനകേന്ദ്രത്തിലെ ഫീസ് 500 രൂപയായിരിക്കും.

### 6. അതിരൂപതാ അസംബ്ലി - കരടുരേഖ ചർച്ചാ റിപ്പോർട്ട്

അതിരൂപതാ അസംബ്ലിയുടെ കരടുരേഖ, വാർഡ് യോഗങ്ങൾ, പാരീഷ് കൗൺസിൽ, സംഘടനകൾ എന്നിവിടങ്ങളിൽ ചർച്ച ചെയ്ത റിപ്പോർട്ട് ഇടവകതലത്തിൽ ക്രോഡീകരിച്ച് 2017 ഓഗസ്റ്റ് 31നു മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 7. പി.പി.എഫ്. അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

പി.പി.എഫ്. അംഗങ്ങളായ എല്ലാവരും ബഹു. ജോസ് കണിവേലി ലച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 8. ഓഗസ്റ്റ് 4 വിയാനി ദിനം

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമാണ് ആഗസ്റ്റ് 4. നമ്മുടെ എല്ലാ ബഹു. വൈദികരെയും അനുസ്മരിച്ച് പ്രാർത്ഥിക്കാം. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 107-ാം ജന്മദിനവുമാണന്ന്. അഭിവന്ദ്യ പിതാവിനെയും നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കാം.

### 9. തടവറ പ്രേഷിത ഞായർ ഓഗസ്റ്റ് 13ന്

ഇക്കൊല്ലം ഓഗസ്റ്റ് 13-നു ഞായറാഴ്ചയാണ് തടവറ പ്രേഷിത ഞായറാഴ്ചയായി സഭ ആചരിക്കുന്നത്. അന്ന് സർക്കുലർ വായിക്കുകയും കെ.സി.ബി.സി. നിർദ്ദേശപ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സമാഹരിക്കുകയും ചെയ്യുമല്ലോ. ലഭിക്കുന്ന തുക ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി അതിരൂപതാ ഭവനത്തിൽ എത്തിക്കണം.

### 10. നീതി ഞായർ ഓഗസ്റ്റ് 20-ന്

ക്രൈസ്തവവിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും

പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യൻ സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്ക് പിന്തുണ നല്കുന്നതിനുംവേണ്ടിയാണ് നീതി ഞായർ ആചരിക്കുന്നത്. ഇക്കൊല്ലം ഓഗസ്റ്റ് 20, നീതി ഞായറായി ആചരിക്കുകയും ദളിത് സഹോദരങ്ങൾക്ക് നീതി ലഭിക്കാനുള്ള പരിശ്രമങ്ങളെ സഹായിക്കാനായി അന്നത്തെ സ്തോത്രക്കാഴ്ച സമാഹരിച്ച് അതിരൂപതാ ഭവനത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

## 11. ഓഗസ്റ്റ് 10 ദളിത് സഹോദരങ്ങൾക്കുവേണ്ടി 'കരിദിനം'

സിബിസിഐ ദളിത് കമ്മീഷൻ ഓഗസ്ററ് 10-ാം തീയതി കരിദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തിട്ടുണ്ട്. ദളിത് ക്രൈസ്തവരെ പട്ടികജാതിയിൽനിന്നും ഒഴിവാക്കുന്ന ഭരണഘടനാ വ്യവസ്ഥ റദ്ദാക്കണമെന്നാവശ്യപ്പെട്ടാണ് കരിദിനം ആചരിക്കുന്നത്. ദളിത് ക്രൈസ്തവർക്കു ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾക്കു വിലങ്ങുതടിയായി നിൽക്കുന്ന ഭരണഘടനാ വ്യവസ്ഥയ്ക്കെതിരെ അന്നേദിവസം മീറ്റിങ്ങുകളും റാലികളും സംഘടിപ്പിക്കണമെന്ന് ദളിത് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## 12. മൈഗ്രന്റ് ഫോം

ഇടവകയ്ക്ക് പുറത്ത് പഠനത്തിനും ജോലിക്കും മറ്റ് ആവശ്യങ്ങൾക്കുമായി പോയി താമസിക്കുന്ന ആളുകൾ ഇടവകയിൽനിന്നും ഒരു ഫോം പൂരിപ്പിച്ച് ഇപ്പോൾ താമസിക്കുന്ന സ്ഥലത്ത് കത്തോലിക്കപ്പള്ളിയിൽ നൽകേണ്ടതാണ്. ഇതിനെയാണ് മൈഗ്രന്റ് ഫോം എന്ന് പറയുന്നത്. http://www.smymthalassery.com എന്ന വെബ്സൈറ്റിൽനിന്നും അത് സൗജന്യമായി ലഭ്യമാണ്. ഇടവകയ്ക്ക് പുറത്ത് താല്ക്കാലികമായി താമസിക്കാൻ പോകുന്ന എല്ലാവർക്കും ഈ ഫോം പൂരിപ്പിച്ച് കൊടുത്തയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മൈഗ്രന്റ് ഫോമുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് അതിരൂപതാ യൂത്ത് ഡയറക്ടർ ഫാ. സ്കറിയ വടശ്ശേരിയുമായി ബന്ധപ്പെടുക. നമ്മുടെ അതിരൂപത യിൽനിന്നും പുറത്ത് താമസിക്കുന്ന എല്ലാ യുവജനങ്ങൾക്കും ഈ ഫോം ലഭ്യമാക്കാൻ ബഹു. വികാരിയച്ചന്മാർ താത്പര്യമെടുക്കണം.

## 13. ആദരാഞ്ജലികൾ

**ശ്രീമതി മറിയം ജോസഫ് മേൽവെട്ടം (91) :** കാസർഗോഡ് പള്ളി വികാരി ബഹു. മാണി മേൽവെട്ടം അച്ചന്റെ വത്സലമാതാവ് ശ്രീമതി മറിയം ജോസഫ് 2017 ജൂൺ 26ന് നിര്യാതയായി. സംസ്ക്കാരം 2017 ജൂൺ 27ന് രണ്ടാംകടവ് സെന്റ് ജോസഫ്സ് ദൈവാലയ സിമിത്തേരിയിൽ നടന്നു. ബഹു. മാണി അച്ചനും കുടുംബാംഗങ്ങൾക്കും അനുശോചനം നേരുകയും പരേതയ്ക്ക് ദൈവം നിത്യസമ്മാനം നല്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ശ്രീമതി ത്രേസ്യാമ്മ വളവനാൽ (80) :** മേരിപുരം പള്ളി വികാരി ബഹു. മാത്യു വളവനാലച്ചന്റെ വത്സലമാതാവ് ശ്രീമതി ത്രേസ്യാമ്മ വളവനാൽ 2017 ജൂൺ 27ന് നിര്യാതയായി. സംസ്ക്കാരം അടുക്കളക്കണ്ടം സെന്റ് ഫ്രാൻസിസ് അസ്സീസ്സി ദൈവാലയ സിമിത്തേരിയിൽ 2017 ജൂൺ 28ന് നടന്നു. ബഹു. മാത്യു അച്ചനെയും സന്തപ്ത കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും പരേതയ്ക്ക് നിത്യാശ്വാസം ലഭിക്കട്ടെ യെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ശ്രീ. കുര്യൻ വാളിമലയിൽ (86):** നെല്ലിക്കുന്ന് പള്ളി വികാരി ബഹു. ജെയിംസ് വാളിമലയിൽ സിഎസ്ടി. അച്ചന്റെ വത്സലപിതാവ് ശ്രീ. കുര്യൻ വാളിമലയിൽ 2017 ജൂലൈ 5ന് നിര്യാതനായി. സംസ്ക്കാരം 2017 ജൂലൈ 6–ാം തീയതി വാണിയപ്പാറ ഉണ്ണിമിശിഹാ ദൈവാലയ സിമിത്തേരിയിൽ നടന്നു. സന്തപ്ത കുടുംബാംഗങ്ങൾക്ക് അനുശോചനം നേരുകയും പരേതന് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ശ്രീ. ആന്റണി വടക്കൻ (89) :** കീഴ്പ്പള്ളി സാൻമരിയ എസ്റ്റേറ്റ് മാനേജർ ബഹു. അഗസ്റ്റിൻ വടക്കനച്ചന്റെ വത്സലപിതാവ് ശ്രീ. ആന്റണി 2017 ജൂലൈ മാസം 10–ാം തീയതി നിര്യാതനായി. സംസ്ക്കാരം 2017 ജൂലൈ 11–ാം തീയതി രാജഗിരി വിശുദ്ധ ആഗസ്തീനോസ് ദൈവാലയ സിമിത്തേ രിയിൽ നടന്നു. പരേതന് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗങ്ങൾക്ക് അനുശോചനം നേരുകയും ചെയ്യുന്നു.

**ശ്രീമതി റോസമ്മ പൗലോസ് പള്ളിക്കാമഠത്തിൽ (72) :** എടപ്പുഴ പള്ളിവികാരി ബഹു. ജോർജ് പള്ളിക്കാമഠത്തിൽ സിഎംഐയുടെ വത്സലമാതാവ് ശ്രീമതി റോസമ്മ 2017 ജൂലൈ 14–ാം തീയതി നിര്യാതയായി. സംസ്ക്കാരം 2017 ജൂലൈ 15ന് എടൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയ സിമിത്തേരിയിൽ നടന്നു. പരേതക്ക് നിത്യാശ്വാസം ലഭിക്കട്ടെ യെന്ന് പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീമതി ലീലാമ്മ നടയ്ക്കലായപീടികയിൽ (65) :** ബഹു. കുര്യാക്കോസ് അറയ്ക്കലച്ചന്റെ സഹോദരി ലീലാമ്മ 2017 ജൂലൈ 5ന് നിര്യാതയായി. സംസ്ക്കാരം പാലാ രൂപതയിലെ വാലാച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ സിമിത്തേരിയിൽ 2017 ജൂലൈ 6ന് നടന്നു. സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും പരേതക്ക് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 14. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973
4. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. - 06-08-1958
5. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. - 08-08-1993
6. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ - 09-08-2011
7. റവ. ഫാ. തോമസ് മാമ്പുഴക്കൽ - 13-08-1994
8. റവ. ഫാ. വർക്കി കുന്നപ്പള്ളി - 15-08-2012
9. റവ. ഫാ. ജോൺ കച്ചിറമറ്റം - 18-08-2007
10. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം - 19-08-2007
11. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം - 22-08-2005
12. റവ. ഫാ. ജോസഫ് കോഴികോട്ട് - 25-08-2010
13. റവ. ഫാ. ആന്റണി കുര്യാളശ്ശേരി - 26-08-2001
14. റവ. ഫാ. ജോർജ് വട്ടുകളം - 28-08-1970
15. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ - 30-08-1984
16. റവ. ഫാ. പീറ്റർ കൂട്ടിയാനി - 31-08-2014

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Seban Edayadiyil | 10,000 |
| 2. | Rev. Fr. George Pazheparambil | 5,000 |

## Institutions' Contribution

| | | |
|---|---|---|
| 1. | St. Sebastian's Church, Vellad | 50,000 |
| 2. | Fathimamatha Church, Aryaparamba | 1,00,000 |
| 3. | St. Joseph's Church, Kavumthala | 15,000 |
| 4. | C.M.L., Chemperi, Forane | 10,000 |

# ഫാ. ജോസ് കണിവേലിൽ അനുസ്മരണം

അപ്രതീക്ഷിതമായിരുന്നു കണിവേലിൽ ജോസച്ചന്റെ വേർപാട്. പൊന്ന്യം വി. ജോൺപോൾ ഫോർമേഷൻ ഹൗസിൽ തന്റെ പുതിയ ദൗത്യം ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ. നല്ല ഒരു അജപാലകൻ, അധ്യാപകൻ, സെമിനാരി വിദ്യാർത്ഥികളുടെ പരിശീലകൻ എന്നീ നിലകളിൽ ഇടവക ജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ശിഷ്യന്മാരായ വൈദികരുടെയും മനസ്സിൽ മായാത്ത ഓർമ്മകൾ അവശേഷിപ്പിച്ചിട്ടാണ് അദ്ദേഹം കടന്നു പോകുന്നത്.

1955 ജൂൺ 11ന് പാലാ മുട്ടുചിറയിൽ കണിവേലിൽ ജോൺ, ഏലിക്കുട്ടി എന്നിവരുടെ നാലാമത്തെ മകനായി ജോസച്ചൻ ജനിച്ചു. ഉടുംമ്പുംചീത്ത സെന്റ് ജോസഫ്സ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ആലക്കോട് ഹൈസ്കൂളിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. തളിപ്പറമ്പ് സർ സയ്യദ് കോളേജിൽനിന്നും ഡിഗ്രി കരസ്ഥമാക്കിയശേഷമാണ് വൈദികജീവിതത്തിലേക്കുള്ള ദൈവവിളി തിരിച്ചറിഞ്ഞ് സെമിനാരിയിൽ ചേർന്നത്. 1975-ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വ ശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1981 ഡിസംബർ 24-ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും ജോസച്ചൻ തിരുപ്പട്ടം സ്വീകരിച്ചു. കുന്നോത്ത്, കോടഞ്ചേരി ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി അദ്ദേഹം സേവനം ചെയ്തു. അതിനുശേഷം കാവുന്തല ഇടവക വികാരിയായി ഒരു വർഷം സേവനം ചെയ്തു. തുടർന്നാണ് തലശ്ശേരി മൈനർ സെമിനാരിയിൽ അധ്യാപകനായി നിയമിതനാവുന്നത്. ഏഴുവർഷം സെമിനാരി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനും ആദ്യപരിശീലനം നൽകുന്നതിനും സഹായിച്ചുകൊണ്ട് അദ്ദേഹം മൈനർ സെമിനാരിയിൽ ശുശ്രൂഷ ചെയ്തു. ഇക്കാലത്തുതന്നെ അദ്ദേഹം മലയാളത്തിലും ഇംഗ്ലീഷിലും ബിരുദാനന്തരബിരുദവും സമ്പാദിച്ചു.

ഓടന്തോട് പള്ളിവികാരിയായി നാല് വർഷം സേവനം ചെയ്തശേഷം 1995-ൽ നിർമ്മലഗിരി കോളേജിൽ മലയാളം അധ്യാപകനായി ചേർന്നു. കുട്ടികളുടെ പ്രിയപ്പെട്ട അധ്യാപകനായി പതിനാറ് വർഷം അദ്ദേഹം കോളേജിൽ സേവനം ചെയ്തു. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരും വിവിധ പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരുമായ കുട്ടികൾക്ക് അദ്ദേഹം സാന്ത്വനമേകിയിരുന്നുവെന്ന് അനേകംപേർ നന്ദിയോടെ

അനുസ്മരിക്കുന്നുണ്ട്. സ്വതസിദ്ധമായ തമാശകൾകൊണ്ടും സൗഹാർദ്ദപൂർണ്ണമായ പെരുമാറ്റംകൊണ്ടും അദ്ദേഹം എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചിരുന്നു.

കോളേജിൽനിന്നും വിരമിച്ചശേഷം ചായോത്ത്, നെല്ലിയടുക്കം ഇടവകകളുടെ വികാരിയായി അദ്ദേഹം നിയമിതനായി. നെല്ലിയടുക്കത്തെ സൺഡേസ്കൂൾ കെട്ടിടത്തിന്റെ പണി അദ്ദേഹം പൂർത്തിയാക്കി. ഇക്കാലത്താണ് അദ്ദേഹം രോഗബാധിതനാകുന്നത്. കുറച്ചുനാളത്തെ വിശ്രമത്തിനുശേഷം അദ്ദേഹം ചെമ്പേരി വിമൽജ്യോതി എം.ബി.എ. കോളേജിൽ അധ്യാപകനായും പൂപ്പറമ്പ് ഇടവക വികാരിയായും ചുമതലയേറ്റെടുത്തു. പൂപ്പറമ്പ് ഇടവകയുടെ ആദ്യവികാരിയെന്ന നിലയിൽ ആ ഇടവകയ്ക്ക് രൂപഭാവങ്ങൾ നല്കാൻ അദ്ദേഹം നൽകിയ സംഭാവനകൾ ജനങ്ങളുടെ ഹൃദയങ്ങളിൽ ഒളിമങ്ങാതെ നില്പുണ്ട്. നാലുവർഷം അവിടെ സേവനം ചെയ്തശേഷം ഇക്കഴിഞ്ഞ മെയ്മാസത്തിൽ അദ്ദേഹത്തെ പൊന്ന്യത്തുള്ള വി. ജോൺപോൾ രണ്ടാമൻ ഫോർമേഷൻ സെന്ററിൽ, കോളേജിൽ പഠിക്കുന്ന കുട്ടികളുടെ ആദ്ധ്യാത്മിക പിതാവായി അഭിവന്ദ്യ പിതാവ് നിയമിച്ചു. ജൂൺ ആദ്യവാരത്തിൽ പുതിയ സ്ഥലത്ത് എത്തിയ അദ്ദേഹം ഒരു മാസം പൂർത്തിയാക്കും മുമ്പാണ് അപ്രതീക്ഷിതമായി ജൂലൈ 1-ാം തീയതി ഉച്ചയ്ക്ക് ഒരു മണിയോടുകൂടി അന്ത്യയാത്രയാകുന്നത്.

ഉച്ചഭക്ഷണത്തിനുമുമ്പ് മുഖംകഴുകാൻപോയ അദ്ദേഹം പെട്ടെന്ന് ബോധരഹിതനായി വീഴുകയും മരണം സംഭവിക്കുകയുമായിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗവാർത്ത കേട്ട് അനേകം വൈദികരും സന്യസ്തരും നാനാജാതി മതസ്ഥരായ അനേകമാളുകളും മൃതശരീരം പൊതുദർശനത്തിനുവച്ച തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേർന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനക്കുശേഷം മൃതശരീരം മാതൃഇടവകയായ വായാട്ടുപറമ്പിലേക്ക് കൊണ്ടുപോയി. പോകുംവഴി അല്പസമയം പൂപ്പറമ്പ് ഇടവകപ്പള്ളിയിൽ പൊതുദർശനത്തിനു വച്ചപ്പോൾ അത് വികാരഭരിതമായ രംഗങ്ങൾക്ക് വേദിയായി. തങ്ങളുടെ പ്രിയപ്പെട്ട വികാരിയച്ചനെ കാണാൻ ഇടവകജനം മുഴുവൻ ദൈവാലയത്തിൽ എത്തിയിരുന്നു.

2017 ജൂലൈ 3-ാം തീയതി 12 മണിയോടെ സ്വഭവനത്തിൽനിന്നും ജോസച്ചന്റെ ഭൗതികശരീരം വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ദൈവാലയത്തിലേക്ക് കൊണ്ടുവന്നു. വീട്ടിലും പള്ളിയിലും അച്ചന് അന്തിമോപചാരമർപ്പിക്കാൻ ആയിരക്കണക്കിനാളുകൾ എത്തിയിരുന്നു. മൃതസംസ്ക്കാര ശുശ്രൂഷയുടെ ആദ്യഭാഗം വീട്ടിൽവച്ച് പ്രോട്ടോ സിൻചെല്ലൂസ് മോൺ. അലക്സ് താരാമംഗലത്തിന്റെ നേതൃത്വത്തിൽ നടത്തി. രണ്ടാം ഭാഗത്തിന്

ദൈവാലയത്തിൽവച്ച് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കാർമ്മികത്വം വഹിച്ചു. തുടർന്നു ബൽത്തംഗടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. കുർബാനയിൽ ഇരുന്നൂറോളം വൈദികർ സഹകാർമ്മികരായിരുന്നു. അന്തിമ സംസ്ക്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കാർമ്മികത്വം വഹിച്ചു. സിമിത്തേരിയിലേക്കുള്ള വിലാപയാത്രയിൽ പെയ്തുകൊണ്ടിരുന്ന കനത്തമഴ മാറിനിന്നു. ദീപ്തമായ ഓർമ്മകൾ അവശേഷിപ്പിച്ചുകൊണ്ട് എല്ലാവരുടെയും പ്രിയങ്കരനായ ജോയി അച്ചൻ വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ദൈവാലയ സിമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. ജോസച്ചന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിച്ചുകൊണ്ടും അച്ചനിലൂടെ തലശ്ശേരി അതിരൂപതയ്ക്കും സമൂഹത്തിനും ലഭിച്ച എല്ലാ സേവനങ്ങളെയും നന്ദിയോടെ അനുസ്മരിച്ചുകൊണ്ടും അദ്ദേഹത്തിന് സർവ്വശക്തനായ ദൈവം നിത്യസൗഭാഗ്യം നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ചാൻസലർ

## ജീവകാരുണ്യഫണ്ട്

1. ജീവകാരുണ്യഫണ്ടിലേക്ക് അപേക്ഷ തരുന്നവർ അപേക്ഷകന്റെ ബാങ്കിലെ പേര്, അക്കൗണ്ട് നമ്പർ എന്നിവ തരേണ്ടതാണ്.
2. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം.
3. വൗച്ചർ ഒപ്പിട്ട് തിരിച്ചയയ്ക്കണം.
4. അപേക്ഷ അതിരൂപതയുടെ ജീവകാരുണ്യഫണ്ട് ഫോമിൽ തന്നെ എഴുതണം. അല്ലാത്തവ പരിഗണിക്കില്ല. അതിരൂപതാ ഫയലിൽ സൂക്ഷിക്കേണ്ടതുള്ളതുകൊണ്ടാണ്. ആവശ്യത്തിന് ഫോമുകൾ പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽനിന്നും വാങ്ങി ഇടവകയിൽ സൂക്ഷിക്കണം.

# Priests' Refresher Course 2017
# I Batch (September 11-12)

**Rev. Fathers**

1. Alappattu George
2. Anacharil Joseph
3. Anakuthiyil Mathew
4. Ananickal Jose
5. Anickathottathil Jacob
6. Anthyamkulam Johnson
7. Arackal Kuriakose
8. Asarikunnel George
9. Asariparambil Mathew
10. Chakeyarath Mathew
11. Chakkittamuriyil Thomas
12. Chanakkattil Antony
13. Chellamkott James
14. Chellamkott Mathew
15. Chennatt Philip
16. Cheruvil Thomas
17. Edathinakath Paul
18. Edayadiyil Sebastian
19. Elampurayidom Joseph
20. Elavumkunnel George (Sr)
21. Eruppakkatt Philip
22. Ezhuparayil Sebastian
23. Kakkaramattathil Joseph
24. Kalappura George
25. Kalarimuriyil George
26. Kallumkal Mathew
27. Kandathil Paul
28. Kanjirakkatu George
29. Karakkattu Kuriakose
30. Karakkattu Philip
31. Karickal Mathew
32. Karimpoozhickal Joseph
33. Karingalikkattil George
34. Karott George
35. Kaviyil Philip
36. Keechankeriyil Joseph
37. Keezharathil Thomas
38. Kidarathil Thomas
39. Kizhakarakkatt Joseph
40. Kizhakethalackal Martin
41. Kizhuthara George
42. Kochukarott Thomas

43 Kochuveettil Peter

44. Kodimattathil George
45. Kolakunnel Kuriakose
46. Kollakombil George
47. Koonanickal Thomas
48. Koonankiyil Emmanuel
49. Kottarathil Joseph
50. Kovattu George
51. Kovoorputhenpurayil John
52. Kudiparambil Chacko
53. Kulathara Joseph
54. Kumbuckal Joseph
55. Kurisummoottil Joseph
56. Kuzhianimattam Joseph
57. Manavath Thomas
58. Manjalamkunnel Joseph
59. Mannaprambil Varghese
60. Mappilaparambil Thomas (Jr.)
61. Mattathil Francis
62. Mattathil Isaac
63. Mechirakath Francis
64. Mookkilikkattu Sebastian
65. Mukalel Mani CMF
66. Mullakkara John
67. Mullappallil Mathew

68. Mundamattam Thomas
69. Muthukunnel Antony
70. Naduvilekuttu Thomas
71. Narikuzhi Mathew
72. Neendoor Thomas
73. Nellithanathil Dennis
74. Nelluvelil John OPraem
75. Nirappel Alex
76. Nirappel Scaria
77. Noorammackal John
78. Njamatholil Abraham
79. Orathel Kuriakose
80. Ottaplackal Abraham
81. Padinjaremuri Pious
82 Palakuzhi Sebastian
83. Pallineerackal Jacob
84. Pandaraparambil Joseph
85. Parappalliath Martin
86. Parathepathickal Antony
87. Paravarakath Mathew
88. Pathickal Thomas
89. Pazheparambil George
90. Poovatholil Joseph
91. Poovathanikunnel Scaria
92. Pothanamala Mathew
93. Pottanani Joseph
94. Poweth Joseph
95. Pullolickal Thomas
96. Punchatharappel George
97. Purathemuthukattil Don Bosco
98. Puthenpurackal Xavier (Sr)
99. Puthukulangara Kuriakose
100. Puthumana George
101. Puthuppallil Sebastian
102. Rathappillil Joseph
103. Sasthampadavil Mathew
104. Thadathil Sebastian CRM
105. Tharamangalam Alex
106. Thayyil Thomas
107. Thazhappallil Sebastian
108. Thekemuiryil Mathew
109. Thekekulam Mathew
110. Thengumpallil Thomas
111. Thuruthippallil Joseph
112. Thykunnumpuram Joseph
113. Thythottam Thomas
114. Vadakemulanjanal Thomas
115. Vadakemuriyil Abraham CMI
116. Vadakemuriyil Thomas
117. Vadakkan Augustine
118. Vadaserry Scaria
119. Valavanal Mathew
120. Valiaparambil Mathew
121. Valiplackal Thomas
122. Valloppilly Paul
123. Vanderkunnel George
124. Vanderkunnel Joseph
125. Varambakath Lazar
126. Varambakath Scaria
127 Varanath Joseph
128. Varickanickal Martin
129. Vayalumkal Joseph
130. Vazhakatt John
131. Vazhakattu Sebastian
132. Vengakunnel Mathew
133. Vengaparambil Johnson
134 Vennayappilly Jacob
135. Vettiyanickal Antony
136. Vettiyanickal Varghese
137. Veettiyankal Joseph
138. Vettuvayalil Mathew

## II Batch (September 13-14)

**Rev. Fathers :**

1. Achandy George
2. Adatt Mathew HGN
3. Alamkott Mathew
4. Alosius Polackal OFM (CONV)
5. Amakkattu Thomas
6. Ambattu Sebastian
7. Anakkallil Antony
8. Anakkallil James
9. Anithanam Joseph
10. Areekunnel George
11. Attangattil Thomas
12. Attel Mani
13. Chakkananickal Scaria
14. Chakkanikunnel Thomas
15. Chalil Mathew
16. Chathampadathil Sebastian SDB
17. Chathanattu Joseph
18. Chathanattu Joseph CST
19. Chelamaram George
20. Chempananickal John
21. Chennappally George
22. Chennoth Sebastian
23. Cheriampurath Varghese
24. Cheripuram Sebastian
25. Chirayil George
26. Chittettu Antony
27. Chittilappally Thomas
28. Edamulayil Mathew
29. Elamthuruthipadavil Mathew
30. Elavumkunnel George (Jr)
31. Elukunnel George
32. Enacheril Joseph
33. Ittiyeppara Sebatian
34. Kalarickal Joseph
35. Kalarickal Kuriakose
36. Kanakkattu Joseph
37. Kanjirathinkal Joseph
38. Kannamkulathel Joseph
39. Karickathadathil George
40. Karinattu Joseph
41. Karingalikkattil Thomas
42. Karottu Jacob
43. Karukamalil Joseph
44. Kattakkayam Thomas
45. Kavanadiyil Joseph
46. Kayammackal Mathew
47. Kochappilly Roy CM
48. Kochupurackal Abraham
49. Kodakanady George
50. Koluthappally Joseph
51. Konickal Mathew
52. Korattiparambil Joseph
53. Kottukappally Thomas
54. Koyipuram Joseph
55. Kureekkattil Jose
56. Kuttikkattukunnel Jacob
57. Madassery Lukose
58. Madathimyalil Abraham
59. Malakkaran Joseph
60. Mampallikunel Joseph
61. Manchappally Joseph
62. Manickathazhe Jose
63. Manimalatharappil Mathew
64. Manjalamkunnel Antony
65. Mannoor Jose
66. Mattappallil Lukose
67. Melvettath Thomas
68. Melvettom Mani
69. Menacherry Louis

70. Moonjelil Paul
71. Moonnanappally James
72. Mulangattil Ignatius
73. Mullamangalam Sebastian
74. Mundackal Jose
75. Mundaplackal Kuriakose
76. Muttathupara Sebastian
77. Nedungattu Jacob
78. Nelluvelil George
79. Nirappel Joseph
80. Nooranmackal Joseph
81. Olickal Mathew
82. Onamkulam John
83. Ottaplackal Joseph
84. Padinjareanisseril George
85. Paimpillil Thomas
86. Palamattam Mathew
87. Pallickamadathil George CMI
88. Pallikunnel Antony
89. Pampackal Thomas
90. Pamplani Joseph
91. Pandiammackal Augustine
92. Paravettiel Antony CRM
93. Pathiyottil Joseph
94. Pattamkulam Thomas
95. Podimattam Sebastian
96. Ponatt Abraham
97. Ponnambel John
98. Poothottal Joseph CSJBP
99. Poovannikunnel Joseph
100. Poovathanickal John Paul
101. Poovathinkal Emmanuel
102. Pottemplackal Mathew
103. Pravarthummalayil Mathew
104. Pulickakunnel Jacob
105. Pulickal George
106. Pulickal Sebastian
107. Pulimalayil Paul MST
108. Pulinthanam Sebastian
109. Punnure Antony
110. Puthennadayil James
111. Puthenpura James OFM (Cap)
112. Puthenpurackal Xavier (Jr)
113. Puthiakunnel Joseph
114. Puthuppallimyalil Mathew MST
115. Puthussery Abraham
116. Puthussery Joseph
117. Rathappallil Francis
118. Rathappallil Joseph CMI
119. Thadathimackal Varkey
120. Thayyil Joseph
121. Thekemuriyil Antony
122. Thekkel Andrews
123. Thekumcheril George
124. Thelakkattu Xavier
125. Thenammackal Joseph
126. Theruvamkunnel Thomas
127 Thonippara Abraham
128. Thotteethara Antony VC
129. Thottiyil Jomy PSDP
130. Thundathil Joseph
131. Thykunnunmpuram George
132. Vadakeparambil Joseph
133. Valimalayil Joseph CST
134. Vallimala George
135. Varghese Kallumkal OSST
136. Vellaringattu George
137. Vemmenikkattayil Sebastian
138. Vettickal Jose

# അതിരൂപതാ അസംബ്ലിയ്ക്ക് ഒരുക്കമായുള്ള അഖണ്ഡാരാധന സമയക്രമം

| ദിവസം | 6 am-12 pm 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|
| ആഗസ്റ്റ് 18 | ആടാംപാറ അടോട്ടുകയ മൈനർ സെമിനാരി (തലശ്ശേരി) | എസ് എച്ച്, വിളക്കന്നൂർ<br>എസ്എബിഎസ്, ഉളിയാത്തടുക്ക<br>എഫ്സിസി, വിമലശ്ശേരി |
| ,, 19 | ആലക്കോട് അൽഫോൻസാഗിരി | എസ്എച്ച്, വെള്ളാട്<br>എസ്എബിഎസ്, തലശ്ശേരി വിമലഗിരി<br>എഫ്സിസി, വെള്ളരിക്കുണ്ട് |
| ,, 20 | അമ്മംകുളം ആനപ്പന്തി | എസ്എച്ച്, വായാട്ടുപറമ്പ<br>ജോസ്ഗിരി ഹോസ്പിറ്റൽ തലശ്ശേരി<br>എഫ്സിസി, ഉദയപുരം |
| ,, 21 | ആനറ അങ്ങാടിക്കടവ് | എസ്എച്ച്, ഉദയഗിരി<br>എസ്എബിഎസ്, ചേറ്റംകുന്ന്<br>എഫ്സിസി, തലശ്ശേരി |
| ,, 22 | അറബി അരവൻചാൽ | എസ്എച്ച്, തൊണ്ടിയിൽ<br>എസ്എബിഎസ്, തോമ്മാപുരം<br>എഫ്സിസി, പുഷ്പഗിരി |
| ,, 23 | അരീക്കമല അരിവിളഞ്ഞപൊയിൽ | എസ്എച്ച്, തൊക്കിലങ്ങാടി<br>എസ്എബിഎസ്, താബോർ<br>എഫ്സിസി, പരിയാരം |
| ,, 24 | ആര്യപ്പറമ്പ അതിരുമാവ് | എസ്എച്ച്, തലശ്ശേരി<br>എസ്എബിഎസ്, പരോട്ടിപ്പോയിൽ<br>എഫ്സിസി, എമ്പേറ്റ് |
| ,, 25 | അട്ടാക്കണ്ടം അട്ടേങ്ങാനം | എസ്എച്ച്, പുലിക്കുരുമ്പ<br>എസ്എബിഎസ്, പാണത്തൂർ<br>എഫ്സിസി, പാടിയോട്ടുചാൽ |
| ,, 26 | ആയന്നൂർ ബദിയടുക്ക | എസ് എച്ച്, പെരുമ്പടവ്<br>എസ്എബിഎസ്, പനത്തടി<br>എഫ്സിസി, നിർമ്മലഗിരി |
| ,, 27 | ബളാൽ ബാലേശുഗിരി | എസ്എച്ച്, പരിയാരം<br>എസ്എബിഎസ്, പാലാപ്പറമ്പ<br>എഫ്സിസി, നാട്ടക്കൽ |
| ,, 28 | ബെഡൂർ ഭീമനടി | എസ്എച്ച്, പൈസക്കരി<br>എസ്എബിഎസ്, പാലാവയൽ<br>എഫ്സിസി, നടുവിൽ |

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| ആഗസ്റ്റ് 29 | ബിരിക്കുളം | ചന്ദനക്കാംപാറ | എസ്എച്ച്, നിർമ്മലഗിരി<br>എസ്എബിഎസ്, നെല്ലിപ്പാറ<br>എഫ്സിസി, മേലേചൊവ്വ |
| ,, 30 | ചരൾ | ചട്ടമല | എസ്എച്ച്, നീലേശ്വരം<br>എസ്എബിഎസ്, മണിക്കടവ്<br>എഫ്സിസി, കുന്നോത്ത് |
| ,, 31 | ചാവറഗിരി | ചായോത്ത് | എസ്എച്ച്, മാങ്ങോട്<br>എസ്എബിഎസ്, മണക്കടവ്<br>എഫ്സിസി, കുടിയാൻമല |
| സെപ്. 1 | ചെടിക്കുളം | ചീക്കാട് | എസ്എച്ച്, കൂടാളി<br>എസ്എബിഎസ്, മാലോം<br>എഫ്സിസി, കോളയാട് |
| ,, 2 | ചീമേനി | ചെമ്പൻതൊട്ടി | എസ്എച്ച്, കൊന്നക്കാട്<br>എസ്എബിഎസ്, കോഴിച്ചാൽ<br>എഫ്സിസി, കരിക്കോട്ടക്കരി |
| ,, 3 | ചെമ്പേരി | ചെങ്ങോം | എസ്എച്ച്, കൊളക്കാട്<br>എസ്എബിഎസ്, കിളിയന്തറ<br>എഫ്സിസി, കരിമ്പം |
| ,, 4 | ചേപ്പറമ്പ | ചെറുപാറ | എസ്എച്ച്, കരുവൻചാൽ<br>എസ്എബിഎസ്, കാസർഗോഡ്<br>എഫ്സിസി, കാഞ്ഞിരടുക്കം |
| ,, 5 | ചെറുപുഴ | ചെട്ടിയാംപറമ്പ | എസ്എച്ച്, കണ്ണൂർ<br>എസ്എബിഎസ്, കണിച്ചാർ<br>എഫ്സിസി, കമ്പല്ലൂർ |
| ,, 6 | ചൂരപ്പടവ് | ക്രൈസ്റ്റ്നഗർ (എടക്കോം) | എസ്എച്ച്, കാടൻമല<br>എസ്എബിഎസ്, എടാട്ട്<br>എഫ്സിസി, കാലിച്ചാനടുക്കം |
| ,, 7 | ചുള്ളി | ചുണ്ടപ്പറമ്പ | എസ്എച്ച്, ജോസ്ഗിരി<br>എസ്എബിഎസ്, അരവഞ്ചാൽ<br>എഫ്സിസി, എടക്കോം |
| ,, 8 | ദീപഗിരി | എടക്കാനം | എസ്എച്ച്, എടത്തൊട്ടി<br>എസ്എബിഎസ്, അങ്ങാടിക്കടവ്<br>എഫ്സിസി, ചെമ്പേരി |

| ദിവസം | 6 am-12 pm | 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|---|
| സെപ്. 9 | എടപ്പുഴ | എടത്തൊട്ടി | എസ്എച്ച്, ചായോത്ത്<br>എസ്എബിഎസ്, ആനപ്പന്തി<br>എഫ്സിസി, ചെമ്പൻതൊട്ടി |
| ,, 10 | എടൂർ | എണ്ണപ്പാറ | എസ്എച്ച്, ബളാൽ<br>സിഎംസി, വെളിമാനം<br>എഫ്സിസി, ഭീമനടി |
| ,, 11 | ഏറ്റുപാറ | ഇരിട്ടി | എസ്എച്ച്, അറബി<br>സിഎംസി, വട്ട്യറ<br>എഫ്സിസി, അൽഫോൻസാഗിരി |
| ,, 12 | ജയഗിരി | ജോസ്ഗിരി | എസ്എച്ച്, ആലക്കോട്<br>സിഎംസി, ഉളിക്കൽ<br>എംഎസ്എംഐ, തേർമല |
| ,, 13 | ജോസ്മൗണ്ട് | കച്ചേരിക്കടവ് | എൻഎസ്, അരീക്കമല<br>സിഎംസി, തലശ്ശേരി<br>എംഎസ്എംഐ, അടോട്ടുകയ |
| ,, 14 | കടുമേനി | കാലാങ്കി | എൻഎസ്, ചുണ്ടപ്പറമ്പ<br>സിഎംസി, അങ്ങാടിക്കടവ്<br>എംഎസ്എംഐ, ആര്യപ്പറമ്പ |
| ,, 15 | കാലിച്ചാമരം | കാലിച്ചാനടുക്കം | എൻഎസ്, ദീപഗിരി<br>സിഎംസി, ചെറുപാറ<br>എംഎസ്എംഐ, ചന്ദനക്കാംപാറ |
| ,, 16 | കള്ളാർ | കല്ലുമുതിരക്കുന്ന് | എൻഎസ്, കണ്ണൂർ<br>സിഎംസി, ചെട്ടിയാംപറമ്പ<br>എംഎസ്എംഐ, ചരൾ |
| ,, 17 | കല്ലുവയല് | കമ്പല്ലൂർ | എൻഎസ്, കുന്നോത്ത് ജനറലേറ്റ്<br>സിഎംസി, എടൂർ<br>എംഎസ്എംഐ, ചുള്ളി |
| ,, 18 | കനകക്കുന്ന് | കനകപ്പള്ളി | എൻഎസ്, കുന്നോത്ത് നൊവിഷ്യറ്റ്<br>സിഎംസി, ഇരിട്ടി<br>എംഎസ്എംഐ, എടപ്പുഴ |
| ,, 19 | കണിച്ചാർ | കാഞ്ഞങ്ങാട് | എൻഎസ്, മാനടുക്കം<br>സിഎംസി, കച്ചേരിക്കടവ്<br>എംഎസ്എംഐ, എണ്ണപ്പാറ |

| ദിവസം | 6 am-12 pm 12 pm-6 pm | 6 pm മുതൽ സന്യാസഭവനങ്ങൾ |
|---|---|---|
| സെപ്. 20 | കാഞ്ഞിരടുക്കം കാഞ്ഞിരക്കൊല്ലി | എൻഎസ്, മണിക്കടവ്<br>സിഎംസി, കീഴ്പ്പള്ളി<br>എംഎസ്എംഐ, ഏറ്റുപാറ |
| ,, 21 | കണ്ണിവയല്‍ കണ്ണൂർ | എൻഎസ്, മണിപ്പാറ<br>സിഎംസി, കുന്നുംകൈ<br>എംഎസ്എംഐ, കാഞ്ഞിരക്കൊല്ലി |
| ,, 22 | കരയത്തുംചാൽ കാര്യപ്പള്ളി | എൻഎസ്, ഓടന്തോട്<br>സിഎംസി, മാട്ടറ<br>എംഎസ്എംഐ, കണ്ണിവയൽ |
| ,, 23 | കരിക്കോട്ടക്കരി കാർത്തികപുരം | എൻഎസ്, പാലത്തിൻകടവ്<br>സിഎംസി, നെല്ലിക്കാംപോയിൽ<br>എംഎസ്എംഐ, കണ്ണൂർ |
| ,, 24 | കരുണാപുരം കരുവൻചാൽ | എൻഎസ്, പരപ്പ<br>സിഎംസി, നിർമ്മലഗിരി<br>എംഎസ്എംഐ, കോലുവള്ളി |
| ,, 25 | കാസർഗോഡ് കാവുന്തല | എൻഎസ്, പുറവയൽ<br>സിഎംസി, പടന്നക്കാട്<br>എംഎസ്എംഐ, കോട്ടൂർ |
| ,, 26 | കീഴ്പ്പള്ളി കിളിയന്തറ | എൻഎസ്, രത്നഗിരി<br>സിഎംസി, പടുപ്പ്<br>എംഎസ്എംഐ, മേരിഗിരി |
| ,, 27 | കോടോപ്പള്ളി കൊളക്കാട് | എൻഎസ്, തടിക്കടവ്<br>സിഎംസി, പേരട്ട<br>എംഎസ്എംഐ, മേരിപുരം |
| ,, 28 | കോളയാട് കോലുവള്ളി | എൻഎസ്, ഉരുപ്പുംകുറ്റി<br>സിഎംസി, പുളിംപറമ്പ<br>എംഎസ്എംഐ, നെല്ലിക്കുറ്റി |
| ,, 29 | കൊന്നക്കാട് കൊട്ടോടി | എൻഎസ്, വെണ്ണക്കല്ല്<br>സിഎംസി, തളിപ്പറമ്പ<br>എംഎസ്എംഐ, നിർമ്മലഗിരി |
| ,, 30 | കോട്ടൂർ കോഴിച്ചാൽ | എൻഎസ്, വിമലഗിരി<br>എസ്കെഡി, ആശാൻകവല<br>എംഎസ്എംഐ, പടുപ്പ് |

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റേയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനത്തിന്റേയും മംഗളങ്ങൾ സ്നേഹ പൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി മാതാ വിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

## 1. സർവ്വേ ഫോം - 2017-18

സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത് അതിനാൽ 2017-2018 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഉടനെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 2. ഓണപരീക്ഷ - സെപ്റ്റംബർ 10

ഓണപരീക്ഷ സെപ്റ്റംബർ 10-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 10-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് നേരത്തേ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-3 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 - 5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 3. ജനറൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

## 4. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് 8 പേജുകളും വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ, സാംസ്ക്കാരികരംഗത്തെ സംഭാവനകൾ, ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ എന്ന മൂന്ന് അധ്യായങ്ങൾ ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

## 5. ആസ്പെക്ട്

2017-2018 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് **'ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും'** എന്ന ഭാരതസഭാചരിത്ര ഗ്രന്ഥമാണ്. കഴിഞ്ഞ വർഷം പഠിച്ച പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് ഈ വർഷം പഠിക്കാനുള്ളത്. കഴിഞ്ഞ വർഷം പുസ്തകം വാങ്ങിക്കാത്തവർ ഈ വർഷം വാങ്ങേണ്ടതാണ്.

## 6. ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. ഫൊറോനാകമ്മിറ്റികൂടി ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾക്ക് ഫൊറോനാ ഡയറക്ടർ അച്ചൻ നേതൃത്വം കൊടുക്കുമല്ലോ.

## 7. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും ഈ അധ്യയനവർഷം അധ്യാപകർക്കായി രണ്ട് ഏകദിന സെമിനാറുകളാണ് നടത്തേണ്ടത്. ആദ്യത്തെ സെമിനാർ ഓണ

പരീക്ഷയ്ക്ക് മുമ്പ് ക്രമീകരിക്കേണ്ടതാണ്. സെമിനാറിന്റെ വിഷയം എല്ലാ ഫൊറോനകളിലും ഒരുപോലെയായതിനാൽ ക്ലാസ് നയിക്കുന്നവരെ സെന്ററിൽനിന്നും നല്കുന്നതായിരിക്കും. ബഹു. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

**ഓഗസ്റ്റ് മാസത്തെ സെമിനാറുകൾ**

1. ഓഗസ്റ്റ് - 12ന് ചെമ്പേരി ഫൊറോന 9.30 - 3.30 pm
2. ഓഗസ്റ്റ് - 13ന് തളിപ്പറമ്പ് ഫൊറോന 2.00 - 5.30 pm
3. ഓഗസ്റ്റ് - 28ന് വായാട്ടുപറമ്പ ഫൊറോന 9.30 - 3.30 pm
4. സെപ്റ്റംബർ - 9ന് നെല്ലിക്കാംപൊയിൽ ഫൊറോന 9.30 - 3.30 pm

## 8. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2017-2018 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ് ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അവരുടെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ജോസ് ചേപ്പുംപാറ |
| ചെമ്പന്തൊട്ടി | ജോയി കുരിശുകുന്നേൽ |
| ചെമ്പേരി | അവറാച്ചൻ കിഴക്കേതലക്കൽ |
| ചെറുപുഴ | സജി തുരുത്തേൽ |
| എടൂർ | വിപിൻ തെക്കേൽ |
| കാഞ്ഞങ്ങാട് | ജേക്കബ് ഞാവള്ളി തെക്കേൽ |
| കുന്നോത്ത് | ആന്റണി മേച്ചേരികുന്നേൽ |
| മേരിഗിരി | സെബാസ്റ്റ്യൻ മണലിൽ |
| നെല്ലിക്കാംപൊയിൽ | ദേവസ്യ മുണ്ടപ്പള്ളിൽ |
| പൈസക്കരി | മാത്യു കാരിക്കാട്ടുകുഴി |
| പനത്തടി | പയസ് പറയിടം |
| പേരാവൂർ | ജോസഫ് മാടപ്പള്ളികുന്നേൽ |

| | |
|---|---|
| തളിപ്പറമ്പ് | തോമസ് കുരിശുമൂട്ടിൽ |
| തോമാപുരം | ഷിജിത്ത് കുഴിവേലിൽ |
| വായാട്ടുപറമ്പ് | ബാബു ചിറ്റാട്ടിൽ |
| വെള്ളരിക്കുണ്ട് | ജോർജ് കൊല്ലക്കൊമ്പിൽ |

### 9. മതബോധന കൗൺസിൽ /പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

### 10. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Survey form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്.

### 11. ഡയറക്ടറച്ചന്റെ സന്ദർശനം

ഉളിക്കൽ, ചെടിക്കുളം എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ് - 2017

ലോഗോസ് ക്വിസ് 2017 ന്റെ രജിസ്ട്രേഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും ഇടവക രജിസ്ട്രേഷൻ ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ എത്രയും വേഗം രജിസ്ട്രേഷൻ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. ജൂലൈ 31 നാണ് രജിസ്ട്രേഷൻ അവസാനിക്കുന്നത്. ഏതെങ്കിലും കാരണത്താൽ താമസിച്ച് പോയെങ്കിൽ ഓഗസ്റ്റ് 6 നു മുൻപ് നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

Online രജിസ്ട്രേഷന് www. logos Quiz.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് താഴെപ്പറയുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സെന്ററിന്റെ Username/Password ഉപയോഗിച്ച് (ഇവ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്) Log in ചെയ്യുക. 25 പേരുള്ള ഗ്രൂപ്പുകളായി പ്രായവിഭാഗമനുസരിച്ച് രജിസ്റ്റർ ചെയ്യാം. റജി. നമ്പർ, പേര്, വീട്ടുപേര്, ജനനതീയതി, ലിംഗം, ഭാഷ, ജോലി എന്നിവ പൂരിപ്പിച്ചശേഷം Add Group Team ബട്ടൺ ക്ലിക്കു ചെയ്യുക. തിരുത്തലുകൾ വേണ്ടതുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്കു ചെയ്യണം. കൃത്യമായ ഗ്രൂപ്പിൽ തന്നെയാണ് ഓരോ രജിസ്ട്രേഷനും നടത്തിയിരിക്കുന്നത് എന്നു ഉറപ്പുവരുത്തുക. സംശയങ്ങളുടെ ദൂരീകരണത്തിന് 0484 - 2405678, 944611044 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| ഈ വർഷത്തെ പഠനഭാഗങ്ങൾ | |
|---|---|
| **സംഖ്യ** | **22 - 36** |
| **സുഭാഷിതങ്ങൾ** | **21 - 31** |
| **മത്തായിയുടെ സുവിശേഷം** | **1 - 9** |
| **വെളിപാട്** | **4 - 9** |

പരീക്ഷാ സമയം രൂപതാതലത്തിൽ 2017 സെപ്റ്റംബർ 24 -ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്. വിശദവിവരങ്ങൾ ജൂലൈ മാസത്തിലെ അതിരൂപതാ ബുള്ളറ്റിനിൽ നല്കിയിട്ടുണ്ട്.

## 2. ല്യൂമെൻ എക്ലേസിയ പരീക്ഷ

2017-18 അധ്യയന വർഷത്തിലെ പ്രഥമസെമസ്റ്ററിലെ രണ്ടാമത്തെ പരീക്ഷ (വി. മത്തായിയുടെ സുവിശേഷം) ഓഗസ്റ്റ് 13 ന് ഞായറാഴ്ച എല്ലാ കോൺടാക്റ്റ് സെന്ററുകളിലും വച്ച് നടത്തപ്പെടുന്നതാണ്.

### 3. ല്യൂമെൻ എക്ലേസിയ ദൈവശാസ്ത്രപഠന കോഴ്സ് ഫീസ്

മതാദ്ധ്യാപകർക്കുവേണ്ടിയുള്ള ദൈവശാസ്ത്ര പഠനത്തിന്റെ ഫീസ് BTh വിദ്യാർത്ഥികൾക്ക് 2500 രൂപയും MTh വിദ്യാർത്ഥികൾക്ക് 3000 രൂപയുമായി ഇളവ് നല്കുന്നു. യഥാർത്ഥ കോഴ്സ് ഫീസ് 4000 രൂപയാണ്. ഇടവകയിൽനിന്ന് ഒരു ഭാഗം വഹിക്കുന്നതാണ്. ല്യൂമെൻ എക്ലേസിയായുടെ പരീക്ഷകൾക്ക് പരീക്ഷാ ഫീസായി 10 രൂപ എന്നത് 15 രൂപയായി പുതുക്കി നിശ്ചയിച്ചു. ല്യൂമെൻ എക്ലേസിയ പരീക്ഷകൾ കുറ്റമറ്റരീതിയിൽ നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ഹാൾ ടിക്കറ്റുകൾ നല്കുവാൻ തീരുമാനിച്ചു. 15 രൂപ വച്ച് ഒരു സെമസ്റ്ററിലെ പരീക്ഷാ ഫീസ് 60 രൂപ അടക്കുന്നവർക്ക് ഹാൾ ടിക്കറ്റുകൾ നല്കുന്നതായിരിക്കും.

### 4. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ജൂലൈ 29 | ചെത്തിമറ്റം പാലാ | 9.30 – 4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| ആഗസ്റ്റ് 13 | SDConvent ചുണങ്ങംവേലിൽ ആലുവ | 9.30 – 4.30 | സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>തത്വചിന്തയും ദൈവശാസ്ത്രവും |
| ആഗസ്റ്റ് 15 | FCC. Convent തൃശ്ശൂർ | 9.30 – 4.30 | പൗലോസിന്റെ ലേഖനങ്ങൾ<br>രാഷ്ട്രീയ ദൈവശാസ്ത്രം<br>ക്രിസ്തുവിജ്ഞാനീയം |
| ആഗസ്റ്റ്19 | DM Convent വെണ്ണിയൂർ | 9.30 – 4.30 | പഞ്ചഗ്രന്ഥിയുടെദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| ആഗസ്റ്റ് 26 | കോയിപ്പള്ളി SD | 9.30 – 4.30 | സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം |
| ആഗസ്റ്റ് 26 | ജയ്മാതാ പ്രൊവിൻസ് - ഇടുക്കി | 9.30 – 4.30 | സഭാപിതാക്കന്മാരുടെദൈവശാസ്ത്രം |

### 5. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| ആഗസ്റ്റ് | | | |
|---|---|---|---|
| വെള്ളി<br>ശനി | 4,11,18,25<br>5,12,19,26 | രാവിലെ 8.00<br>രാത്രി 12.00 | ദൈവശാസ്ത്രബിരുദം<br>ദൈവശാസ്ത്രബിരുദം<br>(ഗൾഫ് എഡിഷൻ) |
| ഞായർ<br>ബുധൻ | 6,13,20,27<br>2,9,16,23,30 | രാത്രി 7.30<br>രാത്രി 11.30 | ദൈവശാസ്ത്രബിരുദാനന്തരബിരുദം<br>ദൈവശാസ്ത്ര ബിരുദാനന്തരബിരുദം<br>(ഗൾഫ് എഡിഷൻ) |
| **ആവർത്തനം**<br>ബുധൻ ഉച്ച -2.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം | | | |

## 6. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തുതരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആഗസ്റ്റ് 6,13,20,27 (ഞായർ) | 21.00 - 22.00 (09.00 10.00 pm) |
| ആഗസ്റ്റ് 1,8,15,22,29 (ചൊവ്വ) | 21.00 - 22.00 (09.00 10.00 pm) |
| ആഗസ്റ്റ് 4,11,18,25 (വെള്ളി) | 21.00 - 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കി നടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട്ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, വൈസ് ഡയറക്ടർ സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരായ കൂട്ടുകാരേ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. അവകാശങ്ങളും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടപ്പോഴും ഈശോയെ നെഞ്ചോട്ചേർന്ന് തിരുഹിതം നിറവേറ്റിയ പരി. അമ്മയുടെ ജീവിതം ഈശോ യുടെ ഇഷ്ടം നിറവേറ്റുവാൻ കുഞ്ഞുമിഷനറിമാരായ നമുക്ക് കരുത്താകട്ടെ... പ്രചോദനമാകട്ടെ... ഇന്ത്യയുടെ സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകളും ത്യാഗങ്ങളുംവഴി അസ്വാതന്ത്ര്യം അനുഭവിക്കുന്ന നമ്മുടെ രാജ്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ദൈവാനുഗ്രഹം ഉണ്ടാകുവാൻ ഇടയാകട്ടെ... തന്റെ ആഴമായ പ്രാർത്ഥനാരീതിയും പരിഹാ രവും പ്രവർത്തനങ്ങളും വഴി ആർസിലെ ശാപഭൂമിയെ പുണ്യദേശമാക്കി മാറ്റിയ വി. ജോൺമരിയാ വിയാനിയുടെ ജീവിതമാതൃക നമുക്ക് മാർഗ്ഗദീപ മാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു... പ്രത്യേകമായി എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണത്തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ജോൺമരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : വൈദികർ, സമർപ്പിതർ, സഭാധികാരികൾ |
| സുകൃതജപം | : ഈശോയുടെ തിരുരക്തമേ എന്നെ ലഹരി പിടിപ്പിക്കണമേ |
| സപ്തതി സുകൃതം | : 70 സ്വർഗ്ഗ. പിതാവേ |

## ശാഖകൾ ശ്രദ്ധിക്കാൻ

ആഗസ്റ്റ് 1 ചൊവ്വ - 15 നോമ്പാരംഭം
4 വെള്ളി - വി. ജോൺ മരിയാ വിയാനിയുടെ തിരുനാൾ
11 വെള്ളി - മിഷൻലീഗ് സ്ഥാപക നേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 8-ാം ചരമവാർഷികം
15 ചൊവ്വ - പരി. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം

## മേഖലകൾ ശ്രദ്ധിക്കാൻ

മേഖല എക്സിക്യൂട്ടീവ്, മേഖലകൗൺസിൽ വാർഷികം, മേഖലാതല സാഹിത്യമത്സരം - വിജയികളുടെ ലിസ്റ്റ് നിശ്ചിതഫോറത്തിൽ ആഗസ്റ്റ് 30 നുള്ളിൽ ഓഫീസിലെത്തിക്കുക.

## അതിരൂപതാതല അംഗത്വസ്വീകരണവും സെന്റ് തോമസ് ദിനാചരണവും

ദുക്റാനതിരുനാൾദിനത്തിൽ ചൂരപ്പടവ് ശാഖയിൽവെച്ച് ഈ വർഷത്തെ അതിരൂപതാതല അംഗത്വസ്വീകണം നടന്നു. ഫാ. ജോസഫ് മഞ്ഞളാംകുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയെ തുടർന്ന് ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേക്ക് ഔദ്യോഗികമായി സ്വീകരിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയും അംഗത്വസ്വീകരണവും നടന്നു. അതിരൂപതാ ജോ. സെക്രട്ടറി ഷേർലി പാമ്പനാൽ ആശംസയർപ്പിച്ച് സംസാരിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും വിശ്വാസ പ്രഘോഷണ റാലിയും നടന്നു പരിപാടിയുടെ വിജയത്തിനായി എല്ലാവിധ സഹകരണങ്ങളും ചെയ്ത ജോസഫ് മഞ്ഞളാം കുന്നേലച്ചനും ശാഖാ, വൈസ്ഡയറക്ടർ സിസ്റ്ററിനും, സൺഡേസ്കൂൾ ടീച്ചേഴ്സ്, ശാഖാ-മേഖലാ ഭാരവാഹികൾ എന്നിവർക്ക് പ്രത്യേകം നന്ദി.

## വിയാനിഡേ

ആഗസ്റ്റ് 4-ാം തീയതി വി. ജോൺമരിയ വിയാനിയുടെ തിരുനാളിനോട നുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാരെയും ശാഖ-മേഖല രൂപത ഡയറക്ടർ മാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ എന്നിവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ആശംസികളർപ്പിക്കുകയും ചെയ്യുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹി കളുടെ നേതൃത്വത്തിൽ മേഖലാതലത്തിൽ വിയാനിഡേ ആഘോഷപരി പാടികൾ സംഘടിപ്പിക്കുമല്ലോ.

## കുഞ്ഞേട്ടൻ അനുസ്മരണവും - ഫാൻസിഡ്രസ്സ് മത്സരവും

ചെറുപുഷ്പമിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 8-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 11-ാം തിയതിയോ തുടർന്നുവരുന്ന ഞായറാഴ്ചയോ നടത്തുമല്ലോ..... കുഞ്ഞേട്ടൻ അനുസ്മരണത്തോടനുബന്ധിച്ച് മിഷൻലീഗ് സബ്ജൂണിയർ വിഭാഗത്തിലുള്ള കുട്ടികൾക്കായി കുഞ്ഞേട്ടൻ ഫാൻസിഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു.... ശാഖയിൽ താൽപര്യമുള്ള കുട്ടികൾക്കെല്ലാം മത്സര ത്തിൽ പങ്കെടുക്കാം. ഓഗസ്റ്റ് 13 ഞായറാഴ്ച മത്സരം നടത്തി ശാഖയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ഫാൻസിഡ്രസ്സിന്റെ ഫോട്ടോ ഓഗസ്റ്റ് 20ന് മുമ്പ് fr.rajeshmail@gmail.com എന്ന മെയിൽ അഡ്രസ്സിലേയ്ക്ക് അയച്ചുതരുമല്ലോ. അതിരൂപതാതലത്തിൽ 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കും. (പ്രായപരിധി: 2005 ജനുവരി 1നോ ശേഷമോ ജനിച്ചവർ).

## ഫോക്കസ് 2017

പേരാവൂർ മേഖല മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ കുഞ്ഞു മിഷനറി മാർക്കായ് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു.

**വിഷയം : 'എന്റെ മിഷൻലീഗ്'**

- പങ്കെടുക്കുന്നവർ 12-ാം ക്ലാസ്സ് വരെയുള്ള മിഷൻലീഗ് അംഗങ്ങളായിരിക്കണം.
- ഫോട്ടോയോടൊപ്പം പേരും അഡ്രസ്സും ഫോൺനമ്പറും അംഗത്വകാർഡും വികാരിയച്ചന്റെ സാക്ഷ്യപത്രവും താഴെ തന്നിരിക്കുന്ന ഈമെയിൽ ഐഡിയിലേക്ക് ഓഗസ്റ്റ് 15ന് ഉള്ളിൽ അയക്കണം.
- focusmission 2017 @gmail.com
- ഒരാൾക്ക് ഒരു ചിത്രം മാത്രമേ അയക്കാൻ പാടുള്ളൂ
- വിജയികൾക്ക് ക്വാഷ്പ്രൈസ് ഉണ്ടായിരിക്കുന്നതാണ്
- മൊബൈൽ ഫോണിലോ, ക്യാമറയിലോ പകർത്തിയ ചിത്രങ്ങൾ അയക്കാം. എഡിറ്റ് ചെയ്ത ചിത്രങ്ങൾ അയക്കരുത്
- **9539 592 037**ലേക്ക് കൂടുതൽ വിവരങ്ങൾക്കായ് ബന്ധപ്പെടാവുന്നതാണ്.

## ദൈവദാസി സി. മരിയ സെലിൻ കണ്ണനായ്ക്കൽ മെഗാക്വിസ്

ഉർസുലൈൻ സന്യാസസഭയിലെ അംഗമായ സി. മരിയ സെലിൻ കണ്ണനായ്ക്കലിന്റെ നാമകരണത്തോടനുബന്ധിച്ച് കേരളത്തിലെ ഏഴ് രൂപതകളിലായി നടത്തിയ മെഗാക്വിസ് മത്സരത്തിൽ വെള്ളാട് ശാഖയിലെ അഞ്ചു പി. ടോം ഒന്നാംസ്ഥാനം നേടി 50,001 രൂപയുടെ ക്യാഷ് അവാർഡിന് അർഹയായി. അതിരൂപതാതലത്തിൽ തളിപ്പറമ്പ് ശാഖയിലെ അൽഫോൻസ കാരന്താനം, പുറവയൽ ശാഖയിലെ കാതറിൻ കൊടിയകുന്നേൽ, ആനറശാഖയിലെ സ്റ്റെഫി സനൽ എന്നിവർ യഥാക്രമം ഒന്നുംരണ്ടും മൂന്നുംസ്ഥാനങ്ങൾ കരസ്ഥമാക്കി. 2017 ജൂൺ 25-ാം തീയതി നടന്ന സംസ്ഥാനതല ക്വിസ്മത്സരത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും മൂവായിരത്തിലധികം കുട്ടികൾ പങ്കെടുത്തു. വിവിധരൂപതകളിൽ നിന്നായി ആയിരക്കണക്കിന് കുട്ടികൾ പങ്കെടുത്ത ഈ ക്വിസ്മത്സരത്തിൽ തലശ്ശേരി അതിരൂപതയ്ക്ക് തിളക്കമാർന്ന വിജയം നേടിത്തന്ന കൊച്ചുകൂട്ടുകാർക്ക് ചെറുപുഷ്പമിഷൻലീഗ് അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും....


അഞ്ചു പി. ടോം


അൽഫോൻസ


കാതറിൻ


സ്റ്റെഫി സനൽ

## അതിരൂപതാസാഹിത്യമത്സരങ്ങൾ

ഈവർഷത്തെ മേഖലാ/രൂപതാ സാഹിത്യമത്സരങ്ങൾ (ഒരുമിച്ച്) ഓഗസ്റ്റ് 12 ശനിയാഴ്ച വിവിധ സെന്ററുകളിൽവച്ച് നടത്തുന്നതാണ്. 2017 ജൂൺ 21-ാം തീയതി ചേർന്ന ഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് തീരുമാനപ്രകാരം 100 കുട്ടികളിൽ താഴെയുള്ള ഇടവകകൾ മേഖലാ തലത്തിൽ മത്സരത്തിൽ പങ്കെടുക്കുമ്പോൾ അത്തരം ഇടവകകളിലെ ഒരു കുട്ടിക്ക് 2 വ്യക്തിഗത ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. മേഖലയിൽ ഒന്നാം സ്ഥാനം കിട്ടുന്നവർക്ക് മാത്രമേ അതിരൂപതാ മത്സരത്തിലേക്ക് യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ. ഓരോ ഇനത്തിലും ഒന്നാംസ്ഥാനം ലഭിച്ചവരുടെ കൃതികൾ ലിസ്റ്റ് അടക്കം ഇംഗ്ലീഷ് ക്യാപ്പിറ്റൽ ലെറ്ററിൽ എഴുതി ആഗസ്റ്റ് 30നുള്ളിൽ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## കാസർഗോഡ് റീജൻ വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധക്ക്

അംഗത്വകാർഡ് സീൽ ചെയ്യുന്നതിനും ബാഡ്ജ്, മാനുവൽബുക്ക്, തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യത്തിനായി ആഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 10 മണിമുതൽ 3മണിവരെ അതിരൂപതാടീം പടന്നക്കാട് പാസ്റ്റർ സെന്ററിൽ ഉണ്ടായിരിക്കും.

## മിഷൻഞായർ കലണ്ടർ

ഈ വർഷത്തെ മിഷൻ ഞായർ കലണ്ടർ കഴിഞ്ഞവർഷം തന്ന എണ്ണമനുസരിച്ച് നൽകുന്നതായിരിക്കും. എണ്ണത്തിൽ വ്യത്യാസം വരുത്തേണ്ടവർ കൃത്യമായ എണ്ണം 15-ാം തിയതിക്കുള്ളിൽ ഓഫീസിൽ അറിയിക്കുമല്ലോ.

## ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പമിഷൻലീഗ് ചെമ്പന്തൊട്ടിമേഖല വൈസ്ഡയറക്ടറായി നിയമിതയായിരിക്കുന്ന സി. മെർളിൻ എഫ്സിസിയ്ക്ക് അതിരൂപതാ കുടുംബത്തിലേക്കു സ്വാഗതം.

## ദിയാക്കോണിയ

അതിരൂപതയിലെ വിവിധഭക്തസംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജ്വസ്വലമാക്കുന്നതിന്റെ ഭാഗമായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി മേഖലകളിലെ സംഘടനാഭാരവാഹികൾക്കായി ജൂലൈ 8 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നേതൃത്വ പരിശീലനക്യാമ്പ് നടത്തുകയുണ്ടായി. പ്രസ്തുതമീറ്റിംഗിൽ തലശ്ശേരി അതിരൂപത കെസിവൈഎം. ഡയറക്ടർ റവ. ഫാ. സ്കറിയ വടശ്ശേരി ആമുഖ പ്രഭാഷണവും വിമൽജ്യോതികോളേജ് ചെയർമാൻ റവ. ഡോ. തോമസ് മേൽവട്ടം ഉദ്ഘാടനകർമ്മവും നിർവഹിച്ചു. തുടർന്ന് മോൺ. റവ. ഡോ. ജോസഫ് പാംപ്ലാനി നയിച്ച ഓറിയന്റേഷൻ

ക്ലാസ്സും സംഘടനാ ഭാരവാഹികളെ കൂടുതൽ നേതൃത്വ ഗുണമുള്ളവരാക്കി. ക്ലാസ്സിനുശേഷം കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തുകയും അതിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മാതൃവേദി, കെസിവൈഎം, മിഷൻലീഗ് എന്നീ സംഘടനകളിലെ ഭാരവാഹികളെ സമന്വയിപ്പിച്ച് നടത്തിയ പരിപാടിയിൽ 304 അംഗങ്ങൾ പങ്കെടുത്തു. അതിൽ 118 പേർ മിഷൻലീഗ് അംഗങ്ങൾ ആയിരുന്നു. സംഗമത്തിൽ സഹകരിച്ച എല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

### ഓരോ മേഖലയിലും പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു

**ചെമ്പേരി മേഖല**

| | |
|---|---|
| ചെമ്പേരി | - 4 |
| രത്നഗിരി | - 2 |
| അരീക്കമല | - 2 |
| പുലിക്കുരുമ്പ | - 5 |
| പൂപ്പറമ്പ് | - 5 |
| ലിസിഗിരി | - 2 |
| കുടിയാന്മല | - 5 |
| നെല്ലികുറ്റി | - 6 |
| ദീപഗിരി | - 2 |
| പൊട്ടംപ്ലാവ് | - 6 |
| കനകക്കുന്ന് | - 3 |
| പൊൻമല | - 0 |

**പൈസക്കരി മേഖല**

| | |
|---|---|
| ആടാംപാറ | - 7 |
| വെമ്പുവ | - 5 |
| ജോസ്മൗണ്ട് | - 2 |
| മുത്താറിക്കുളം | - 3 |
| ചന്ദനക്കാംപാറ | - 2 |
| ഏറ്റുപാറ | - 7 |
| പാടാംകവല | - 2 |
| ചുണ്ടപറമ്പ് | - 2 |
| പയ്യാവൂർ | - 6 |
| പൈസക്കരി | - 4 |

**ചെമ്പന്തൊട്ടി മേഖല**

| | |
|---|---|
| ചെമ്പന്തൊട്ടി | - 4 |
| വെണ്ണക്കല്ല് | - 2 |
| നെല്ലിക്കുന്ന് | - 1 |
| കരയത്തുംചാൽ | - 3 |
| കോട്ടൂർ | - 5 |
| കോട്ടൂർവയൽ | - 5 |
| മണ്ഡളം | - 4 |
| നടുവിൽ | - 3 |
| ശ്രീകണ്ഠാപുരം | - 2 |

## ആഗസ്റ്റ് മാസത്തിലെ റീജണൽ മീറ്റ്

ആഗസ്റ്റ് 5 - വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി
സ്ഥലം - ആലക്കോട്

,, 19 - തോമാപുരം, ചെറുപുഴ
സ്ഥലം - ചെറുപുഴ

,, 26 - പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്
സ്ഥലം - പടന്നക്കാട്

## ലഹരിവിരുദ്ധദിനാചരണം

ആഗോളലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഉളിക്കൽ വയത്തൂർ യു.പി. സ്കൂളിൽ വച്ച് നടത്തിയ ചിത്രരചനാമത്സരത്തിൽ യുപി. വിഭാഗം അദ്വൈദ് ജേക്കബ് വിനോയി, സംഗീത് സൂര്യ, വൈഷ്ണവ് ടി.എസ്. എന്നിവർ ഒന്ന്, രണ്ട് മൂന്ന് സ്ഥാനങ്ങൾക്കും എൽപി വിഭാഗം ആൽവിൻ ജോർജ്, അമികസജി, അഞ്ജന വി.ജെ. എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കും അർഹരായി... പ്രസ്തുത പരിപാടികൾക്ക് സഹകരിച്ച ഹെഡ്മാസ്റ്റർ ടി.ജെ ജോർജ്ജ് സാറിനും സ്റ്റാഫിനും പ്രത്യേകം അഭിനന്ദനങ്ങൾ. വിജയികൾക്ക് മദ്യവർജ്ജനസമിതിയുടെ സംസ്ഥാന

പ്രസിഡന്റും എഡിഎസ്‌യുവിന്റെ സ്ഥാപകഡയറക്ടറുമായ ഫാ. തോമസ് തൈത്തോട്ടം സമ്മാനദാനം നിർവ്വഹിച്ചു.

## മേഖലാവാർത്തകൾ

### മേരിഗിരിമേഖല

സപ്തതിവർഷത്തോടനുബന്ധിച്ചുള്ള ദൈവവിളിപ്രോത്സാഹന ക്ലാസ്സ് പരമ്പരയുടെ ഉദ്ഘാടനം നടത്തപ്പെട്ടു. മേഖലാഡയക്ടർ റവ.ഫാ. തോമസ്‌വാളിപ്ലാക്കൽ, സി. റോസിലി എസ്എച്ച് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. മീറ്റിംഗിൽവെച്ച് മേഖലാ സീനിയർ ജൂണിയർ ഭാരവാഹികളുടെ നേതൃത്വത്തിൽ മേഖലാ ഡയറക്ടർ അച്ചന്റെ നാമഹേതുക തിരുനാളും ആഘോഷിച്ചു.

### കുന്നോത്ത്മേഖല

1-07-2017ന് ഡോക്ടേഴ്സ് ഡേയുടെ ഭാഗമായി കുന്നോത്ത് മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ ഇരിട്ടി താലൂക്ക് ആശുപത്രിയിലെ ജനകീയ ഡോക്ടറായ ആന്റോ വർഗ്ഗീസിന് ആശംസകൾ അർപ്പിക്കുകയും സ്റ്റെതസ്കോപ്പ് സമ്മാനിക്കുകയും ചെയ്തു.

02-07-2017ന് കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കായി കൗമാര ആരോഗ്യവ്യക്തിത്വസെമിനാറും കൗൺസിലിംഗും നടത്തി. 03-07-2017ന് ടോം ഉഴുന്നാലിൽ അച്ചന്റെ നാമഹേതുകതിരുനാളിൽ ടോം അച്ചന്റെ മോചനത്തിനായി തിരികൾ തെളിച്ച് പ്രാർത്ഥന നടത്തി. 08.07.2017ന് 5,6, ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ദൈവവിളി സെമിനാർ നടത്തി.

### കാഞ്ഞങ്ങാട് മേഖല

15-07-2017 ശനിയാഴ്ച പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് കാഞ്ഞങ്ങാട് മേഖലയുടെ നേതൃത്വത്തിൽ 5-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ദൈവവിളി സെമിനാർ നടത്തി. മേഖലാ ഡയറക്ടർ ജോസഫ് കുരിശുംമൂട്ടിൽ അച്ചന്റെ അധ്യക്ഷതയിൽ ചേർന്നയോഗം അതിരൂപതാ വൊക്കേഷൻ പ്രമോട്ടർ ജിതിൻ വയലുങ്കൽ അച്ചൻ ഉദ്ഘാടനം ചെയ്ത് ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. മേഖലാപ്രസിഡന്റ് ജിജോ സ്വാഗതവും, ജോയി ചെല്ലങ്കോട്ട് ആശംസയും അർപ്പിച്ച് സംസാരിച്ചു. ആനിമേറ്റർ സി. ഡിഗ്ന എഫ്സിസി നന്ദിയും പറഞ്ഞുകൂടാതെ അന്നേദിവസം തന്നെ മേഖലാതല അൽഫോൻസാ ക്വിസ്മത്സരം നടക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. അതോടൊപ്പം അഞ്ചാംക്ലാസ്സിലെ ബെസ്റ്റ് ആക്ടർ ആയി 3 കുട്ടികളെ തിരഞ്ഞെടുക്കുകയും അവർക്ക് ട്രോഫി നൽകുകയും ചെയ്തു.

### പൈസക്കരിമേഖല

08-07-2017 ശനിയാഴ്ച പൈസക്കരി മേഖലയുടെ നേതൃത്വത്തിൽ പൈസക്കരി ശാഖയിൽ വെച്ച് സെന്റ് തോമസ് ക്വിസ് മത്സരം നടത്തപ്പെട്ടു.

മത്സരത്തിൽ ചന്ദനക്കാംപാറ, പാടാംകവല എന്നീശാഖകൾ സമ്മാനാർഹരായി മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും വൃക്ഷതൈകൾ നൽകുകയും ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജോബിനിരപ്പേൽ, വൈസ്ഡയറക്ടർ സി. ദിവ്യ, പ്രസിഡന്റ് ശ്രീ. വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

**പനത്തടി മേഖല**

ചെറുപുഷ്പമിഷൻലീഗ് 2017-18 പ്രവർത്തനവർഷ ഉദ്ഘാടനം 1-07-2017 ന് പനത്തടി ഫൊറോന ദേവാലയത്തിൽ വെച്ച് മേഖലാഡയറക്ടർ ഫാ. പ്രജിൽ പണ്ടാരപറമ്പിൽ ഫൊറോന വികാരി ഫാ. തോമസ് പൈമ്പിള്ളിൽ, മാനടുക്കംവികാരി ഫാ. അനിൽ ഇടമുളയും ഭാരവാഹികളും ഭദ്രദീപംകൊളുത്തി നിർവഹിച്ചു. തുടർന്ന് മേഖലാപ്രസിഡന്റ്ജോറിസ് വെള്ളംകുന്നേൽ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ വി. തോമാശ്ലീഹാ യുടെ നാമധാരിയായ പനത്തടി ഫൊറോനവികാരി തോമസ് പൈമ്പള്ളി അച്ചന് പൂച്ചെണ്ട് നൽകുകയും കേക്ക്മുറിച്ച് ആശംസകളർപ്പിക്കുകയും ചെയ്തു. തുടർന്ന് മാനടുക്കം വികാരി ഫാ. അനിൽ ഇടമുള "ഈശോ സമഗ്ര പ്രേഷിതൻ" എന്ന വിഷയത്തെ ആസ്പദമാക്കി ബിഎംജി, എംടിസി കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. വിവിധ ഇടവകകളിൽ നിന്നുമായി 70ഓളം കുട്ടികൾ പങ്കെടുത്തു.

**തളിപ്പറമ്പ് മേഖല**

16-7-17 ഞായറാഴ്ച തളിപ്പറമ്പ് ദൈവാലയത്തിൽവച്ച് മേഖലാ ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മാർഗ്ഗരേഖാപ്രകാശനവും, മാനേജിംഗ്കമ്മിറ്റിയും മേഖലാപ്രസിഡന്റ് ശ്രീ. ബാബു വർഗ്ഗീസ് കൊരട്ടിക്കലിന്റെ അധ്യക്ഷതയിൽ നടന്നു. മേഖലാഡയറക്ടർ റവ.ഫാ. ജോസഫ് റാത്തപ്പള്ളിൽ അനുഗ്രഹപ്രഭാഷണവും സി. മരിയ റെജീന സ്വാഗതവും അതിരൂപതാസെക്രട്ടറി സുനിൽ കല്ലിടുക്കിൽ ആശംസയും മേഖലസെക്രട്ടറി റാണിറ്റ കൊച്ചുകുന്നേൽ നന്ദിയും അർപ്പിച്ചു.

**ആലക്കോട് മേഖല**

ആലക്കോട് മേഖലയുടെ ആഭിമുഖ്യത്തിൽ മേഖലാതല അൽഫോൻസാ ക്വിസ്മത്സരം നടത്തപ്പെട്ടു. പരപ്പ, മണക്കടവ്, വിജയഗിരി എന്നീ ശാഖകൾ യഥാക്രമം ഒന്നുംരണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് മേഖലാഡയറക്ടർ റവ.ഫാ. മാർട്ടിൻ വരിക്കാനിക്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രസിഡന്റ് സുനി ചെന്നിക്കര അധ്യക്ഷത വഹിച്ചു. അതിരൂപതാ റീജണൽ ഓർഗനൈസർ ഷിജോ പുതുപ്പറമ്പിൽ മത്സര ങ്ങൾക്ക് നേതൃത്വം നൽകി. വൈസ് ഡയറക്ടർ സി. ലിസിയും മേഖലാ ഭാരവാഹികളും ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**പേരാവൂർ മേഖല**

പേരാവൂർമേഖല മിഷൻലീഗ് മാർഗ്ഗരേഖ പ്രകാശനവും പ്രവർത്തന വർഷ ഉദ്ഘാടനവും ബഹു. ഫൊറോന വികാരി ഫാദർ തോമസ്

കൊച്ചുകരോട്ട് നിർവ്വഹിച്ചു. തുടർന്ന് സപ്തതിവർഷ ലോഗോ പ്രകാശനം 'Save 2017' എന്ന പേരിൽ ലഹരിവിരുദ്ധ പ്രവർത്തനപദ്ധതി ഉദ്ഘാടനം, 'പാലൈക് 2017' എന്ന പേരിൽ കുട്ടികൾക്കായി ചിത്രകലാ പരിശീലന പദ്ധതി തുടങ്ങിയവയും ആരംഭിച്ചു. ഫാ. തോമസ് തറയിൽ അനുസ്മര ണവും, എന്ന് സ്വന്തം കുഞ്ഞുമിഷനറി എന്നപേരിൽ ലെറ്റർ റൈറ്റിംഗ് മിനിസ്ട്രിയും മേഖല നടത്തുകയുണ്ടായി വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കോളയാട് ദേവാലയത്തിലേയ്ക്ക് തീർത്ഥാടനം നടത്തി. എല്ലാ ശാഖകളിൽനിന്നും കുട്ടികൾ പങ്കെടുത്തു. തുടർന്നു നടന്ന മിഷൻസമ്മേളനം ഫാ. ജോസഫ് പൂവത്തോലിൽ ഉദ്ഘാടനം ചെയ്തു. അതോടൊപ്പം കുട്ടികളുടെ തീർത്ഥാത്ര ഷെയറിംഗും നടത്തി. തുടർന്ന് നടന്ന അൽഫോൻസാക്വിസ് മത്സരത്തിൽ പേരാവൂർ, കണിച്ചാർ, കല്ലുമുതിരക്കുന്ന് എന്നീ ശാഖകൾ യഥാക്രമം ഒന്നും,രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. എല്ലാപ്രവർത്തനങ്ങൾക്കും വൈസ് ഡയറക്ടർ സി. ഹെലൻ എഫ്സിസി, പ്രസിഡന്റ് ലിബിൻ, വൈസ്പ്രസിഡന്റ് അനിറ്റാ ശാസ്താംകുന്നേൽ സെക്രട്ടറി ബിൻജോ, ജോ. സെക്രട്ടറി സുനി റാത്തപ്പള്ളി ഓർഗനൈസേഴ്സ് സന്തോഷ് കോക്കാട്ട്, ബേബി മറ്റത്തിനാ നിയിൽ ജെയ്സൺ മർക്കോസ് എന്നിവർ നേതൃത്വം നൽകി.

**വെള്ളരിക്കുണ്ട് മേഖല**

22-7-2017 ശനിയാഴ്ച വെള്ളരിക്കുണ്ട് ഫൊറോന ദേവാലയത്തിൽ വെച്ച് 2017-18 മേഖലാതല പ്രവർത്തനവർഷഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും, നവാഗതർക്ക് സ്വാഗതവും നടത്തപ്പെട്ടു. മേഖലാപ്രസിഡന്റ് സക്കറിയാ തേക്കുംകാട്ടിൽ പതാകഉയർത്തി. തുടർന്ന് റവ. ഫാ. ജോബിൻ വലിയപറമ്പിലും, ഭാരവാഹികളും ഭദ്രദീപം തെളിച്ചു. മേഖലാഡയറക്ടർ ഫാ.വർഗ്ഗീസ് മണ്ണാപറമ്പിൽ സ്വാഗതം ആശംസിച്ചു. നവാഗതർക്ക് സി. മേഴ്സിലിൻ എസ്എബിഎസ് ക്ലാസ്സുകൾ നൽകി. കൂടാതെ ശാഖാ ഭാരവാഹികളുടെ സംഗമവും ശ്രീ. ജോൺസൺ സാറിന്റെ നേതൃത്വത്തിൽ പരിശീലനപരിപാടികളും നടത്തപ്പെട്ടു.

**ചെമ്പേരി മേഖല**

ചെറുപുഷ്പമിഷൻലീഗ് 2017-18 പ്രവർത്തനവർഷ ഉദ്ഘാടനം 02-07-2017 ഞായറാഴ്ച ചെമ്പേരി ഫൊറോന ദൈവാലയത്തിൽവെച്ച് ഫൊറോന വികാരി റവ. ഡോ. ജോസഫ് കരിനാട്ട് ദീപംകൊളുത്തി ഉദ്ഘാടനം ചെയ്തു. മേഖലാപ്രസിഡന്റ് ദീപു ജോസ് കണ്ടത്തിൽ അധ്യക്ഷത വഹിച്ചയോഗത്തിൽ മേഖലാഡയറക്ടർ ഫാ. ജോർജ് പടിഞ്ഞാറെആനശ്ശേരി കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. സൺഡേസ്കൂൾ പ്രധാനാധ്യപകൻ ഷീൻ വേലിക്കകത്ത് സ്വാഗതവും, മേഖലാ വൈസ്ഡയറക്ടർ സി. ദീപ്തി എഫ്സിസി ആശംസയും സെക്രട്ടറി ബേബി കുന്നേൽ നന്ദിയും പറഞ്ഞു.

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു. പരി. അമ്മയുടെ ജീവിതമാതൃക സ്വന്തമാക്കി മുന്നേറുവാൻ കുഞ്ഞുകൂട്ടുകാർക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## വിയാനിഡേ

ആഗസ്റ്റ് 4-ാം തിയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യപിതാക്കന്മാർക്കും ബഹു. വികാരിയച്ചനും ആശംസ കളർപ്പിക്കുവാനും എല്ലാ വൈദികർക്കും വേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 'നിറംകൊടുക്കാൻ' നിങ്ങൾക്കറിയാമോ .....?

ജൂലൈമാസത്തെ മത്സരത്തിൽ വിവിധശാഖകളിൽ നിന്നായി 200-ഓളം കുട്ടികൾ പങ്കെടുത്തു പങ്കെടുത്ത എല്ലാ കുരുന്നുകൾക്കും അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്ത ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും മാതാപിതാക്കൾക്കും അഭിനന്ദങ്ങൾ...

---

## അൾത്താരബാലന്മാരുടെ സെമിനാർ

08-07-2017 ശനിയാഴ്ച പനത്തടി ഫൊറോന ദൈവാലയത്തിൽ വെച്ച് അൾത്താരബാലന്മാർക്കായി സെമിനാർ നടത്തി. ഫൊറോന വികാരി ഫാ. തോമസ് പൈമ്പിള്ളി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ മേഖലാ ഡയറക്ടർ ഫാ. പ്രജിൽ പണ്ടാരപറമ്പിൽ ആമുഖപ്രഭാഷണവും ജൂനിയർ ഭാരവാഹി ആനന്ദ് വടാന നന്ദിയും പറഞ്ഞു. പൊതുസമ്മേളനത്തിനുശേഷം പാണത്തൂർ ഇടവക അസി. ഫാ. കുര്യാക്കോസ് കാരക്കാട്ട് "സ്വയം വിശുദ്ധീകരണത്തിലൂടെ ഇടവകാ വിശുദ്ധീകരണത്തിന് വേദിയൊരുക്കുക" എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്ക് ക്ലാസ്സെടുത്തു. വിവിധ ഇടവകകളിൽനിന്നും 110ഓളം അൾത്താരബാലന്മാർ പങ്കെടുത്തു.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

## 'നിറംകൊടുക്കാമോ' ജൂലൈമാസത്തെ വിജയികൾ

I ജിയോ ജോർജ് ടോം കരയാറ്റ് - മാമ്പോയിൽ

II ഇവാൻഞ്ചലിൻ - അങ്ങാടിക്കടവ്

III മിഷേൽ അന്ന മുളയ്ക്കൽ - ചായ്യോത്ത്

## 'നിങ്ങൾക്കറിയമോ' വിജയികൾ

I അന്ന റോജൻ വേലംന്തറ - കൊളക്കാട്

II ഡെലിസിയ റാത്തപ്പള്ളി - പേരാവൂർ

III ജോസഫ് ഇടശ്ശേരികുന്നേൽ - ആലക്കോട്

## പ്രത്യേകം ശ്രദ്ധിക്കാൻ

- ഒരു ശാഖയിൽ നിന്നും ഏറ്റവും നല്ല 3 കുട്ടികളുടെ പേപ്പർമാത്രം അതിരൂപതയിലേയ്ക്ക് നൽകിയാൽ മതി.
- ഓരോ മാസവും 15-ാം തിയതിക്കു മുമ്പ് തലേമാസത്തെ മത്സരങ്ങൾ ഓഫീസിൽ എത്തത്തക്കവിധം അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.
- കുട്ടികളുടെ പേര് എഴുതുന്നതോടൊപ്പം ഇടവകയുടെ പേരും എഴുതുവാൻ ശ്രദ്ധിക്കുമല്ലോ.
- നിങ്ങൾക്കറിയാമോ? എന്ന മത്സരത്തിന്റെ ചിത്രങ്ങളും നിറംകൊടുത്ത് മനോഹരമാക്കാൻ ശ്രദ്ധിക്കുക.
- നിങ്ങൾക്കറിയാമോ? എന്ന മത്സരത്തിന്റെ ചിത്രങ്ങൾക്കടിയിൽ അനുയോജ്യമായ അടിക്കുറിപ്പാണ് ഓരോ ചിത്രത്തിനടിയിലും എഴുതേണ്ടതാണ്.അത് വാക്കുകളോ, വാക്യങ്ങളോ, കുട്ടികളുടെ ഭാവനയ്ക്കനുസരിച്ച് എങ്ങനെയും എഴുതാം....
- 1,2, ക്ലാസ്സുകളിലെ കുട്ടികളെ എഴുതാൻ മാതാപിതാക്കൾക്ക് സഹായിക്കാവുന്നതാണ്.
- വർക്ക് ബുക്കിന്റെ തുക അടയ്ക്കാനുള്ള ശാഖകൾ തുക അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

## ഈശോയെപ്പോലെ ബുദ്ധിയിൽ വളരാം ...

ഈമാസം നമ്മൾ ഈശോയെപ്പോലെ ബുദ്ധിയിൽ വളരാൻ പരിശീലിക്കുകയാണ്. പ്രപഞ്ചസൃഷ്ടാവായ ഈശോയാണ് ബുദ്ധിമാനെന്ന് നമുക്കറിയാം... എല്ലാ കാര്യങ്ങളെയും മുൻകൂട്ടിക്കണ്ട് ഉത്തമമായതീരുമാനം ഈശോ എടുത്തിരുന്നു. നന്മചെയ്യുവാൻ, സ്നേഹിക്കുവാൻ, മറ്റുള്ളവരെ അംഗീകരിക്കുവാൻ etc. ..... എല്ലാ കാര്യങ്ങളിലും ഈശോ മുമ്പിലായിരുന്നു. കാരണം ഈശോ ബുദ്ധിയുടെ നിറകുടമാണ്... കുഞ്ഞുമക്കളേ നമുക്കും ഈശോയെപ്പോലെ ബുദ്ധിയിൽ വളരുവാൻ പ്രാർത്ഥിക്കാം..

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

എല്ലാവർക്കും ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിന്റെയും പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹ പൂർവ്വം ആശംസിക്കുന്നു. യുവജനദിനം ഇടവകകളിൽ സമുചിതമായി ആഘോഷിച്ച എല്ലാവർക്കും അഭിനന്ദനവും, കൃതജ്ഞതയും നേരുന്നു. യുവജനങ്ങളോട് സഭയ്ക്കുള്ള സ്നേഹവും, സഭയിൽ അവരുടെ പ്രാധാന്യം മനസ്സിലാക്കാനും, അവരുടെ ഉത്തരവാദിത്വവും കടമയും ബോധ്യപ്പെടു ത്താനും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആ ദിനം മാറ്റിവച്ച സന്മനസ്സിന് നന്ദി.

## സാഹിത്യമത്സരം – ആഗസ്റ്റ് 13

അതിരൂപതാ സാഹിത്യമത്സരം ആഗസ്റ്റ് 13 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് അതിരൂപതയിലെ എല്ലാ ഫൊറോനകളിലും ഒരേസമയം നടത്തപ്പെടണം. കഴിഞ്ഞ വർഷങ്ങളിലെപ്പോലെ അതിരൂപതയിൽ നിന്നും ഫൊറോനകളിൽ നൽകുന്ന വിഷയത്തെ അസ്പദമാക്കിയായിരിക്കും മത്സരം. ഫൊറോന തലത്തിൽ വിലയിരുത്തിയതിനുശേഷം ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന രചനകൾ അതിരൂപതാ എൻട്രികളായി പരിഗണി ക്കുകയും അവ വിലയിരുത്തി അതിരൂപതാതലത്തിലെ വിജയികളെ നിശ്ചയിക്കുകയും ചെയ്യുന്നതാണ്.

## സാഹിത്യമത്സ നിബന്ധനകളും നിർദ്ദേശങ്ങളും

**എല്ലാ മത്സരങ്ങൾക്കും അംഗത്വകാർഡ് നിർബന്ധമായിരിക്കും**

* കഥാരചന – ഒരു മണിക്കൂർ, വിഷയം തത്സമയം നല്കും.
* കവിതാരചന – ഒരു മണിക്കൂർ, വിഷയം തത്സമയം നല്കും
* ഉപന്യാസം – ഒരു മണിക്കൂർ, വിഷയം തത്സമയം നല്കും
* കൊളാഷ് – ഒന്നരമണിക്കൂർ, ആശയംവ്യക്തമാക്കുന്ന തായിരിക്കണം ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല. കട്ടിങ്ങിന് ആവശ്യമായ ന്യൂസ്പേപ്പർ, കത്രിക, ബ്ലേഡ് എന്നിവ മത്സാരാർത്ഥികൾ തന്നെ കൊണ്ടുവരണം. വിഷയം തത്സമയം നൽകും.

**പത്രവാർത്ത രചന :** 45 മിനിറ്റ്, 2 ചോദ്യങ്ങൾ ഉണ്ടായിരിക്കും.

1. പ്രോഗ്രാമിന്റെ റിപ്പോർട്ട് 2. ആനുകാലിക വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രതികരണം.

**നോട്ടീസ് രചന :** സമയം 45 മിനിറ്റ് ഒരു പേജ് (A4 സൈസ്) ആണ് നോട്ടീസ് രചിക്കേണ്ടത്

**മുദ്രാവാക്യരചന :** സമയം 30 മിനിട്ട്, വിഷയം തത്സമയം നൽകും. ആവേശം ജനിപ്പിക്കുന്ന രീതിയിൽ താളാത്മകമായി വേണം രചിക്കാൻ.

**കാർട്ടൂൺ രചന :** സമയം ഒന്നര മണിക്കൂർ വിഷയം തത്സമയം നൽകും. വിഷയത്തിന്റെ ആശയമുൾക്കൊള്ളുന്നതായിരിക്കണം. യാതൊരു വിധത്തിലുള്ള കളറും ഉപയോഗിക്കാൻ പാടില്ല. (കറുപ്പ് ഒഴികെ) ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.

**പോസ്റ്റർ രചന :** വിഷയം തത്സമയം നൽകും. സമയം 2 മണിക്കൂർ പോസ്റ്റർ കളർ, ട്രാൻസ്പരന്റ് കളർ, വാട്ടർ കളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കാൻ പാടില്ല. ആശയം എഴുതാൻ സ്കെച്ച് പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾക്കൊള്ളിക്കുന്ന രീതിയിലാണ് പോസ്റ്റർ രചിക്കേണ്ടത്.

മത്സരാർത്ഥികളിൽ നിർബന്ധമായും കെസിവൈഎം, എസ്എംവൈഎം അംഗങ്ങളായിരിക്കണം. (15-35 വയസ്സ്) അംഗത്വകാർഡ് നിർബന്ധമായും ഉണ്ടായിരിക്കണം. അംഗത്വകാർഡ് അതിരൂപതാ ഓഫീസിൽനിന്നും എടുക്കേണ്ട അവസാനതിയതി ആഗസ്റ്റ് 5.

## ദേശഭക്തിഗാനമത്സരവും പ്രസംഗമത്സരവും ആഗസ്റ്റ് 15

ആഗസ്റ്റ് 15 ന് ചെമ്പേരി എൻജിനിയറിങ്ങ് കോളേജിൽവച്ച് രാവിലെ 10 മണിക്ക് തലശ്ശേരി അതിരൂപതാ കെസിവൈഎം, എസ്എംവൈഎം നേതൃത്വത്തിൽ ദേശഭക്തിഗാനവും പ്രസംഗമത്സരവും നടത്തപ്പെടുന്നു. ദേശഭക്തിഗാനമത്സരത്തിന് പ്രായപരിധിയില്ല. ഒരു ഫൊറോനയിൽനിന്നും 2 ടീമിന് പങ്കെടുക്കാം. ഒരു ടീമിൽ ചുരുങ്ങിയത് 7 പേർ ഉണ്ടായിരിക്കണം. ഒരു ടീമിന് 300 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ആഗസ്റ്റ് 7നു മുമ്പായി കെസിവൈഎം അതിരൂപതാ ഓഫീസിൽ അറിയിക്കണം.

പ്രസംഗമത്സരത്തിൽ പങ്കെടുക്കുന്നവർ കെസിവൈഎം, എസ്വൈഎം അംഗങ്ങളായിരിക്കണം. അംഗത്വകാർഡ് നിർബന്ധമാണ്. പ്രസംഗമത്സരത്തിന് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. വിഷയം 5 മിനിറ്റ് മുമ്പ് നല്കുന്നതായിരിക്കും.

| | | | |
|---|---|---|---|
| ദേശഭക്തിഗാനം | - ഒന്നാം സമ്മാനം - | 3,000 | രൂപ |
| | രണ്ടാം സമ്മാനം - | 1500 | ,, |
| പ്രസംഗമത്സരം | - ഒന്നാം സമ്മാനം - | 1000 | ,, |
| | രണ്ടാം സമ്മാനം - | 750 | ,, |

## മൈഗ്രന്റ് ഫോം

നമ്മുടെ ഇടവകയ്ക്ക് പുറത്ത് പഠനത്തിനും ജോലിക്കും മറ്റ് ആവശ്യങ്ങൾക്കുമായി പോകുന്ന യുവജനങ്ങൾക്ക് മൈഗ്രന്റ് ഫോം നിർബന്ധമാക്കിയിരിക്കുന്ന കാര്യം അഭിവന്ദ്യ പിതാവ് സർക്കുലർ മുഖേന അറിയിച്ചിരുന്നല്ലോ.

**എന്താണ് മൈഗ്രന്റ് ഫോം?**

ഇടവകയ്ക്ക് പുറത്ത് വിവിധ ആവശ്യങ്ങൾക്കുവേണ്ടി പോകുന്ന യുവജനങ്ങൾക്ക് പാസ്റ്ററൽ കെയർ നൽകാൻവേണ്ടിയുള്ള ഔദ്യോഗിക ഫോം ആണിത്...

**ആരൊക്കെ മൈഗ്രന്റ് ഫോം രജിസ്റ്റർ ചെയ്യണം?**

ഇടവകയ്ക്ക് പുറത്ത് താമസിക്കുന്ന എല്ലാ യുവജനങ്ങളും

**മൈഗ്രന്റ് ഫോം എങ്ങനെ ലഭിക്കും?**

നമ്മുടെ തലശ്ശേരി അതിരൂപതയിൽ ഇത് ഓൺലൈൻ ആയി ലഭ്യമാണ്... http://www.smymthalassery.com ഇതാണ് വെബ്സൈറ്റ്

നമ്മുടെ രൂപതയിൽ സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**മൈഗ്രന്റ് ഫോം കൊണ്ട് താഴെ പറയുന്ന ഉപകാരങ്ങൾ ഉണ്ട്...**

1. ഇത് ഒരു കത്തോലിക്ക യുവാവിന്റെ യൂത്ത് ഐഡന്റിറ്റി പ്രൂഫ് ആണ്
2. ഇതിൽ കൺടക്ട് സെർട്ടിഫിക്കറ്റ് Conduct certificate and free state certificate (NOC) എന്നീ 2 സർട്ടിഫിക്കറ്റ് കൂടി ഉൾച്ചേർത്തിട്ടുണ്ട്.

**ഇതിൽ വികാരി അച്ചന്മാർ എന്താണ് ചെയ്യേണ്ടത്?**

1. മൈഗ്രന്റ് എല്ലാ യുവജനങ്ങൾക്കും നിർബന്ധിതമാക്കിയ കാര്യം ഇടവകയിൽ അറിയിക്കുമല്ലോ? എംജിസി തുടങ്ങിയുള്ള കാര്യങ്ങൾക്കു ഇത് അത്യാവശ്യമാണെന്ന കാര്യം അറിയിക്കുമല്ലോ
2. യുവജനങ്ങൾ ഓൺലൈൻ apply ചെയ്ത് മൈഗ്രന്റ് ഫോം പ്രിന്റ് ചെയ്തു കൊണ്ടുവരുമ്പോൾ അതിൽ ഒപ്പും സീലും നല്കുമല്ലോ? മൈഗ്രന്റ്ഫോമുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു youth apostolate director അച്ചനെ contact ചെയ്യുക.

Fr. Sony Scaria Vadasseril
Mob: 8547227325
Email: frsonymail@gmail.com

## ദിയാക്കോണിയ - 2017

ചെമ്പേരി വിമൽജ്യോതി എൻജിനിയറിംഗ് കോളേജിൽവച്ച് നടന്ന തലശ്ശേരി അതിരൂപതയിലെ ഭക്തസംഘനാഭാരവാഹികളുടെ റീജണൽ സമ്മേളനത്തിൽ ദിയാക്കോണിയ 2017 പങ്കെടുത്ത് സഹകരിച്ച ചെമ്പന്തൊട്ടി ചെമ്പേരി, പൈസക്കരി മേഖലകളിലെ എല്ലാ ഭാരവാഹികൾക്കും തലശ്ശേരി

അതിരൂപതയുടെ നന്ദി അറിയിക്കുന്നു. പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ചെമ്പേരി - 6
രത്നഗിരി - 2
അരീക്കമല - 2
പുലിക്കുരുമ്പ - 4
പൂപ്പറമ്പ് - 5
ലിസിഗിരി - 5
കുടിയാന്മല - 2
നെല്ലികുറ്റി - 0
ദീപഗിരി - 3
പൊട്ടംപ്ലാവ് - 5
കനകക്കുന്ന് - 4
പൊൻമല - 0

**പൈസക്കരി**

പൈസക്കരി - 1
മുത്താറിക്കുളം - 0
ജോസ്മൗണ്ട് - 2
വെമ്പുവ - 1
ആടാംപാറ - 4
പയ്യാവൂർ - 0
ചുണ്ടപറമ്പ് - 0
പാടാംകവല - 0
ചന്ദനക്കാംപാറ - 1
ഏറ്റുപാറ - 0

**ചെമ്പന്തൊട്ടി മേഖല**

വിളക്കന്നൂർ - 1
ചേപ്പറമ്പ - 3
ശ്രീകണ്ഠാപുരം - 2
നടുവിൽ - 2
മണ്ഡപം - 8
കോട്ടൂർവയൽ - 1
കോട്ടൂർ - 0
കരയത്തുംചാൽ - 3
നെല്ലിക്കുന്ന് - 2
വെണ്ണക്കൽ - 3
ചെമ്പന്തൊട്ടി - 4
വെണ്ണക്കല്ല് - 2
കരയത്തുംചാൽ - 3
കോട്ടൂർ - 5
കോട്ടൂർവയൽ - 5
മണ്ഡളം - 4
നടുവിൽ - 3
ശ്രീകണ്ഠാപുരം - 2

**പ്രത്യേകശ്രദ്ധയ്ക്ക് :** കഴിഞ്ഞ തവണ പങ്കെടുക്കാൻ സാധിക്കാത്ത ഭാരവാഹികൾ തുടർന്നുവരുന്ന ഏതെങ്കിലും റീജണൽ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ആഗസ്റ്റ് മാസത്തിലെ റീജണൽ മീറ്റ്

ആഗസ്റ്റ് 5 - വായാട്ടുപറമ്പ ആലക്കോട്, മേരിഗിരി
സ്ഥലം - ആലക്കോട്

„ 19 - തോമാപുരം, ചെറുപുഴ
സ്ഥലം - ചെറുപുഴ

„ 26 - പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്
സ്ഥലം - പടന്നക്കാട്

എല്ലാ യൂണിറ്റിലെയും ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## Awake - 2017

ജൂൺ 26ന് വെള്ളരിക്കുണ്ട് യൂണിറ്റിൽവച്ച് നടത്തിയ ആനിമേഷൻ Awake - 2017 ൽ തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയും, അതിരൂപതാഭാരവാഹികളും പങ്കെടുത്തു. Awake - 2017 ഡയറക്ടർ ബഹു. സോണി വടശ്ശേരി അച്ചൻ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ആന്റണി തെക്കേമുറി അധ്യക്ഷത വഹിച്ചു. ഫാ. ജോബിൻ വലിയപറമ്പിലും, ഭാരവാഹികളും ആശംസകളർപ്പിച്ചു സംസാരിച്ചു. നാഷണൽ ട്രയ്നർ ബിനുസാറിന്റെ നേതൃത്വത്തിലുള്ള ക്ലാസ്സ്

യുവജന ങ്ങൾക്ക് പുത്തൻഉണർവ്വും, ആവേശവും പകരുന്നതായിരുന്നു. 250 ഓളം യുവജനങ്ങൾ പങ്കെടുത്ത Awake നാലുമണിയോടെ സമാപിച്ചു.

## അതിരൂപതാ യുവജനദിനം

പ്രശ്നസങ്കീർണ്ണമായ ഒരു സമൂഹത്തിന് പ്രത്യാശയുടെ കിരണങ്ങൾ വീശാൻ ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്ന് ഒരിക്കൽകൂടി തെളിയിക്കുന്ന തരത്തിലുള്ള ഒരു യുവജനസംഗമമായിരുന്നു 2017 ജൂലൈ 9ന് വായാട്ടുപറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ കരുവഞ്ചാലിൽവച്ച് നടന്ന യുവജന ദിനം. വിവിധ ഫൊറോനകളിൽനിന്നുമായി 700ൽപരം യുവജനങ്ങൾ പങ്കെടുത്ത സമ്മേളനം കെസി ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ മുഖ്യകാർമ്മി കത്വത്തിൽ നടന്ന ദിവ്യബലിയോടെ യുവജനദിനത്തിന് തുടക്കം കുറിച്ചു. അ. പ്രസിഡന്റ് ശ്രീ. എബിൻ കുര്യാക്കോസിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ അതിരൂപതാ വികാരി ജനറാൾ മോൺ. ഡോ. ജോസഫ് പാംപ്ലാനി മുഖ്യ പ്രഭാഷണം നടത്തി. ലിറ്റിൽ ഫ്ളവർ ദൈവാലയ വികാരി ഫാ. മാത്യു പാലമറ്റം കെസിവൈഎം പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ടും ആശംസകളർപ്പിച്ച് സംസാരിച്ചു. സമ്മേനത്തിൽവച്ച് 2017-18 വർഷത്തെ കർമ്മപദ്ധതി "പ്രകൃതിക്കൊരു ഫ്രണ്ട്" റികാസ്റ്റ് കെസിവൈഎം പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ട് പ്രകാശനം ചെയ്തു. സീറോമലബാർ സഭയുടെ യൂത്ത് എക്സലൻസ് അവാർഡ് ജേതാവായ ശ്രീ. സിജോ അമ്പാട്ടിനെ ചടങ്ങിൽ പൊന്നാടയണിയിച്ച് ആദരിച്ചു.

''പ്രകൃതിയെ സ്നേഹിക്കാം യുവത്വം നിലനിർത്താം'' എന്ന പ്രവർത്തനവിഷയത്തെ മുൻനിർത്തി അതിരൂപതയിലെ 197 ഇടവകകളിലും വൃക്ഷതൈ നടുന്ന പദ്ധതിയുടെ ഉദ്ഘാടനം അതിരൂപതാപ്രസിഡന്റ് ശ്രീ. എബിൻ കുര്യാക്കോസ് മുൻ അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ നിലയ്ക്കപ്പള്ളിക്ക് വൃക്ഷതൈ നല്കി നിർവ്വഹിച്ചു. ഓരോ ഇടവകയിലും 100 വൃക്ഷതൈകൾ നടുകയാണ് ലക്ഷ്യം. സമ്മേളനത്തെ തുടർന്ന് വർണ്ണശബളമായ യുവജന റാലി നടന്നു. ദൈവാലയഅങ്കണത്തിൽ നിന്ന് കരുവഞ്ചാൽ ടൗൺ ചുറ്റി വാദ്യമേളങ്ങളോടെയായിരുന്നു റാലി. നൂറുകണ ക്കിന് യുവജനങ്ങൾ അണിനിരന്ന റാലിക്ക് ആലക്കോട് ഫൊറോന ഡയറക്ടർ ഫാ. ജോയി മഠത്തിമ്യാലിൽ മേരിഗിരി ഫൊറോന ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, വായാട്ടുപറമ്പ് ഫൊറോന ഡയറക്ടർ ഫാ. സോജൻ ഇളംപുരയിടം മറ്റ് ഭാരവാഹികളും നേതൃത്വം നൽകി. യുവ ജനദിനം ഏറ്റെടുത്ത് നടത്തിയ വായാട്ടുപറമ്പ് ഫൊറോനയ്ക്കും, കരുവ ഞ്ചാൽ യൂണിറ്റിനും ഏറെ ഭംഗിയാക്കാൻ കഠിനാധ്വാനം ചെയ്ത ഫൊറോന ഡയറക്ടർ ഫാ. സോജൻ ഇളംപുരയിടത്തിനും, കരുവഞ്ചാൽ

ലിറ്റിൽഫ്ളവർ ദൈവാലവികാരി ബഹു. മാത്യു പാലമറ്റം അച്ചനും മേഖലാ, യൂണിറ്റ് ഭാരവാഹികൾക്കും, കരുവഞ്ചാൽ ഇടവകജനങ്ങൾക്കും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ യുവജനങ്ങൾക്കും, ആനിമേറ്റേഴ്സിനും വിവിധ ഫൊറോനകളിൽ നിന്നും എത്തിച്ചേർന്ന എല്ലാ യുവജനങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു. സ്നേഹത്തിന്റെ പങ്കുവയ്ക്കുലും വേദനിക്കുന്നവന്റെ കണ്ണീരൊപ്പലും നീതിയ്ക്കുവേണ്ടിയുള്ള പോരാട്ടവും ലോകാവസാനത്തോളം തുടരാൻ യുവത്വത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

*"പ്രിയ യുവജനസുഹൃത്തുക്കളെ നിങ്ങൾക്ക് ദൈവം നല്കിയ ദാനങ്ങളും കഴിവുകളും ചെറുതായി കാണരുത്. വലിയ സ്വപ്നങ്ങൾ കാണുന്നതിൽ നിങ്ങൾ ഭയപ്പെടുകയും വേണ്ട".*

(ഫ്രാൻസിസ് പാപ്പ)

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ വടശ്ശേരിൽ**

യുവജന ഡയറക്ടർ

സീറോ മലബാർ സഭയുടെ യൂത്ത് എക്സലൻസ് അവാർഡ് ജേതാവായ ICYM പ്രസിഡന്റും തലശ്ശേരി അതിരൂപതാംഗവുമായ ശ്രീ. സിജോ അമ്പാട്ടിന് അഭിനന്ദനങ്ങൾ!!!



# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ദാമ്പത്യ സ്നേഹത്തിന്റെ ഉടമ്പടിയായ വിവാഹം എന്ന കൂദാശയിലൂടെ രൂപപ്പെടുന്ന കുടുംബജീവിതം വളരെ സുന്ദരമാണ്. മിശിഹായിലുള്ള ഈ ദാമ്പത്യജീവിതത്തിന്റെ മഹത്വവും സൗന്ദര്യവും ദൈവശാസ്ത്രജ്ഞനായ തെർത്തുല്യൻ ഭംഗിയായി വിവരിച്ചിട്ടുണ്ട്: സഭയിൽ ക്രിസ്തുവിനാൽ യോജിപ്പിക്കപ്പെടുന്നതും, ബലിയാൽ ശക്തമാക്കപ്പെടുന്നതും, ആശീർവ്വാദത്താൽ മുദ്രവയ്ക്കപ്പെടുന്നതും, മാലാഖമാരാൽ വിളംബരം ചെയ്യപ്പെടുന്നതും, പിതാവിനാൽ സ്ഥിരീകരിക്കപ്പെടുന്നതുമായ വിവാഹത്തിന്റെ സൗഭാഗ്യത്തെ എങ്ങനെ വിവരിക്കാനാവും! ഒരേ പ്രത്യാശയും ഒരേ അഭിലാഷവും ഒരേ അനുഷ്ഠാനവും ഒരേ ശുശ്രൂഷയുമുള്ള രണ്ട് വിശ്വാസികൾ തമ്മിലുള്ള ബന്ധം എത്ര വിസ്മയകരമാണ്. യഥാർത്ഥത്തിൽ അവർ ഒരേ ശരീരത്തിൽ രണ്ട് പേരാണ്; എവിടെ ശരീരം ഒന്നായിരിക്കുന്നുവോ, അവിടെ ആത്മാവും ഒന്നു തന്നെ. സ്നേഹത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും ക്ഷമ നൽകുന്നതിലൂടെയും രൂപപ്പെടേണ്ട ഈ കൂട്ടായ്മ നമ്മുടെ ഓരോ കുടുംബങ്ങളിലും അനുഭവവേദ്യമാകുവാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. എല്ലാവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണ തിരുനാളിന്റെയും പ്രാർത്ഥനാ മംഗളങ്ങൾ.

## എം.ജി.സി – 2017

795, 796 എന്നീ എം.ജി.സി. കോഴ്സുകൾ ജൂൺ 27–29, ജൂലൈ 4–6 എന്നീ തീയതികളിൽ യഥാക്രമം സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 79 ആൺകുട്ടികളും 102 പെൺകുട്ടികളും ഉൾപ്പെടെ ആകെ 181 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## എം.ജി.സി പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽ വച്ച് ജൂൺ 29, ജൂലൈ 6 തീയതികളിൽ എംജിസി 795, 796 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് സന്ദേശഭവനിലും ഫാ. അബ്രാഹം പുതുശ്ശേരി മൗണ്ട് കാർമ്മൽ ആശ്രമത്തിലും ക്ലാസ്സ് നയിക്കുകയുണ്ടായി.

## MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

### എം.ജി.സി ബുക്ക് ചെയ്യേണ്ട വിധം

**www.familytly.com** എന്ന വെബ്സൈറ്റ് തുറക്കുക. എം.ജി.സി. രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക. പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കുടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

### അതിരൂപതാ സംഘടനാ നേതൃസംഗമം (ദിയാക്കോണിയ)

അതിരൂപതയിലെ വിവിധ ഭക്തസംഘടനാപ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിങ്ങ് കോളേജിൽവെച്ച് പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി മേഖലകളിലെ സംഘടനാ ഭാരവാഹികൾക്കായി ജൂലൈ 8 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നേതൃത്വപരിശീലന ക്യാമ്പ് നടത്തുക

യുണ്ടായി. ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ച നേതൃസംഗമത്തിൽ ഫാ. സ്കറിയ വടശ്ശേരി ആമുഖപ്രഭാഷണം നടത്തുകയും വിമൽജ്യോതി കോളേജ് ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് മോൺ. റവ. ഡോ. ജോസഫ് പാംപ്ലാനി നയിച്ച ഓറിയന്റേഷൻ ക്ലാസ്സ് സംഘടനാഭാരവാഹികളെ കൂടുതൽ നേതൃത്വഗുണമുള്ളവരായി മാറ്റുവാൻ കഴിയുന്നതായിരുന്നു. ഒരു യഥാർത്ഥ ലീഡർ ആരായിരിക്കണമെന്നും ലീഡറിനുവേണ്ട സവിശേഷ ഗുണങ്ങൾ എന്തായിരിക്കണമെന്നും തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് കോവാട്ട് നയിച്ച ക്ലാസ്സിലൂടെ വ്യക്തമാക്കി. ഉച്ചഭക്ഷണത്തിനു ശേഷം ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തുകയും അതിന്റെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. മാതൃവേദി, കെ.സി.വൈ.എം, മിഷൻലീഗ്, എന്നീ സംഘടനകളിലെ ഭാരവാഹികളെ സമന്വയിപ്പിച്ചു നടത്തിയ പരിപാടിയിൽ 304 അംഗങ്ങൾ പങ്കെടുത്തു. അതിൽ 117 പേർ മാതൃവേദി അംഗങ്ങളായിരുന്നു. സംഗമത്തിൽ സഹകരിച്ച എല്ലാവർക്കും ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ പ്രത്യേകം നന്ദിയറിയിക്കുന്നു.

**പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു**

| ചെമ്പേരി മേഖല | | ചെമ്പന്തൊട്ടി | | പൈസക്കരി | |
|---|---|---|---|---|---|
| ചെമ്പേരി | - 5 | ചെമ്പന്തൊട്ടി | - 5 | ആടാംപാറ | - 5 |
| രത്നഗിരി | - 3 | വെണ്ണക്കൽ | - 3 | വെമ്പുവ | - 2 |
| അരീക്കമല | - 6 | നെല്ലിക്കുന്ന് | - 1 | ജോസ്മൗണ്ട് | - 4 |
| പുലിക്കുരുമ്പ | - 4 | കരയത്തുംചാൽ | - 2 | മുത്താറിക്കുളം | - 3 |
| പൂപ്പറമ്പ | - 4 | കോട്ടൂർ | - 5 | ചന്ദനയ്ക്കാംപാറ | - 4 |
| ലിസിഗിരി | - 4 | കോട്ടൂർവയൽ | - 2 | ഷിമോഗ | - 2 |
| കുടിയാന്മല | - 6 | മണ്ഡളം | - 4 | ഏറ്റുപാറ | - 6 |
| നെല്ലിക്കുറ്റി | - 6 | നടുവിൽ | - 3 | പാടാംകവല | - 3 |
| ദീപഗിരി | - 2 | ശ്രീകണ്ഠാപുരം | - 1 | ചുണ്ടപറമ്പ് | - 3 |
| പൊട്ടംപ്ലാവ് | - 4 | ചേപ്പറമ്പ് | - 4 | പയ്യാവൂർ | - 2 |
| കനകക്കുന്ന് | - 5 | വിളക്കന്നൂർ | - 3 | പൈസക്കരി | - 1 |
| പൊന്മല | - 0 | | | | |

## ആഗസ്റ്റ് മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1. റീജണൽ മീറ്റ് (ദിയാക്കോണിയ)**

ആഗസ്റ്റ് - 5 വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി മേഖലകൾ
സ്ഥലം : ആലക്കോട്

ആഗസ്റ്റ് - 19 തോമാപുരം, ചെറുപുഴ മേഖലകൾ
സ്ഥലം : ചെറുപുഴ

ആഗസ്റ്റ് - 26 പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് മേഖലകൾ
സ്ഥലം : പടന്നക്കാട്

**2. ആഗസ്റ്റ് - 4 :- വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ**

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അമ്മമാർ വി. ബലിയിൽ പങ്കെടുത്ത് വൈദികർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ബലിയർപ്പണത്തിനു ശേഷം വികാരിയച്ചനെ സന്ദർശിച്ച് ആശംസകൾ നേരുകയും ചെയ്യണം.

**3. ആഗസ്റ്റ് - 15 :- സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനം**

മാതൃവേദി അമ്മമാർ യൂണിഫോം ധരിച്ച് വി. കുർബ്ബാനയിൽ പങ്കെടുക്കുകയും മാതൃഭൂമിയായ ഭാരതത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുക. അന്നേദിവസം വി. കുർബ്ബാന മദ്ധ്യേ പരി. അമ്മ തന്നെത്തന്നെ ദൈവത്തിന് സമർപ്പിച്ചതിനെ അനുസ്മരിച്ച്കൊണ്ട് കാഴ്ചസമർപ്പണം നടത്തുന്നതും ഉചിതമായിരിക്കും.

**4. ആഗസ്റ്റ് - 27 :- വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ**

അന്നേദിവസം സാധിക്കുന്നവരെല്ലാം വി. ബലിയർപ്പണത്തിൽ സംബന്ധിക്കുക. ഇടവകയിലെ വിധവകളായ എല്ലാ അമ്മമാരെയും സന്ദർശിച്ച് പ്രാർത്ഥിക്കാനും, പ്രത്യേകിച്ച് പ്രായമായ, രോഗികളായ വിധവകൾക്ക് ഒരു കൊച്ചു സമ്മാനമെങ്കിലും നൽകുവാനും ശ്രദ്ധിക്കുമല്ലോ.

## അനുകരണീയ മാതൃക

### 1. കുന്നോത്ത് മേഖല

"ഉണരുവിൻ, രോഗത്തെ പ്രതിരോധിക്കുവിൻ" എന്ന രോഗദുരിത നിവാരണ യജ്ഞത്തിന്റെ ഭാഗമായി കുന്നോത്ത് മേഖലാ മാതൃവേദിയും പെരിങ്കരി ഇടവകയും വള്ളിത്തോട് ഹെൽത്ത് സെന്ററും പ്രണവം ഹോമിയോ ക്ലിനിക്കും സംയുക്തമായി മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ സെമിനാറും സൗജന്യ മഴക്കാല രോഗപ്രതിരോധ മരുന്നു വിതരണവും നടത്തി. ജൂലൈ 1-ാം തീയ്യതി രാവിലെ 9.30 ന് പെരിങ്കരി പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് ആരംഭിച്ച പരിപാടിക്ക് കുന്നോത്ത് മേഖലാ മാതൃവേദി ഡയറക്ടർ ഫാ. ജേക്കബ് കരോട്ട് അദ്ധ്യക്ഷത വഹിക്കുകയും പായം ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. പവിത്രൻ കരിപ്പായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പെരിങ്കരി പള്ളി കോ-ഓഡിനേറ്റർ ശ്രീ. ഷാജി നടുവിൽപുരയിടത്തിൽ സ്വാഗതം ആശംസിക്കുകയും പായം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഓമന അശോകൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കുന്നോത്ത് മേഖല മാതൃവേദി പ്രസിഡന്റ് ശ്രീമതി ജെസി പുറ്റാമറ്റത്തിൽ ആശംസയർപ്പിച്ചു. തുടർന്ന് ശുചിത്വവും മഴക്കാല രോഗ പരിരക്ഷയും എന്ന വിഷയത്തെക്കുറിച്ച് വള്ളിത്തോട് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഇ മോഹനൻ ക്ലാസ്സ് നയിച്ചു. സി. ഫിൽസി കല്ലടയിൽ ഏവർക്കും നന്ദിയർപ്പിച്ചു. കാലോചിതമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ നന്മയ്ക്കായി

സേവനം കാഴ്ചവെച്ച കുന്നോത്ത് മേഖലയ്ക്ക് അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ അഭിനന്ദനങ്ങൾ.

## 2. കരുണാപുരം യൂണിറ്റ്

കരുണാപുരം സെന്റ് ജൂഡ് ദേവാലയത്തിലെ മാതൃവേദി സംഘടനയുടെ ആഭിമുഖ്യത്തിൽ കൗമാരക്കാരികളായ പെൺകുട്ടികൾക്കുവേണ്ടി ഒരു അർദ്ധദിന സെമിനാർ നടത്തി. ഈശ്വരപ്രാർത്ഥനയോടു കൂടി ആരംഭിച്ച പരിപാടി കരുണാപുരം യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ഷേർളി വർഗ്ഗീസ് അദ്ധ്യക്ഷത വഹിക്കുകയും കരുണാപുരം വികാരി ഫാ. ജിയോ പുളിക്കൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സി. ഷെറിൻ എസ്.എം.എസ് 8 മുതൽ 12 വരെയുള്ള ക്ലാസ്സിലെ പെൺകുട്ടികൾക്ക് രാവിലെ 10 മണി മുതൽ 1 മണി വരെ ക്ലാസ്സെടുത്തു. സി. ഡെൽന ക്ലാസ്സിനുശേഷം ഏവർക്കും നന്ദിയർപ്പിച്ചു. ബോധവൽക്കരണ ക്ലാസ്സിലൂടെ കൗമാരക്കാരക്കാർക്ക് ദിശാബോധം നൽകാൻ യത്നിച്ച കരുണാപുരം യൂണിറ്റിനും സഹകരിച്ച അമ്മമാർക്കും അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ അനുമോദനങ്ങൾ.

## സർവ്വേ 2017

30 വയസ്സ് കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത യുവതീയുവാക്കൾ, ഏകസ്ഥജീവിതം നയിക്കുന്നവർ, വിഭാര്യർ, വിധവകൾ, ബധിരരും മൂകരും (പുരുഷന്മാർ, സ്ത്രീകൾ) ആയിട്ടുള്ളവർ, താമസയോഗ്യമായ വീടുകളില്ലാത്തവർ, അന്യമതത്തിൽപ്പെട്ടവരുമായി വിവാഹിതരായവർ, എന്നിവരുടെ ഒരു സ്ഥിതിവിവരണക്കണക്ക് എടുക്കുന്നതിനുള്ള ഫോമുകൾ തയ്യാറാക്കിയിട്ടുണ്ട്. അത് എല്ലാ മാതൃവേദി ശാഖകളിലും എത്തിച്ച് തരുന്നതാണ്. ഫോമുകൾ പൂരിപ്പിച്ച് ആഗസ്റ്റ് 30-ാം തീയതിക്ക് മുൻപായി തലശ്ശേരി ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ തിരിച്ചേൽപ്പിക്കണെ.

## ശാഖാസന്ദർശനം

**ആര്യപ്പറമ്പ്** : ജൂൺ 25-ാം തീയതി ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ആര്യപ്പറമ്പ് ശാഖ സന്ദർശിച്ച് രാവിലെ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കുർബാനയ്ക്ക് ശേഷം മാതാപിതാക്കൾക്കായി ക്ലാസ്സെടുത്തു. 250 മാതാപിതാക്കൾ ക്ലാസ്സിൽ സംബന്ധിച്ചു. ശാഖയിൽ കുടുംബ പ്രേഷിത പ്രവർത്തനങ്ങൾക്ക് കരുത്തുറ്റ നേതൃത്വം നൽകുന്ന ബഹു. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയച്ചനും, ആനിമേറ്റർ സി. വിനീത എം.എസ്.എം.ഐയ്ക്കും അഭിനന്ദനങ്ങൾ.

### തടിക്കടവ്

ജൂലൈ 16-ാം തീയതി ഞായറാഴ്ച ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ തടിക്കടവ് ശാഖ സന്ദർശിച്ച് അമ്മമാർക്കായി ക്ലാസ്സ് നടത്തി. 120 അമ്മമാർ ക്ലാസ്സിൽ സംബന്ധിച്ചു. ശേഷം ദിവ്യബലിയർപ്പിച്ച് അവർക്കായി പ്രാർത്ഥിച്ചു. ശാഖയിൽ കുടുംബപ്രേഷിത പ്രവർത്തനങ്ങൾക്ക് ഭംഗിയായി

നേതൃത്വം നൽകുന്ന ബഹു. ജോർജ് എലുവുംകുന്നേൽ അച്ചനും ആനി മേറ്റർ സി. എത്സയ്ക്കും അഭിനന്ദനങ്ങൾ.

**നെടുവാലൂർ**

ജൂലൈ 23-ാം തീയതി ഞായറാഴ്ച ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ നെടുവാലൂർ ശാഖ സന്ദർശിച്ച് രാവിലെ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കുർബാനയ്ക്കുശേഷം സന്തോഷകരമായ കുടുംബ ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി ദമ്പതികൾക്കായി ക്ലാസ്സ് എടുത്തു. 120 പേർ ഈ ക്ലാസ്സിൽ സംബന്ധിച്ചു. വിവിധങ്ങളായ കുടുംബ പ്രേഷിതപ്രവർത്തനങ്ങളിലൂടെ ഇടവകയെ ഉണർത്തിക്കൊണ്ടി രിക്കുന്ന ബഹു. ജോർജ് കളരിമുറി അച്ചനും ആനിമേറ്റർ സി. ലൂസിക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ അഭിനന്ദനങ്ങൾ.

**പ്രത്യേകശ്രദ്ധയ്ക്ക്**

ദിയാക്കോണിയ 2017 മേഖലാതലത്തിൽ ശാഖാഭാരവാഹികളുടെ സംഗമം നടക്കുന്നതുകൊണ്ട് നിലവിലുള്ള ജ്വാല പ്രോഗ്രാം മാറ്റി വച്ചിരിക്കുന്നു.

**രൂപതാ, മേഖലാ വിഹിതം**

ഓഗസ്റ്റ് 30-ാം തീയതിക്ക് മുമ്പായി എല്ലാ ശാഖകളും രൂപതാ മേഖല വിഹിതങ്ങൾ അടച്ച് സഹകരിക്കണെ. ഒരംഗത്തിന് 10 രൂപ വീതം രൂപതാവിഹിതവും മേഖലയിൽ നിശ്ചയിച്ചിരിക്കുന്നതനുസരിച്ച് മേഖലാ വിഹിതവും അടയ്ക്കേണ്ടതാണ്.

## ഹോം മിഷൻ

ഇടവകകളിൽ ഹോം മിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചൻമാർ ആഗസ്റ്റ് 30-ാം തീയതിക്ക് മുമ്പായി വിവരം ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ അറിയിക്കുമല്ലോ. ടീമുകളെ തയ്യാറാക്കി ഹോം മിഷനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു തരുന്നതാണ്.

സ്നേഹപൂർവ്വം

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**വിദ്യാലയ മികവിന്**

എയിഡഡ് സ്കൂളുകളിലെ മുപ്പത് ദിവസത്തിൽ കൂടുതലുള്ളതും എന്നാൽ ഒരു അക്കാദമിക് വർഷത്തിൽ കുറവുള്ളതുമായ താൽക്കാലിക ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനത്തിന് സർക്കാർ അനുവാദം നൽകിയിരിക്കുന്നു. (സ. ഉ. നമ്പർ 2079/17/ പൊതുവിദ്യാഭ്യാസം തിയതി. 28/06/2017)

കഴിഞ്ഞ അധ്യയന വർഷം മൂന്നു മാസത്തിൽ കുറവുള്ള ലീവുകളിൽ പകരം നിയമിക്കപ്പെട്ടവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നില്ലായിരുന്നു. മൂന്നു മാസത്തിൽ കൂടുതലുള്ള ലീവുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്നായിരുന്നു ഉത്തരവ്. സർക്കാരിന്റെ പുതിയ തീരുമാനം സ്വാഗതാർഹമാണ്. വിദ്യാർത്ഥികളുടെ അധ്യയനാവകാശം നഷ്ടമാകാതെ പകരം ദിവസവവേതന അടിസ്ഥാനത്തിൽ അധ്യാപക നിയമനത്തിന് സാധ്യത ലഭിച്ചു.

വിദ്യാലയത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും വിദ്യാർത്ഥികളുടെ മികവിനും അധ്യാപകരുടെ സാന്നിധ്യം അത്യന്താപേക്ഷിതമാണ്. പരമാവധി ലീവെടുക്കാതെ നിലവിലുള്ള അധ്യാപകർ തന്നെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതാണല്ലോ ഉചിതം. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം ലീവെടുക്കാവൂ എന്ന്അഭ്യർത്ഥിക്കുന്നു. ലീവ് അവകാശമല്ല, സർക്കാരിന്റെ ആനുകൂല്യമാണ്. അടിയന്തര ഘട്ടങ്ങളിൽ ലീവെടുക്കുന്നവർ 30 ദിവസം തികച്ച് എടുക്കുകയാണെങ്കിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നഷ്ടമാകാതെ അധ്യാപകരെ ക്രമീകരിക്കാൻ സാധിക്കും. വ്യാപകമായി ലീവെടുക്കുന്ന പ്രവണത പ്രധാനധ്യാപകർ പ്രോത്സാഹിപ്പിക്കരുത്. ചിലപ്പോൾ പകരം അധ്യാപകരെ കൃത്യസമയത്ത് ലഭിക്കാറില്ല.

നമ്മുടെ സ്കൂളുകളിലെ ക്ലാസുകളിൽ അധ്യാപകരുടെ സാന്നിധ്യം ഇല്ലാത്ത അവസ്ഥ ഉണ്ടാകരുത്. ഇക്കാര്യത്തിൽ അധ്യാപകർ സഹകരിക്കണം. ക്ലാസുകളിൽ അധ്യാപകരില്ലാതെ വന്നാൽ ഉടൻതന്നെ പകരം അധ്യാപകരെ ക്രമീകരിക്കണം. ഇത് പ്രധാനധ്യാപകർ തങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമായി കാണണം. എല്ലാ വിദ്യാലയങ്ങളും നിർബന്ധമായി Subtitution Register സൂക്ഷിക്കണം.

ഒരു മാസമോ അതിലധികമോ ലീവെടുക്കുന്ന അധ്യാപകരുടെ ലീവ് ആപ്ലിക്കേഷൻ ഫോമിൽ ബഹു.കറസ്പോണ്ടൻഡ് റക്കമൻഡ് ചെയ്ത് ഒപ്പി

ടേണ്ട കാര്യം മറക്കരുത്. ലീവിൽ ദിവസവേതനാടിസ്ഥാനത്തിൽ വരുന്ന വർക്ക് ജോയിൻ ചെയ്യുന്ന ദിവസം തന്നെ ജോയിനിംങ് റിപ്പോർട്ട് കൊടുക്കണം. വിദ്യാഭ്യാസ ഓഫീസുകളിൽ 15 ദിവസത്തിനുള്ളിൽ നിയമനാംഗീകാരത്തിനുള്ള പ്രെപ്പോസൽ സമർപ്പിക്കണം. അതിനുവേണ്ട എല്ലാരേഖകളും തയ്യാറാക്കാൻ ജോയിൻ ചെയ്ത അന്നുതന്നെ അവരെ സഹായിക്കണം. പ്രെപ്പോസൽ തയ്യാറാക്കി ഓഫീസിൽ കൊടുക്കുന്നതിന് അവധി ദിവസങ്ങളിൽ മാത്രം കോർപ്പറേറ്റ് ഓഫീസിൽ വരിക.

കോർപ്പറേറ്റ് ഓഫീസിലേക്ക് പൊതു അവധി ദിവസങ്ങളിൽ മുൻകൂട്ടി അപ്പോയിൻമെന്റ് എടുത്ത് മാത്രം വരിക. ക്ലാസുള്ള ദിവസങ്ങളിൽ കോർപ്പറേറ്റ് ഓഫീസിലേക്ക് വിവിധ ആവശ്യങ്ങൾക്കായി അധ്യാപകരെ പ്രതീക്ഷിക്കുന്നില്ല. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ വരേണ്ടതുണ്ടെങ്കിൽ അറിയിക്കുന്നതാണ്. അതുപോലെ തന്നെ വിദ്യാഭ്യാസ ഓഫീസുകളിലേക്ക് ക്ലാസില്ലാത്ത ശനിയാഴ്ചകളിൽ പോകാൻ ശ്രദ്ധിക്കുക. മുൻ വർഷങ്ങളിൽ ക്ലാസ്സ് ദിവസങ്ങളിൽ അധ്യാപകരെ വിദ്യാഭ്യാസ ഓഫീസുകളിൽ കണ്ടിട്ടുണ്ട്. ഈ പ്രവണത വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കും.

അനധ്യാപകർ സ്കൂളിന്റെ വിവിധ ആവശ്യങ്ങൾക്കായി വിദ്യാഭ്യാസ ഓഫീസിലേക്ക് പോകാറുണ്ട്. വളരെ നേരത്തെ പ്ലാൻ ചെയ്താൽ ഓഫീസുകളിൽ കൊടുക്കേണ്ട രേഖകൾ ഏതൊക്കെയാണെന്നും അവ എങ്ങനെയൊക്കെയാണ് തയ്യാറാക്കേണ്ടതെന്നും പഠിച്ച് നേരത്തെ തന്നെ തയ്യാറാക്കിയാൽ വിദ്യാഭ്യാസ ഓഫീസുകളിലേക്കുള്ള യാത്രകളുടെ എണ്ണം കുറക്കാൻ കഴിയും. അധ്യാപകരുടെ നിയമനാംഗീകാരം, റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങൾ എന്നിവ പെട്ടെന്ന് ലഭിക്കുന്നതിനുവേണ്ടി പ്രധാനധ്യാപകരും അനധ്യാപകരും പ്രത്യേകം ശ്രദ്ധിക്കണം.

## മതബോധന - സന്മാർഗ്ഗപാഠ പരീക്ഷ

മതബോധന സന്മാർഗ ക്ലാസുകൾ അക്കാദമിക് വർഷത്തിന്റെ ആരംഭത്തിൽ തന്നെ സ്കൂളിൽ കൃത്യമായും ഭംഗിയായും ആരംഭിച്ച് മുന്നോട്ടു പോകുന്നു എന്ന് കരുതുന്നു. വിദ്യാലയം വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കുള്ള ഇടമാണല്ലോ, അതുകൊണ്ടുതന്നെ സ്കൂളിൽ സന്മാർഗ മതബോധന ക്ലാസുകൾക്ക് വലിയ പ്രസക്തിയുണ്ട്. അധ്യാപകരുടെ ഇഷ്ടാനിഷ്ടങ്ങളേക്കാൾ വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്ക് ഉപകരിക്കുന്ന കാര്യങ്ങൾ സ്കൂളിൽ കൃത്യമായി ക്രമീകരിക്കേണ്ടതുണ്ട്. ഭൂരിപക്ഷം സ്കൂളിലും സന്മാർഗ മതബോധന ക്ലാസുകൾക്ക് ആവശ്യമായ പ്രധാന്യം നൽകുന്നുണ്ട്. എന്നാൽ ചില സ്കൂളുകളിൽ പുസ്തകങ്ങൾ കൃത്യമായി വിദ്യാർത്ഥി

കൾക്ക് എത്തിച്ചുകൊടുക്കാനും പരീക്ഷപേപ്പറുകൾ പരിശോധിച്ചു കൊടുക്കാനും ക്ലാസുകൾ കൃത്യമായി നടത്താനും താല്പര്യം കാണിക്കുന്നില്ല. സ്കൂളുകളിൽ സന്മാർഗ - മതബോധന ക്ലാസുകൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് പ്രധാന അധ്യാപകർ ഉറപ്പു വരുത്തണം.

മാർക്ക് പ്രോഗ്രസ് കാർഡിൽ രേഖപ്പെടുത്താനും സ്കൂളിൽ സന്മാർഗ മതബോധന പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാനും ശ്രദ്ധിക്കണം. ബഹു.ലോക്കൽ മാനേജർ അച്ചന്മാർ അതതു സ്കൂളുകളിലെ സന്മാർഗ മതബോധന ക്ലാസുകൾ നടത്തുന്നത് വിലയിരുത്തി അധ്യാപകർക്ക് മാർഗനിർദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ വിദ്യാലയങ്ങളാണ് നമ്മുടേത് ഈ വിദ്യാലയങ്ങളുടെ തനിമയും സംസ്കാരവും മൂല്യങ്ങളും സംരക്ഷിക്കുന്നതിന് നമ്മൾ പ്രതിജ്ഞാബദ്ധരാണ്. ഈശ്വര വിശ്വാസത്തിൽ വളരുന്നതിനും മൂല്യങ്ങളിൽ അടിയുറച്ച ധാർമ്മിക ജീവിതത്തിലൂടെ നമ്മുടെ വിദ്യാർത്ഥികൾ വളർന്നു വരുന്നതിനും സന്മാർഗ മതബോധന പഠനം വിദ്യാലയങ്ങളിൽ അനിവാര്യമാണ്.

ഈ വർഷത്തെ മതബോധന - സന്മാർഗ്ഗപാഠ അർദ്ധവാർഷിക പരീക്ഷ ഓഗസ്റ്റ് 18-ാം തീയതി വെള്ളിയാഴ്ച്ചയാണ്. ചോദ്യപത്രങ്ങൾ ഓഗസ്റ്റ് 16-ാം തീയതി ബുധനാഴ്ച്ച സെന്ററുകളിൽ ലഭിക്കുന്നതാണ്.

**എൽ.പി വിഭാഗത്തിലെ കുട്ടികൾക്ക് പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ അതത് ടീച്ചേഴ്സ് തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്.**

**സമയക്രമം**

Std. I, III, V, VII, IX - സന്മാർഗ്ഗശാസ്ത്രം (10 am to 11.30 am)
- മതബോധനം (11.30 am to 1.00 pm)

Std. II, IV, VI, VIII, X - സന്മാർഗ്ഗശാസ്ത്രം (1.30 pm to 3 pm)
- മതബോധനം (3 pm to 4.30 pm)

| ക്ലാസ്സ് | മതബോധനം | സന്മാർഗ്ഗം |
|---|---|---|
| 1 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 6 |
| 2 | അദ്ധ്യായം 1 - 6 | അദ്ധ്യായം 1 - 6 |
| 3 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 6 |
| 4 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 7 |
| 5 | അദ്ധ്യായം 1 - 6 | അദ്ധ്യായം 1 - 6 |
| 6 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 6 |

| | | |
|---|---|---|
| 7 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 6 |
| 8 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 5 |
| 9 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 5 |
| 10 | അദ്ധ്യായം 1 - 5 | അദ്ധ്യായം 1 - 5 |

## പൊതു വിജ്ഞാന പരീക്ഷ

2017 - 2018 അധ്യയന വർഷത്തേക്കുള്ള പൊതുവിജ്ഞാന പഠന പുസ്തകമായ മികവ് എല്ലാ സ്കൂളുകളിലും എത്തിച്ചു. ഈ പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള ആദ്യ പരീക്ഷ ആഗസ്റ്റ് 17-ാം തീയതി വ്യാഴാഴ്ച യാണ്. വിദ്യാർത്ഥികൾക്ക് തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളെക്കുറിച്ചുള്ള അവബോധം വളർത്താനും പി. എസ്. സി പരീക്ഷകൾക്കും, സിവിൽ സർവ്വീസ് മേഖലകളിലേക്കും, പ്രാഥമിക പരിശീലനം നൽകാനും പൊതുവി ജ്ഞാന പഠനം സഹായിക്കും. മികവ് പുസ്തകത്തിലെ ആദ്യ **58** പേജുക ളിൽ നിന്നുള്ള ചോദ്യങ്ങളാണ് ആഗസ്റ്റ് 17-ാം തിയതിയിലെ പരീക്ഷയ്ക്കു ള്ളത്. കൂടാതെ 2017 ജൂൺ 1-ാം തീയതി മുതലുള്ള പത്രവാർത്തകളെ അടി സ്ഥാനമാക്കി പത്തുശതമാനം ചോദ്യങ്ങളുണ്ടാകും.

**പരീക്ഷാ സമയം**

**ആഗസ്റ്റ് 17 രാവിലെ 10 മണിമുതൽ 10.30 വരെ**

ചോദ്യപേപ്പറുകളും ഒ എം ആർ ഷീറ്റുകളും ആഗസ്റ്റ് 15-ാം തീയതി ക്കുമുമ്പായി സെന്ററുകളിൽ എത്തിക്കുന്നതാണ്. ഈ വർഷത്തെ പരീക്ഷ യുടെ ഉത്തരങ്ങൾ ഒ എം ആർ ഷീറ്റിൽ പേന ഉപയോഗിച്ച് കറുപ്പിച്ചാൽ മതിയാകും ഒ എം ആർ ഷീറ്റിൽ ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടതെങ്ങനെ യെന്ന് കുട്ടികൾക്ക് വ്യക്തമാക്കി കൊടുക്കണം. സ്കൂൾ കോർഡിനേറ്റർമാർ പരീക്ഷ തിയതിക്കുമുമ്പായി ചോദ്യപേപ്പറുകൾ അതാതു സെന്ററുകളിൽ നിന്ന് ശേഖരിക്കേണ്ടതാണ്.

## സദ്ഗമയ പി ടി ചാക്കോ പ്രസംഗ മത്സരം

ഓഗസ്റ്റ് 5-ാം തീയതി ശനിയാഴ്ച്ച അധ്യാപകർക്ക് ക്ലസ്റ്റർ യോഗം നടക്കുന്നതിനാൽ സദ്ഗമയ പി ടി ചാക്കോ പ്രസംഗ മത്സര തിയതി മാറ്റി. നേരെത്തെ അറിയിച്ചതിൽ നിന്നും വ്യത്യസ്തമായി (സർക്കുലർ നമ്പർ 11/ 2017) സെപ്തംബർ 7-ാം തീയതി വ്യാഴാഴ്ച വിവിധ സെന്ററുകളിലായി പി ടി ചാക്കോ പ്രസംഗ മത്സരം നടത്തുന്നു.

| വിഭാഗം | സെന്റർ |
|---|---|
| ഹയർസെക്കണ്ടറി വിഭാഗം | ചെമ്പേരി ഹയർസെക്കണ്ടറി |
| ഹൈസ്ക്കൂൾ, യുപി, എൽപി | എടൂർ ഹൈസ്ക്കൂൾ,<br>വായാട്ടുപറമ്പ് ഹൈസ്ക്കൂൾ |

# നിർമ്മലഗിരി വാർത്തകൾ

## നിർമ്മലഗിരിയിൽ അനുമോദന യോഗം

കണ്ണൂർ സർവ്വകലാശാല ബിരുദപരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു. മുൻ മാനേജർ റവ. ഫാ. അബ്രാഹം പോണാട്ട് മുഖ്യാഥിതിയായ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. എൻ. ജെ. സെലീന അദ്ധ്യക്ഷസ്ഥാനം വഹിച്ചു. ഇക്കഴിഞ്ഞ ബിരുദപരീക്ഷയിൽ മികച്ച വിജയം നേടാൻ നിർമ്മലഗിരിയിലെ വിദ്യാർത്ഥികൾക്കായി. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ഫാ. അബ്രാഹം പോണാട്ട് പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. ഡോ. ടി.ജെ. ഷാജിമോൻ, ശ്രീ. ഷിനിൽ കുര്യാക്കോസ്, ഡോ. ടെസ്സി ജോർജ്, ശ്രീ. ടി.ജെ. ജെയിംസ്, അലൻ ഡെന്നി എന്നിവർ സംസാരിച്ചു.

➜ ---------------------------

വിദ്യാർത്ഥികളുടെ ലിസ്റ്റ് തരാത്തവർ എത്രയും വേഗം കോർപ്പറേറ്റ് ഓഫീസിലേക്ക് മെയിൽ ചെയ്യേണ്ടതാണ്.

**എൽ. എസ്. എസ് വിജയികൾ**

**തോമാപുരം എൽ പി**

1. അലഞ്ചോ എം. എസ്
2. അൽവിൻ കെ. എം
3. ആൻമരിയ ബിനു
4. ദേവിക കെ വിജയ്
5. ജോസ് അലക്സ്
6. കൃഷ്ണ പ്രിയ പ്രസാദ്
7. നന്ദന ഷാജി
8. നിവേദ്യ പ്രദീപ്

**വെള്ളരിക്കുണ്ട് എൽ പി**

1. ജെസ്ബിൻ ജോർജ്ജ്
2. ജോർജിൻ തോമസ്
3. റോസ്മേരി അലോഷ്യസ്
4. ഗായത്രി രാജൻ
5. ആൽബർട്ട് ഷൈജസ്
6. അലൻ മാത്യൂസ്
7. ഫെബിൻ അലക്സ്
8. ആൻമരിയ ജോസ്

എൽഎസ്എസ്, യുഎസ്എസ് വിജയികൾക്കും പരിശീലനം നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങൾ...

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

## അനുശോചനം രേഖപ്പെടുത്തി

ദീർഘകാലം നിർമ്മലഗിരി കോളേജിൽ മലയാളവിഭാഗം അദ്ധ്യാപകനായിരുന്ന റവ. ഫാ. ജോസ് കണിവേലിയുടെ ആകസ്മിക നിര്യാണത്തിൽ നിർമ്മലഗിരിയിലെ പൂർവ്വഅധ്യാപകരും, അധ്യാപകഅനധ്യാപക സമൂഹവും അനുശോചനം രേഖപ്പെടുത്തി. അനുശോചന സമ്മേളനത്തിൽ പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന അനുശോചന പ്രമേയം അവതരിപ്പിച്ചു. ഫാ. ജോബി ജേക്കബ്, ഫാ. മാർട്ടിൻ ജോസഫ്, ഡോ. ഷാജിമോൻ ടി.ജെ., റിട്ട. പ്രൊ. കെ.ജെ. ജോസഫ്, ശ്രീ. ജയിംസ് ടി.ജെ. എന്നിവർ സംസാരിച്ചു.

## ഭൂമിത്ര സേന ക്ലബ് ഉദ്ഘാടനം

സംസ്ഥാനത്തെ വിവിധ ഹയർ സെക്കന്ററി സ്കൂളുകൾ/കോളേജുകൾ എന്നീ തലങ്ങളിലുള്ള വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനുവേണ്ട പരിപാടികൾ നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ കേരളപരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് സ്ഥാപിച്ചിട്ടുള്ള ഭൂമിത്ര സേന ക്ലബ് നിർമ്മലഗിരി കോളേജിൽ രൂപീകരിച്ചു. ഉദ്ഘാടനം നിർമ്മലഗിരി കോളേജിലെ സുവോളജി വകുപ്പ് റിട്ട. പ്രൊഫ. ജാൻസി ജോർജ് നിർവ്വഹിച്ചു. ഡോ. സാലി ജോർജ്, ഫാ. ജോബി ജേക്കബ്, ആൻഡ്രിയ സാബു, പ്രരൂഷ കെ. അശ്വത്ത് രയരോത്തൻ എന്നിവർ സംസാരിച്ചു. സുവോളജി വകുപ്പിലെ അസി. പ്രൊഫ. ജിംലി സി ജേക്കബ് ആണ് ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## ലഹരി വിരുദ്ധ ദിനാചരണം

ലോകലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ചു സംസ്ഥാന ലഹരി വിരുദ്ധ സംഘടനയുടെ നേതൃത്വത്തിൽ നിർമ്മലഗിരി കോളേജിലെ അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തി. സംസ്ഥാന മദ്യവിരുദ്ധ സംഘടനയുടെ പ്രസിഡന്റ് ഫാ. തോമസ് തൈത്തോട്ടം എല്ലാവർക്കുമായി പ്രതിജ്ഞ ചൊല്ലി കൊടുത്തു. പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ**

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## ജ്യോതിർഗമയ 2017 - ബി.ടെക് വിദ്യാരംഭം

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പ്രവേശനോത്സവം - ജ്യോതിർഗമയ 2017, ജൂലൈ 17-ാം തീയതി 10 മണിക്ക്, വിമൽ ജ്യോതി സ്ഥാപനങ്ങളുടെ രക്ഷാധികാരിയും തലശ്ശേരി അതിരൂപതാ അദ്ധ്യക്ഷനുമായ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. കോളേജ് ചെയർമാൻ റവ ഡോ. തോമസ് മേൽവെട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് സ്വാഗതം ആശംസിച്ചു. അഡ്മിനിസ്ട്രേറ്റർ റവ ഫാ. ജിനു വടക്കേമുളഞ്ഞനാൽ ആശംസകൾ നേർന്നു. ബർസാർ റവ ഫാ. ജോർജ്ജ് ആശാരികുന്നേൽ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. പ്രോഗ്രാം കോർഡിനേറ്റർ അസോ. പ്രൊഫ. ജോമി ജോസ് നന്ദി അർപ്പിച്ചു. കഴിഞ്ഞ അക്കാദമിക വർഷത്തിൽ പാഠ്യ-പാഠ്യാനുബന്ധ മേഖലകളിൽ മികവുതെളിയിച്ച വിദ്യാർത്ഥികൾക്കും, യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾക്കും കാഷ് അവാർഡും മെമെന്റോകളും അഭിവന്ദ്യ പിതാവ് സമ്മാനിച്ചു. പുതുതായി അഡ്മിഷൻ നേടിയ വിദ്യാർത്ഥികളും, അവരുടെ മാതാപിതാക്കളും, അദ്ധ്യാപക-അനദ്ധ്യാപകരുമടങ്ങുന്ന ഒരു വൻ ജനാവലി പരിപാടിക്ക് സാക്ഷ്യം വഹിച്ചു.



## ബി.ടെക് സ്പോട്ട് അഡ്മിഷൻ

ഈ വർഷത്തെ എൻജിനീയറിംഗ് അഡ്മിഷൻ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അഡ്മിഷൻ ആഗ്രഹിക്കുന്നവർ ഉടൻതന്നെ നേരിട്ട്

കോളേജിൽ എത്തുക. ഒഴിവുള്ള മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. എൻ.ആർ.ഐ. ക്വാട്ടയിൽ എല്ലാ ബ്രാഞ്ചുകളിലും ഏതാനും സീറ്റുകൾ ബാക്കിയുണ്ട്. കേരളാ എൻട്രൻസിൽ യോഗ്യത നേടാൻ കഴിയാത്തവർക്കും എൻ.ആർ.ഐ. സീറ്റുകളിൽ അഡ്മിഷൻ എടുക്കാവുന്നതാണ്.

## എം.ടെക് അഡ്മിഷൻ

കൺട്രോൾ & ഇൻസ്ട്രുമെന്റേഷൻ, പവർ ഇലക്ട്രോണിക്സ്, തെർമ്മൽ എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ്, കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് & സിഗ്നൽ പ്രൊസസ്സിംഗ്, സ്ട്രക്ച്ചറൽ എൻജിനീയറിംഗ് & കൺസ്ട്രക്ഷൻ മാനേജ്മെന്റ് എന്നീ 6 ബ്രാഞ്ചുകളിലേയ്ക്കും അഡ്മിഷൻ ആഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജ് ഓഫീസിൽ നേരിട്ട് ഹാജരാവുക.

## എം.ബി.എ അഡ്മിഷൻ - എം.ബി.എ ബ്രിഡ്ജ് കോഴ്സ് ആരംഭിച്ചു.

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിൽ (എം.ബി.എ കോളേജ്) ഒഴിവുള്ള ഏതാനും സീറ്റുകളിൽ ചേരുവാൻ ഇനിയും അവസരമുണ്ട്. താല്പര്യമുള്ളവർ ആവശ്യമായ രേഖകൾ സഹിതം നേരിട്ട് കോളേജ് ഓഫീസിൽ നേരിട്ട് സമീപിക്കേണ്ടതാണ്.

## ഇന്റർനാഷണൽ കോൺഫറൻസ്

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ 2017 ജൂലൈ 6,7 തീയതികളിൽ - ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഇന്റലിജന്റ് കമ്പ്യൂട്ടിംഗ്, ഇൻസ്ട്രുമെന്റേഷൻ & കൺട്രോൾ ടെക്നോളജീസ് - 2017 (ICICICT-2017) നടത്തി. എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. ഡോ. കുഞ്ചെറിയ ഐസക്ക് മുഖ്യ അതിഥി ആയിരുന്നു. സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി പ്രൊഫ. ഡോ. ലിൻസൂൺ വോങ്ങ്, ശ്രീലങ്കയിലെ മൊറാടുവ യൂണിവേഴ്സിറ്റി പ്രൊഫ. ഡോ. സിസിൽ കുമരവതു തുടങ്ങിയവർ പേപ്പർ പ്രസന്റേഷൻ നടത്തി. സ്പെയിൻ, നൈജീരിയ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നും മറ്റുമായി 500ൽ അധികംപേർ കോൺഫറൻസിൽ പങ്കെടുത്തു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# കരിസ്മാറ്റിക് നവീകരണരംഗം

## ഫാത്തിമാ മാതാവിന്റെ പ്രത്യക്ഷീകരണ ശതാബ്ദിവർഷാചരണം 1917-2017

## ഫാത്തിമാ സന്ദേശയാത്ര

**കണ്ണൂർ-തലശ്ശേരി-കാസർഗോഡ് സോണുകളിലൂടെ ഓഗസ്റ്റ് 16 മുതൽ 24 വരെ**

പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ആഘോഷത്തിലാണല്ലോ പരിശുദ്ധ കത്തോലിക്കാസഭ. കേരളസഭയിൽ ഈ ശതാബ്ദി ആഘോഷകർമ്മപദ്ധതികൾ കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത് കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തെയാണ്. ഫാത്തിമാ സെന്റിനറി സെലീബറേഷൻ കമ്മിറ്റിയാണ് (FCCC) കോ-ഓർഡിനേറ്റ് ചെയ്യുന്നത്. സോണൽ ഫാത്തിമാ സെന്റിനറി സെലിബറേഷൻ കമ്മിറ്റിയാണ് (ZFCCC) ഈ ഫാത്തിമാ സന്ദേശയാത്രയ്ക്കും മറ്റ് ആഘോഷങ്ങൾക്കും പ്രാദേശികമായി നേതൃത്വം നൽകുന്നത്.

കേരളസഭയുടെ ഈ ആഘോഷത്തിന്റെ ഭാഗമായി ഫാത്തിമയിൽ നിന്നും പ്രത്യേകമായി കൊണ്ടുവരുന്ന പരിശുദ്ധ അമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടു നടത്തുന്ന ഫാത്തിമാ സന്ദേശയാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായികൊണ്ടിരിക്കുന്നു. കരിസ്മാറ്റിക് സുവർണ്ണ ജൂബിലിയുടെ സമാപന ആഘോഷത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട ആളൂർ ല്യൂമെൻ യൂത്ത് സെന്റർ ഗ്രൗണ്ടിൽ നടക്കുന്ന അഖില ലോക മലയാളി കരിസ്മാറ്റിക് സംഗമവേദിയിൽനിന്നും കൊണ്ടുവരുന്ന ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം ഓഗസ്റ്റ് 16ന് വൈകിട്ട് 5.00 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ മരിയൻ തീർത്ഥാടന ദൈവാലയത്തിൽവച്ച് സ്വീകരിക്കുന്നു. 17 മുതൽ 19 വരെ 11 സബ് സോണുകളിലെ വിവിധ ഇടവകകളിലൂടെ സന്ദേശയാത്ര കടന്നു പോകുന്നു.

വാർഷിക ധ്യാന സമാപന സന്ദേശത്തിൽ അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് നൽകിയ ആഹ്വാനമനുസരിച്ച് ഈ തിരുസ്വരൂപ സന്ദേശയാത്ര വിജയിപ്പിക്കുകയും കഴിയുന്നിടത്തോളം ആളുകളെ പങ്കെടുപ്പിക്കുകയും ചെയ്യുമല്ലോ.

**ഫാത്തിമാ സന്ദേശയാത്ര ഓഗസ്റ്റ് 16 മുതൽ 19 വരെ കടന്നു പോകുന്ന കണ്ണൂർ സോണിലെ ഇടവകകൾ**

**ഓഗസ്റ്റ് 16ന്** വൈകിട്ട് 6 മണിക്ക് അതിരൂപതാതല സ്വീകരണം തളിപ്പറമ്പ് സെന്റ് മേരീസ് മരിയൻ തീർത്ഥാടന ദൈവാലയം.

**ഓഗസ്റ്റ് 17 വ്യാഴം**

6.00 മുതൽ 7.00 വരെ - ബക്കളം ഫാത്തിമാ മാതാ ദൈവാലയം
7.30 മുതൽ 9.00 വരെ - കണ്ണൂർ ശ്രീപുരം
9.30 മുതൽ 10.30 വരെ - താഴെ ചൊവ്വ, സെന്റ് ഫ്രാൻസിസ് ദൈവാലയം
11.00 മുതൽ 12.00 വരെ - ബർണ്ണശേരി, കണ്ണൂർ
12.30 മുതൽ 02.45 വരെ - ചെറുകുന്ന് തിരുഹൃദയ ദൈവാലയം
03.30 മുതൽ 04.30 വരെ - മരിയപുരം, നിത്യസഹായമാതാ ദൈവാലയം
05.30 മുതൽ 06.00 വരെ - പരിയാരം മദർതെരേസ ദൈവാലയം
06.30 നൈറ്റ് വിജിൽ - പിലാത്തറ, പരിശുദ്ധ വ്യാകുല മാതാ ദൈവാലയം

**ഓഗസ്റ്റ് 18 വെള്ളി**

06.00 മുതൽ 08.00 വരെ - ചെമ്പന്തൊട്ടി, സെന്റ് ജോർജ് ദൈവാലയം
08.30 മുതൽ 09.00 വരെ - മടമ്പം ലൂർദ്ദ് മാതാ ദൈവാലയം
09.45 മുതൽ 10.45 വരെ - അലക്സ് നഗർ, സെന്റ് ജോസഫ് ദൈവാലയം
11.15 മുതൽ 12.15 വരെ - പയ്യാവൂർ വലിയപള്ളി, സെന്റ് സെബാസ്റ്റ്യൻ „
12.45 മുതൽ 01.45 വരെ - വെമ്പുവാ മാർസ്ലീവാ ദൈവാലയം
02.00 മുതൽ 03.00 വരെ - പയ്യാവൂർ കരുണയുടെ ദൈവാലയം
03.30 മുതൽ 04.30 വരെ - പൈസക്കരി ദേവമാതാ ദൈവാലയം
05.00 മുതൽ 06.30 വരെ - പൈസക്കരി ലൂർദ്ദ്മാതാ ഫൊറോനാ ദൈവാലയം
07.00 മുതൽ 08.15 വരെ - അരീക്കമല സെന്റ് ജോസഫ് ദൈവാലയം
08.30 മുതൽ 09.30 വരെ - നെല്ലിക്കുറ്റി സെന്റ് അഗസ്റ്റ്യൻസ് ദൈവാലയം

**ഓഗസ്റ്റ് 19 ശനി**

06.00 മുതൽ 08.15 വരെ - കുടിയാന്മല, ഫാത്തിമാ മാതാ ദൈവാലയം
08.45 മുതൽ 09.45 വരെ - പുലിക്കുരുമ്പ, സെന്റ് അഗസ്റ്റ്യൻസ്
10.00 മുതൽ 11.00 വരെ - മണ്ഡളം, സെന്റ് ജൂഡ് ദൈവാലയം
11.30 മുതൽ 12.30 വരെ - വിളക്കന്നൂർ ക്രിസ്തുരാജ, ദൈവാലയം
01.00 മുതൽ 02.15 വരെ - കരുണാപുരം, സെന്റ് ജൂഡ് ദൈവാലയം
02.30 മുതൽ 03.30 വരെ - കരുവഞ്ചാൽ, ലിറ്റിൽ ഫ്ളവർ ദൈവാലയം
04.00 മുതൽ 05.00 വരെ - ആലക്കോട്, സെന്റ് മേരീസ് ദൈവാലയം
05.30 മുതൽ 06.30 വരെ - ഉദയഗിരി, സെന്റ് മേരീസ് ദൈവാലയം
07.00 നൈറ്റ് വിജിൽ - മേരിഗിരി, ലിറ്റിൽ ഫ്ളവർ ദൈവാലയം

**ഓഗസ്റ്റ് 23 ബുധൻ**

08.30 am - മണിക്കടവ്, സെന്റ് തോമസ് ദൈവാലയം
11.00 am - നെല്ലിക്കാംപൊയിൽ, സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയം
02.00 pm - കിളിയന്തറ, സെന്റ് മേരീസ് ദൈവാലയം

04.00 pm - അങ്ങാടിക്കടവ്, സേക്രട്ട് ഹാർട്ട് ദൈവാലയം
06.00 pm - എടൂർ, സെന്റ് മേരീസ് ഫൊറോന ദൈവാലയം
08.00 pm - പട്ടാരം, വിമലഗിരി ധ്യാനകേന്ദ്രം
09.00 pm - ഇരിട്ടി, സെന്റ് ജോസഫ് ദൈവാലയം (രാത്രി ജാഗരണം)

**ഓഗസ്റ്റ് 24 വ്യാഴം**

11.00 am - തലശ്ശേരി, സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയം
01.30 pm - തലശ്ശേരി, സെന്റ് പീറ്റേഴ്സ് ദൈവാലയം
04.30 pm - ആലച്ചേരി, അസംപ്ഷൻ ദൈവാലയം
06.30 pm - ആര്യപ്പറമ്പ്, ഫാത്തിമമാതാ ദൈവാലയം (രാത്രി ജാഗരണം)

**ഓഗസ്റ്റ് 25 വെള്ളി**

07.00 am - കല്ലുമുതിരക്കുന്ന്, സെന്റ് ജൂഡ് ദൈവാലയം
08.00 am - പെരുമ്പുന്ന, ഫാത്തിമ മാതാ ദൈവാലയം
09.00 am - തുണ്ടിയിൽ, സെന്റ് ജോസഫ് ഫൊറോന ദൈവാലയം
11.00 am - കണിച്ചാർ സെന്റ് ജോർജ് ദൈവാലയം (സമാപനം)
01.00 pm - മാനന്തവാടി സോണിലേയ്ക്ക്

1. കണ്ണൂർ സോണിൽ കഴിഞ്ഞ മൂന്ന് വർഷം സോണൽ ആനിമേറ്ററായി ശുശ്രൂഷ ചെയ്ത റവ. ഫാ. തോമസ് കൂട്ടിയാനിക്ക് (CMI ദർശന ധ്യാന മന്ദിരം) കണ്ണൂർ സോണിന്റെ നന്ദിയും പ്രാർത്ഥനകളും അറിയിക്കുന്നു.
2. കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം: കണ്ണൂർ സോൺ പുതിയ ആനിമേറ്ററായി, വായാട്ടുപറമ്പ് സബ് സോൺ ആനിമേറ്ററും, പാത്തൻപാറ ഇടവകാ വികാരിയും, ധ്യാനഗുരുവുമായ റവ. ഫാ. സെബാസ്റ്റ്യാൻ മുട്ടത്തുപാറയെ KCCRST യും തലശ്ശേരി അതിരൂപത യും ഡയറക്ടറും ചേർന്ന് നിയമിച്ചിരിക്കുന്നു. കണ്ണൂർ സോണിന്റെ അഭിനന്ദനവും പ്രാർത്ഥനാ ആശംസകളും നേരുന്നു.
3. ഓഗസ്റ്റ് 2-ന് - സോണൽ ഏകദിനം - ദർശന തളിപ്പറമ്പ്
4. ഓഗസ്റ്റ് 4-ന് - അഖിലലോക മലയാളിസംഗമ വിജയത്തിനായി ഏകദിന മദ്ധ്യസ്ഥപ്രാർത്ഥനാ ദിനം
5. ഓഗസ്റ്റ് 12-15 - അഖിലലോക മലയാളിസംഗമം ഇരിങ്ങാലക്കുട ആളൂർ യൂത്ത് സെന്റർ

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

അഭിവന്ദ്യരായ വൈദികരെ, ആദരണീയരായ സന്യസ്തരെ, സ്നേഹം നിറഞ്ഞ അല്മായ പ്രേഷിതരെ,

ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

ഫ്രാൻസിസ്ക്കൻ മൂന്നാംസഭയുടെ അഭിമാനതാരമായ വി. അൽഫോൻസാമ്മയുടെയും ഫ്രാൻസിസ്ക്കൻമക്കളുടെ അമ്മയായ വി. ക്ലാരയുടെയും തിരുനാൾമംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

### തിരുനാൾ ആഘോഷം

വിശുദ്ധരെ സ്മരിച്ചുകൊണ്ടും വിശുദ്ധരുടെ പുണ്യങ്ങൾ സ്വാംശീകരിച്ചുകൊണ്ടും ഭക്തിപൂർവ്വം തിരുനാൾ ആഘോഷിക്കുമ്പോൾ വിശുദ്ധിയിലേക്കു വളരാനുള്ള ഊർജ്ജം ധാരാളമായി നമുക്കുലഭിക്കും. ഇത്തരത്തിലുള്ള നൂറുകണക്കിന് വിശുദ്ധർ നമുക്കുണ്ട് എന്നതാണ് ഫ്രാൻസിസ്ക്കൻ മഹാകുടുംബത്തിന്റെ പ്രത്യേകത. വി. അൽഫോൻസായുടെ തിരുനാൾ സമുചിതമായി ആഘോഷിക്കുവാൻ ആയതിൽ നമുക്ക് സന്തോഷിക്കാം. നമ്മിലൊരുവളായി ജീവിച്ച അൽഫോൻസാമ്മ പിഞ്ചെന്ന ഫ്രാൻസിസ്ക്കൻ മൂന്നാംസഭയുടെ നിയമാവലി പഠിക്കാനും പ്രായോഗികമാക്കാനും ഈ ദിനങ്ങളിൽ നമുക്ക് കൂടുതൽ ശ്രദ്ധിക്കാം.

ഓഗസ്റ്റ് മാസം 11-ാം തീയതിയാണല്ലോ വി. ക്ലാരയുടെ തിരുനാൾ അസ്സീസിയിലെ ഫ്രാൻസിസിന്റെ ആധ്യാത്മികത ഏറ്റവും ആഴമായി മനസിലാക്കുകയും ആത്മാർത്ഥമായി അനുകരിക്കുകയും ചെയ്ത മഹാവിശുദ്ധയായ ക്ലാരയുടെ ജീവിതം വീരോചിതമായിരുന്നു. അസ്സീസിയിലെ സാൻഡാമിയാനോ മഠത്തിന്റെ ആവൃതിക്കുള്ളിൽ കർക്കശമായ ദാരിദ്ര്യത്തിലും ആഴമായ ഉപവിയിലും ജീവിച്ച ക്ലാരയുടെ ഉപദേശം തേടാൻ മെത്രാന്മാരും കർദ്ദിനാൾമാരും മാർപാപ്പപോലും വരുമായിരുന്നു എന്നറിയുമ്പോഴാണ് ചരിത്രത്തിൽ ക്ലാരയുടെ സ്ഥാനം നമുക്ക് മനസ്സിലാകുന്നത്. നമ്മുടെ അമ്മയായ ഈ പുണ്യവതിയുടെ തിരുനാളും ഭ്രാതൃത്വങ്ങളിൽ നമുക്ക് സാഘോഷം കൊണ്ടാടാം.

പട്ടാരത്തുവച്ച് നടന്ന അതിരൂപതാ കമ്മറ്റിയോഗത്തിൽ ഭാരവാഹികൾ പങ്കെടുക്കുകയും അല്മായസഭയുടെ മലബാറിലെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും ചെയ്തു. അതിരൂപതാ മിനിസ്റ്റർ ബ്ര. മാത്തുകുട്ടി പുത്തോട്ടാൽ അധ്യക്ഷതവഹിച്ച പ്രസ്തുതസമ്മേളനത്തിൽ മൂന്നു റീജിയനുകളെ പ്രതിനിധാനംചെയ്ത് ഭാരവാഹികൾ പങ്കെടുക്കുകയും

റീജിയന്റെ പ്രവർത്തനങ്ങൾ വിവരിക്കുകയും ചെയ്തു. ഈ വർഷാവസാനം നടത്തേണ്ട തെരഞ്ഞെടുപ്പിനായി അംഗങ്ങളെ ഒരുക്കുവാനും വാർഷിക ധ്യാനം സംഘടിപ്പിക്കുവാനും കൈപ്പുസ്തകം പ്രസിദ്ധീകരിക്കുവാനും തീരുമാനമായി. അതിരൂപതാ സെക്രട്ടറി ബ്ര. എബി കാരാമയിൽ യോഗ ത്തിന് നന്ദിപ്രകാശിപ്പിച്ചു.

## സന്ദർശനം - സെമിനാർ

ഭ്രതൃത്വങ്ങളെ ശക്തിപ്പെടുത്താനും ഫ്രാൻസിസ്ക്കൻ മൂല്യങ്ങൾ പകർന്നുകൊടുക്കാനുമായി ആത്മീയസഹായിയുടെ നേതൃത്വത്തിൽ സന്ദർശനങ്ങളും സെമിനാറുകളും വിവിധ യൂണിറ്റുകളിലായി സംഘടിപ്പിച്ചു. പൊട്ടൻപ്ലാവ്, കാപ്പിമല, കുടിയാന്മല, പാത്തൻപാറ, ഏറ്റുപാറ, പൈസക്കരി, ചന്ദനക്കാംപാറ, ചെമ്പേരി, നെല്ലിക്കാംപൊയിൽ എന്നീ ഇടവകകളിൽ സംഘടിപ്പിക്കപ്പെട്ട മീറ്റിംഗുകളിൽ റീജനൽ ഭാരവാഹികൾ പങ്കെടുക്കുകയും ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ചെമ്പേരി, പട്ടാരം, ചെറുപുഴ, റീജിയനു കളുടെ എക്സിക്യൂട്ടീവ് കമ്മറ്റികൂടുകയും അല്മായസഭയുടെ പ്രവർത്തന ങ്ങൾ ഊർജ്ജിതമാക്കാനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. ബ്ര. ജോണി വാഴൂപടിക്കൽ, ബ്ര. ജോസ് ആലപ്പാട്ട്, ബ്ര. ജോയി മൂങ്ങാമാക്കൽ എന്നിവർ പ്രസ്തുതയോഗങ്ങൾക്ക് നേതൃത്വം നൽകി.

## കൂടുതൽ പ്രദേശങ്ങളിലേയ്ക്ക്

അതിരൂപതയിലെ കൂടുതൽ ഇടവകകളിലേയ്ക്ക് അല്മായ സഭയുടെ പ്രവർത്തനം വ്യാപിക്കുന്നതിന് ദൈവത്തിന് നന്ദി പറയുന്നു. താമരശ്ശേരി രൂപതയിൽ പുതിയതായി കൂട്ടായ്മ ജൂലൈ ഒന്നും രണ്ടും തിയതികളിലായി കുളത്തുവയൽ ധ്യാനകേന്ദ്രത്തിൽവച്ച് കൂടുകയുണ്ടായി. അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനി പിതാവ് ഉദ്ഘാടനം ചെയ്ത പ്രസ്തുത സമ്മേളനത്തിൽ അല്മായ സഹോദരങ്ങളോടൊപ്പം ഫ്രാൻസിസ്ക്കൻ സഭയിൽപ്പെട്ട ധാരാളം വൈദികരും സിസ്റ്റേഴ്സും പങ്കെടുത്തു. പാവനാത്മ കപ്പൂച്ചിൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ബഹു. തോമസ് കരിങ്ങടയച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി. മാനന്തവാടി രൂപതയിലും കൂടുതൽ ഇടവകകളിൽ അല്മായസഭ വ്യാപിക്കുന്നു എന്നതിൽ നമുക്കു സന്തോ ഷിക്കാം.

## കൂടുതൽ ഉത്തരവാദിത്വം

കേരളത്തിലാകമാനമുള്ള അല്മായ സഭയുടെ പ്രവർത്തനങ്ങൾക്ക് ഒരംഗീകാരമെന്ന നിലയിൽ വലിയൊരു ഉത്തരവാദിത്വം ദൈവം സഭയെ ഏൽപ്പിക്കുകയാണ്. ദളിത് ക്രൈസ്തവർക്കായുള്ള ഭവനനിർമ്മാണം. കെസിബിസിയുടെ എസ്.സി/എസ്.റ്റി കമ്മീഷൻ ചെയർമാനായ മാർ ജേക്കബ് മുരിക്കൻ പിതാവ് കേരളത്തിലെ മൂന്ന് റീത്തിൽ നിന്നുമുള്ള

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"തിരിച്ചുകിട്ടും എന്ന് പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മചെയ്യുവിൻ" (ലൂക്ക 6:35).*

*പ്രിയ സഹോദരരേ,*

**കുന്നോത്ത് എസി സെമിനാർ**

കുന്നോത്ത് എസിയുടെ 2017-18 വർഷത്തെ ഒന്നാമത് എസി സെമിനാറും രണ്ടാംകടവ് സെന്റ് ജോസഫ്സ് കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജെസ്റ്റിൻ പുതുപ്പറമ്പിലിന്റെ നിര്യാണത്തിലുള്ള അനുസ്മരണവും ദിവ്യബലിയും 24.06.2017ന് രണ്ടാംകടവിൽവച്ചു നടത്തുകയുണ്ടായി. എസി പ്രസിഡന്റ് ബ്ര. ബേബി കളരിയ്ക്കലിന്റെ പ്രാരംഭപ്രാർത്ഥനയോടെ യോഗം 2 മണിക്ക് ആരംഭിച്ചു. കുന്നോത്ത് കോൺഫറൻസ് സി. മേരിക്കുട്ടി നടുവിൽ പുരയിടം ജ്ഞാനവായന നടത്തി. എ.സി. പ്രസിഡന്റ് എല്ലാവർക്കും സ്വാഗതമരുളി. തുടർന്ന് സിസി പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി. നിയുക്തപ്രസിഡന്റ് ബ്ര. ജേക്കബ് നന്ദിയും സിസി പ്രസിഡന്റ് സമാപന പ്രാർത്ഥനയും നടത്തി.

---

അല്മായ ഫ്രാൻസിസ്ക്കൻ സഭാ നേതൃത്വത്തെ ജൂലൈ ഒന്നാം തിയതി ഭരണങ്ങാനത്തു വിളിച്ചുകൂട്ടിയാണ് ഈ നിർദ്ദേശം സമർപ്പിച്ചത്. പിതാവിന്റെ ഈ സ്വപ്നത്തിന് അല്മായ സഭാനേതൃത്വം പൂർണ്ണപിന്തുണ വാഗ്ദാനം ചെയ്തു. രൂപതയുടെ നേതൃത്വവുമായി ചേർന്നുചെയ്യേണ്ട ഈ ജീവകാരുണ്യപ്രവർത്തനങ്ങളുടെ രൂപരേഖ പിന്നീട് അറിയിക്കുന്നതായിരിക്കും. അവഗണിക്കപ്പെടുന്നവരെ കൈപിടിച്ചുയർത്തുന്ന ഈ സംരംഭത്തിനുവേണ്ട ശക്തിക്കായി നമുക്ക്പ്രാർത്ഥിച്ച് ഒരുങ്ങാം.

ഏവർക്കും ഒരിക്കൽക്കൂടി വി. ക്ലാരയുടെ തിരുനാൾ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിച്ചുകൊണ്ട്

സാഹോദര്യപൂർവ്വം,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി

**ചെറുപുഴ എസി വാർഷികവും സെമിനാറും സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി ചെറുപുഴ ഏരിയാ കൗൺസിൽ വാർഷികം 26.06.2017 മുളപ്ര, സെന്റ് അൽഫോൻസാ ചർച്ച്**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ചെറുപുഴ ഏരിയാ കൗൺസിൽ 2016-17 വാർഷികയോഗം 26.06.2016ന് മുളപ്ര സെന്റ് അൽഫോൻസാ പള്ളിയിൽവച്ച് നടന്നു. രാവിലെ ഒൻപതുമണിക്ക് അംഗങ്ങളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. റവ. ഫാ. ജോസഫ് കുഴിയാനിമറ്റം, വികാരി സെന്റ് അൽഫോൻസാ ചർച്ച് മുളപ്ര 9.30ന് വിശുദ്ധ ബലി അർപ്പിച്ചു. 10.30ന് വാർഷികയോഗം ആരംഭിച്ചു. പ്രാരംഭ പ്രാർത്ഥന ബ്ര. ബേബി മേടയിൽ, ജ്ഞാനവായന ബ്ര. ബേബി മാണിപറമ്പിൽ. കുമാരി സ്റ്റെല്ലാ തോമസ് പ്രാർത്ഥനാഗാനം ആലപിച്ചു.

തുടർന്ന്, ചെറുപുഴ എസി വൈസ്പ്രസിഡന്റ് ബ്ര. ജോയി ജോസഫ് കോടിക്കുളം സ്വാഗതം ആശംസിച്ചു. യോഗാദ്ധ്യക്ഷൻ ബ്ര. ഫിലിപ്പ് പാറേക്കാട്ടിൽ (എസി. പ്രസിഡന്റ്) അദ്ധ്യക്ഷപ്രസംഗം നടത്തി. ശേഷം, റവ. ഫാ. ജോസഫ് കുഴിയാനിമറ്റം, യോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. 2016-17 വർഷത്തെ ചെറുപുഴ ഏരിയാ കൗൺസിലിന്റെ പ്രവർത്തന റിപ്പോർട്ട് എസിയുടെ സെക്രട്ടറി ബ്ര. തോമസ് പാറടിയിൽ അവതരിപ്പിച്ചു.

പിന്നീട് യോഗത്തിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് സിസി പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരം മുഖ്യപ്രഭാഷണം നടത്തി. സിസി സെക്രട്ടറി ബ്ര. ബേബി കളരിക്കൽ, മദർ സിസ്റ്റർ ജസ്റ്റീനാ (സെന്റ് അൽഫോൻസാ കോൺവെന്റ് മുളപ്ര) ബ്ര. ജോജി ചെമ്പരത്തിക്കൽ (കോ-ഓർഡിനേറ്റർ സെന്റ് അൽഫോൻസ ചർച്ച് മുളപ്ര) എന്നിവർ പ്രസംഗിച്ചു.

തുടർന്ന് ബ്ര. തോമസ് അടിച്ചിലാമാക്കൽ ആദ്ധ്യാത്മിക ക്ലാസ്സ് നയിച്ചു. പിന്നീട് എസിയിൽ നിലവിലുള്ള ബിഷപ്പ് വള്ളോപ്പിള്ളി എൻഡോവ്മെന്റ്- ഉപരിപഠനം നടത്തുന്ന കുട്ടികൾക്ക് ഓരോ കോൺഫ്രൻസും രണ്ടായിരംരൂപ വീതം-ആകെ 12 കുട്ടികൾക്കായി വിതരണം ചെയ്തു.

2016-17 വർഷത്തെ, ചെറുപുഴ എസിയുടെ ബെസ്റ്റ് കോൺഫറൻസ് ആയി തെരഞ്ഞെടുക്കപ്പെട്ട തിരുമേനി സെന്റ് ആന്റണീസ് കോൺഫറൻസിനും കഴിഞ്ഞ മൂന്നുവർഷമായി എസി & സിസിതല ക്വിസ് മത്സരത്തിൽ വിജയിയാകുകയും കെആർസിസി തലമത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുകയും ചെയ്ത കുമാരി അഖിലാ കുന്നുപുറത്തെയും അഭിനന്ദിക്കുകയും ട്രോഫികൾ നൽകുകയും ചെയ്തു. എസി ജോയിന്റ് സെക്രട്ടറി ബ്ര. ബേബി മാണിപറമ്പിൽ യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു.

## വായാട്ടുപറമ്പ എ.സി. ആദ്ധ്യാത്മിക സെമിനാർ

വായാട്ടുപറമ്പ് എസിയുടെ 2017-18 വർഷത്തെ ആദ്യത്തെ ആദ്ധ്യാത്മികസെമിനാർ ജൂൺ 28-ാം തീയതി കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പാരീഷ്ഹാളിൽവച്ചു നടത്തപ്പെട്ടു. സെമിനാറിൽ 82 പേർ പങ്കെടുത്തു. എസിപ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ അധ്യക്ഷത വഹിച്ചു. പ്രാരംഭപ്രാർത്ഥനക്കുശേഷം എസി സീനിയർ വൈ. പ്രസിഡന്റ് ബ്ര. തോമസ് പുത്തൻപുര സ്വാഗതം ആശംസിച്ചു. ലിറ്റിൽ ഫ്ളവർ പള്ളി വികാരി ഫാ. മാത്യു പാലമറ്റം സെമിനാർ ഉദ്ഘാടനം ചെയ്തു. അധ്യക്ഷ പ്രസംഗത്തിൽ എസി പ്രസിഡന്റ് കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. കരുണാപുരം മൈനർ സെമിനാരിയിലെ റവ.ഫാ. ജെഫി ഇല്ലിക്കൽ ക്ലാസ് നയിച്ചു.

സെമിനാറിന്റെ അന്ത്യഘട്ടത്തിൽ എസി.മീറ്റിംഗും നടത്തപ്പെട്ടു. സിസി തലത്തിൽ നടത്താൻ പോകുന്ന ജൂബിലി ആഘോഷത്തെപ്പറ്റിയും അതിനോടനുബന്ധിച്ച് പാവപ്പെട്ടവർക്കു വീടുവെച്ചു കൊടുക്കുന്ന വിഷയവും ചർച്ച ചെയ്തു.

എസി സെക്രട്ടറി ലീലാമ്മ ജോർജ് വില്ലന്താനം നന്ദി അർപ്പിച്ചു. സമാപനപ്രാർത്ഥനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ സെമിനാർ സമാപിച്ചു.

## തോമാപുരം എസി സെമിനാർ

തോമാപുരം എസിയുടെ 2017-2018 വർഷത്തെ ആധ്യാത്മിക സെമിനാർ ജൂൺ 29-ാം തീയതി നല്ലോംപുഴ വിൻസെൻഷ്യൻ ഭവനത്തിൽ നടത്തപ്പെട്ടു.

രാവിലെ 9.30ന് ജപമാലയോടുകൂടി സെമിനാർ ആരംഭിക്കുകയും സെമിനാറിന്റെ വിശിഷ്ടാതിഥിയും തോമാപുരം ഫൊറോന ദൈവാലയത്തിന്റെ അസിസ്റ്റന്റ് വികാരിയുമായ റവ. ഫാ. ജോസഫ് ആനചാരി, ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. തോമാപുരം എസി പ്രസിഡന്റ് ബ്ര. ജോർജ് ഇടക്കരമൈലക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസിയുടെ വൈസ് പ്രസിഡന്റ് സി. മേരിക്കുട്ടി കളരിമുറി സ്വാഗതം ആശംസിക്കുകയും, ബ്രദർ ജോർജ് അധ്യക്ഷ പ്രസംഗം നടത്തി. റവ. ഫാ. ജോസഫ് ആനചാരി സെമിനാറിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് തലശ്ശേരി സിസി പ്രസിഡന്റ് ബ്രദർ ബാബു കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് സിസിയുടെ ജന. സെക്രട്ടറി ബ്ര. ബേബി കളരിക്കൽ ആശംസ പ്രസംഗം നടത്തി. എ.സി. സെക്രട്ടറി ബ്ര. ടോമി മൈലയ്ക്കൽ നന്ദി പറഞ്ഞു. സിസി. ബോർഡിന്റെ തീരുമാനപ്രകാരം ബ്ര. ജോർജ് ഇടക്കരമൈലക്കലിനെ വിൻസെൻഷ്യൻ

ഭവന്റെ പുതിയ കൺവീനറായും ബ്ര. ചാണ്ടി പൂച്ചാലിനെ ജോയിന്റ് കൺവീനറായും നിയമിച്ചതായി അറിയിച്ചു.

## പെരുമ്പടവ് എസി സെമിനാർ

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പെരുമ്പടവ് എ.സി.യുടെ ആഭിമുഖ്യത്തിൽ പച്ചാണി സെന്റ് മേരീസ് പള്ളിയിൽവച്ച് 08-07-17-ന് ശനിയാഴ്ച രാവിലെ 9.30ന് ഫാ. ഡേവിഡ് കാച്ചപ്പള്ളിയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടെ ആരംഭിച്ചു. തുടർന്ന് എ.സി. പ്രസിഡന്റ് ബ്ര. ജോസ് പുതുപ്പള്ളിയുടെ അധ്യക്ഷതയിൽ സെമിനാർ ആരംഭിക്കുകയും ഫാ. ഡേവിസ് കാച്ചപ്പള്ളി ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഫാ. റോയി കാച്ചപ്പള്ളി സി.എം. ക്ലാസ് എടുത്തു. സിസി ജോയിന്റ് സെക്രട്ടറി ബ്ര. പൗലോസ് പറേടം ആശംസകൾ അർപ്പിച്ചു സംസാരിക്കുകയും എ.സി. സെക്രട്ടറി ബ്ര. ജോസ് പുന്നോത്ത് സ്വാഗതവും, വനിതാ പ്രതിനിധി വൽസമ്മ പൈനാടത്ത് നന്ദിയും പറഞ്ഞു. നൂറോളംപേർ പങ്കെടുക്കുന്ന സെമിനാർ സമാപനപ്രാർത്ഥനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

## വെള്ളരിക്കുണ്ട് എസി സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വെള്ളരിക്കുണ്ട് എസി യുടെ ഈ വർഷത്തെ ആദ്യ ആധ്യാത്മിക സെമിനാർ ജൂലൈ 18,19 (ചൊവ്വ, ബുധൻ) ദിവസങ്ങളിലായി ചെറുപുഴ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. 18ന് രാവിലെ ജപമാലയും പ്രാരംഭപ്രാത്ഥന യോടെയും സെമിനാർ ആരംഭിച്ചു. സെമിനാറിൽ 60 അംഗങ്ങൾ പങ്കെടുത്തു. എസി പ്രസിഡന്റ് ബ്ര. ജോസഫ് പറേടത്തിൽ സ്വാഗതം ആശംസിച്ചു. ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. മാത്യു വലിയപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ബ്ര. ജെയിൻ ഫെർണാണ്ടസ് (കൊല്ലം) രണ്ടു ദിവസ ത്തെ ക്ലാസ്സ് നയിച്ചു. ഓരോ വിൻസെൻഷ്യൻ പ്രവർത്തകനും മറ്റുള്ളവർക്ക് കൊടുക്കേണ്ടത് ഈശോയുടെ ഹൃദയവും സ്നേഹവുമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. എസി സെക്രട്ടറി ബ്ര. പീലിപ്പോസ് ഊത്തപാറയ്ക്കൽ നന്ദി പറഞ്ഞു. വി. ബലി, ആരാധന, സമാപനപ്രാർത്ഥന എന്നിവയോടെ ബുധ നാഴ്ച 4.30ന് സെമിനാർ അവസാനിച്ചു.

സ്നേഹപൂർവ്വം

തലശ്ശേരി
24.07.2017

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സിസി. പ്രസിഡന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ജൂൺ 26 - ലോക ലഹരി വിരുദ്ധദിനം

**നിർമ്മലഗിരി കോളേജ്:** ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി നിർമ്മലഗിരി കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും ലഹരിക്കെതിരെ മനുഷ്യചങ്ങല തീർത്ത് പ്രതിഷേധിച്ചു. ഭാരതത്തിന്റെ ഭാവിവാഗ്ദാനങ്ങളായ യുവജനതയുടെ ബുദ്ധിയും ശക്തിയും ആരോഗ്യവും തകർക്കുന്ന ലഹരിവസ്തുക്കൾ ഈ നാടിന് വേണ്ട എന്നു പ്രഖ്യാപിച്ചുകൊണ്ട് ലഹരി വസ്തുക്കളുടെ ഹോമവും തുടർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞയും എടുത്തു. ഫാ. തോമസ് തൈത്തോട്ടം പരിപാടികൾ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ സ്വാഗതം ആശംസിച്ചു. സി. മെർലിൻ എസ്എബിഎസിന്റെ നേതൃത്വത്തിലുള്ള അധ്യാപക വിദ്യാർത്ഥി നേതാക്കൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## സെന്റ് തോമസ് എൽപി സ്കൂൾ തോമാപുരം ADSU റിപ്പോർട്ട്

**ജൂൺ-26 :** തോമാപുരം സെന്റ് തോമസ് എൽപി സ്കൂളിൽ ലോകലഹരി വിരുദ്ധദിനത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് ശ്രീമതി ബെൻസി ജോസഫിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ റാലി നടത്തി. സ്കൂൾ അസംബ്ലിയിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി. തുടർന്ന് നടത്തിയ പൊതുസമ്മേളനം കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. തങ്കച്ചൻ കൊല്ലക്കൊമ്പിൽ ഉദ്ഘാടനം ചെയ്തു. തലശ്ശേരി പ്രതീക്ഷ ഡയറക്ടർ റവ. ഫാ. ജോൺസൺ അന്ത്യാംകുളം മുഖ്യപ്രഭാഷണം നടത്തി. മാസ്റ്റർ ജോൺ എൽസ് ആശംസപ്രസംഗവും കുമാരി കെസിയ രാഗേഷ് കവിതാ അവതരണവും നടത്തി. കുട്ടികൾക്ക് പോസ്റ്റർ രചനാമത്സരവും പ്ലക്കാർഡ് നിർമ്മാണമത്സരവും നടത്തി. ADSU ആനിമേറ്റർ ശ്രീമതി സാലി ടോംസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എൽപി വിഭാഗത്തിൽ 2015-16ലെ ADSU ബെസ്റ്റ് സ്കൂൾ അവാർഡ് നേടിയ സ്കൂളാണ് തോമാപുരം എൽപി.

## ലോകലഹരി വിരുദ്ധദിനം

**എയുപിഎസ് - കരിവേടകം :** 2017 ജൂൺ 26ന് ലോക ലഹരിവിരുദ്ധ ദിനമായിരുന്നെങ്കിലും അന്ന് സ്കൂൾ അവധിയായതിനാൽ ജൂൺ 27ന് എയുപിഎസ് കരിവേടകത്ത് ദിനാചരണം നടത്തി. മുൻകൂട്ടിപറഞ്ഞതനുസരിച്ച് കുട്ടികൾ ചാർട്ടുകളും പ്ലക്കാർഡുകളും തയ്യാറാക്കുകയും

പ്രദർശിപ്പിക്കുകയും ചെയ്തു. അസംബ്ലിയിൽ പ്രാർത്ഥനയ്ക്കുശേഷം ലോക ലഹരി വിരുദ്ധദിനത്തെക്കുറിച്ചും ADSU ക്ലബിനെക്കുറിച്ചും സ്കൂൾ ആനിമേറ്റർ സി. മേരി വി.ജെ. സന്ദേശം നല്കി. തുടർന്ന് കുട്ടികൾക്ക് പ്രസംഗമത്സരം നടത്തുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.

മദ്യം ഉപേക്ഷിക്കൂ, നാടിനെ സംരക്ഷിക്കൂ, നാട് മുടിക്കും വീട് മുടിക്കും മദ്യം ഞങ്ങൾക്ക് വേണ്ടേ വേണ്ടേ എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് പ്ലക്കാർഡുമുയർത്തി റാലി നടത്തി. ADSU ക്ലബംഗങ്ങൾ എല്ലാ കാര്യത്തിലും മുൻനിരയിലുണ്ടായിരുന്നു. കുട്ടികൾ ഈ ദിനം വളരെ സന്തോഷത്തോടെ ആചരിച്ചു.

## സെന്റ് തോമസ് യുപി സ്കൂൾ കരിക്കോട്ടക്കരി ADSU റിപ്പോർട്ട്

### ജൂൺ-26 ലോകലഹരി വിരുദ്ധദിനം

അന്നേദിവസം സ്കൂളിൽ അസംബ്ലി സംഘടിപ്പിച്ചു. സ്കൂൾ ഹെഡ് മാസ്റ്റർ മാത്യൂസ് മാത്യു സാർ ലഹരി വിരുദ്ധ പ്രതിജ്ഞ വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്തു. സ്കൂളിലെ അധ്യാപകനായ ജെയ്സൺ സാർ ലഹരി വിരുദ്ധ സന്ദേശം നൽകി. കുട്ടികളെ പ്രതിനിധീകരിച്ച് അലീന തോമസ് ലഹരി വിരുദ്ധ പ്രസംഗം നടത്തി. തുടർന്ന് 3 മുതൽ 7 വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ലഹരി വിരുദ്ധ ബോധവത്ക്കരണ റാലി നടത്തി. റാലിക്കുശേഷം വിവിധ സ്ഥലങ്ങളിൽനിന്നും ശേഖരിച്ച ലഹരി ഉല്പന്നങ്ങൾ ഹെഡ്മാസ്റ്ററും വിദ്യാർത്ഥി പ്രതിനിധികളുംകൂടി കത്തിച്ച് ലഹരിക്കെതിരെയുള്ള പ്രതിഷേധം പ്രകടിപ്പിച്ചു.

## സെന്റ് മേരീസ് യുപി സ്കൂൾ - പൈസക്കരി

### ലോകലഹരി വിരുദ്ധദിനം

ലോക ലഹരിവിരുദ്ധ ദിനത്തോട് അനുബന്ധിച്ച് ADSU-ന്റെ ആഭിമുഖ്യത്തിൽ ജൂൺ 27-ാം തീയതി പൈസക്കരി സെന്റ് മേരീസ് യുപി സ്കൂളിൽ റാലിയും പ്രത്യേക അസംബ്ലിയും ചേർന്നു. വിവിധങ്ങളായ മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകൾ ADSU പ്രവർത്തകർ നിർമ്മിച്ചിരുന്നു. ഓരോ ക്ലാസ് അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ ലഹരിക്കെതിരെ മുദ്രാവാക്യം ഉയർത്തി. ലഹരിവിരുദ്ധദിനത്തിന്റെ സന്ദേശം സ്കൂൾ പ്രധാന അധ്യാപകൻ നൽകി. തുടർന്ന് ഈ വർഷത്തെ ADSU പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെകുറിച്ചുള്ള ചർച്ച നടന്നു. വിദ്യാർത്ഥികളും അധ്യാപകരും ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.

## ലോകലഹരി വിരുദ്ധദിനാചരണം - വെളിമാനം

വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂൾ ആന്റി ഡ്രഗ്സ് സ്റ്റുഡന്‍സ് യൂണിയന്റെയും എൻ.എസ്.എസ്സിന്റെയും ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ റാലിയും ലഹരിവിരുദ്ധ ബോധവത്ക്കരണ

സെമിനാറും നടന്നു. വെളിമാനം പള്ളി അസിസ്റ്റന്റ് വികാരി ഫാ. ആന്റണി പാറവെട്ടിയേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ജോണി തോമസ്, പ്രധാനാദ്ധ്യാപിക ഷൈനി എം. പീറ്റർ, റെനി എം. ജോസഫ്, സി. ടെസ്സിൻ, സജി ജോസഫ് എന്നിവർ പ്രസംഗിച്ചു. വരല്ലേ ഈ വഴിയെ എന്ന നാടകം എക്സൈസ് വകുപ്പ് അവതരിപ്പിച്ചു. പോസ്റ്റർ, ഉപന്യാസം, കാർട്ടൂൺ മത്സരങ്ങൾ സംഘടിപ്പിച്ചു.

വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് യുപി സ്കൂൾ, മഞ്ഞളാംപുറം യുപി സ്കൂൾ, മണ്ഡപം യുപി സ്കൂൾ, പാലാവയൽ സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂൾ, കാഞ്ഞിരക്കൊല്ലി യുപി സ്കൂൾ തുടങ്ങിയ വിദ്യാലയങ്ങളിൽ ലോകലഹരി വിരുദ്ധദിനം വിവിധ പരിപാടികളോടെ ആചരിച്ചു.

## നിർമ്മല എച്ച്എസ്എസ് ചെമ്പേരി

**2017 ജൂൺ 23 വരെയുള്ള സ്കൂൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്:** 5.6.2017 തിങ്കളാഴ്ച 2017–18 അധ്യയന വർഷത്തെ സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബിന്റെ രൂപീകരണം ഹെഡ്മിസ്ട്രസ് ശ്രീമതി വൽസമ്മ ജോബിന്റെയും ആനിമേറ്റർ സി. വിൽസമ്മ മാത്യുവിന്റെയും നേതൃത്വത്തിൽ നടന്നു. 190 കുട്ടികൾ അംഗങ്ങളായി ചേർന്നു. അംഗങ്ങൾക്ക് പ്രത്യേകം തയ്യാറാക്കിയ ബാഡ്ജ് നൽകുകയും ബുധനാഴ്ച ദിവസങ്ങളിൽ അത് ധരിച്ചു വരുവാൻ ആവശ്യപ്പെടുകയും ചെയ്തു.

7.6.2017 ബുധനാഴ്ച ക്ലാസ്സ് പ്രതിനിധികളെ തെരഞ്ഞെടുത്തു. അവരിൽനിന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡന്റ്– ആൻലിയാമോൾ ചാക്കോ, വൈസ് പ്രസി. – റോമി മാത്യു, സെക്ട്രറി – ആഷ്ബിൻ റിച്ചാഡ്, ജോ. സെക്രട്ടറി – അമയ വിനു, ട്രഷറർ – അൽക്ക എലിസബത്ത് ഗിൽബർട്ട്.

12.6.2017 ന് എക്സിക്യൂട്ടീവ് മീറ്റിംഗ്കൂടി ജൂൺ 26 ലഹരി വിരുദ്ധദിനത്തോട് അനുബന്ധിച്ച് നടത്തേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു. തുടർന്നു വന്ന ദിവസങ്ങളിൽ വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം, പോസ്റ്റർ നിർമ്മാണം, കാർട്ടൂൺ രചന, മുദ്രാവാക്യ രചന, പ്ലാക്കാർഡ് നിർമ്മാണം, ഉപന്യാസ രചന എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. 23.6.2017 വെള്ളിയാഴ്ച ഹെഡ്മിസ്ട്രസിന്റെ നേതൃത്വത്തിൽ സ്കൂൾ അസംബ്ലിയിൽ പുതിയ ഭാരവാഹികൾ, ക്ലാസ്സ് പ്രതിനിധികൾ എന്നിവരെ അഭിനന്ദിച്ച് അവർക്ക് പുഷ്പങ്ങൾ നൽകി. ലഹരി വിരുദ്ധ സന്ദേശം കുട്ടികൾക്ക് നൽകി. ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കുമാരി ആൻലിയാമോൾ ചാക്കോ പ്രസംഗിച്ചു. ഹെഡ്മിസ്ട്രസ് വിവിധ മത്സരങ്ങ

ളിൽ വിജയികളായവരെ അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. കുട്ടികൾ തയ്യാറാക്കിയ പ്ലക്കാർഡുകളും പോസ്റ്ററുകളും ഉൾപ്പെടുത്തി പ്രദർശനം സംഘടിപ്പിച്ചു.

## മുന്നേറ്റം - ക്യാൻസർ ബോധവത്ക്കരണം

**അങ്ങാടിക്കടവ്:** സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ മലബാർ ക്യാൻസർ സെന്ററിന്റെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആന്റി ഡ്രഗ്സ് യൂണിയന്റെയും ആഭിമുഖ്യത്തിൽ 'മുന്നേറ്റം' ക്യാൻസർ ബോധവത്ക്കണ പരിപാടി സംഘടിപ്പിച്ചു.

ജീവിതശൈലി രോഗമായ ക്യാൻസറിനെക്കുറിച്ചും പുകയില ഉത്പന്നങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചും ക്യാൻസർ രോഗവിദഗ്ദരായ ഡോ. ഫിൽസ് എം. ഫിലിപ്പും ഡോ. നീതുവും കുട്ടികളെ ബോധ്യപ്പെടുത്തി. ഇതിനോടനുബന്ധിച്ച് വിവിധ തരത്തിലുള്ള ക്യാൻസർ ബാധിച്ച അവയവങ്ങളുടെ പ്രദർശനവും നടന്നു. ഹയർസെക്കണ്ടറി, ഹൈസ്കൂൾ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായിരുന്നു. പ്രസ്തുത ക്ലാസ്സും പ്രദർശനവും.

സ്കൂൾ മാനേജർ റവ. ഫാ. തോമസ് മുണ്ടമറ്റം ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പ്രിൻസിപ്പാൾ എൻ.ഡി സണ്ണി അദ്ധ്യക്ഷത വഹിച്ചു. ഡയസ് പി. ജോൺ, പി. എ. ജോർജ്, ലിസ (റ്റി.എസ്.എസ്.) ആഷൽ എം. തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

## ADSU പ്രവർത്തക വർഷം ഉദ്ഘാടനം

2017-18 ADSU പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം 2017 ജൂലൈ 5ന് ഉളിക്കൽ വയത്തൂർ യുപി സ്കൂളിൽവച്ച് ഉളിക്കൽ പോലീസ് സബ് ഇൻസ്പക്ടർ ശ്രീ. സുരേഷ് കെ. ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം മുഖ്യപ്രഭാഷണം നടത്തി. ഉളിക്കൽ പഞ്ചായത്ത് മുൻ പ്രസിഡന്റ് ബെന്നി തോമസ്, മദർ പി.ടി.എ. പ്രസിഡന്റ് ശ്രീമതി നിഷ ദിലീപ്, ADSU യൂണിറ്റ് പ്രസിഡന്റ് കുമാരി സജിത സജി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. റ്റി. ജെ. ജോർജ് സ്വാഗതവും ADSU യൂണിറ്റ് ആനിമേറ്റർ സി. ആൽഫ് എസ്എബിഎസ് നന്ദിപ്രകാശനവും നടത്തി. സി. ജോസ്ന എൻഎസിന്റെ നേതൃത്വത്തിലുള്ള അധ്യാപക വിദ്യാർത്ഥി നേതാക്കൾ പരിപാടികൾക്ക് നേതൃത്വം നൽകി. 2015-16 അധ്യയനവർഷത്തിലെ ADSU ബെസ്റ്റ് യുപി സ്കൂൾ അവാർഡ് നേടിയ സ്കൂളാണ് വയത്തൂർ യുപി സ്കൂൾ.

## ADSU ആനിമേറ്റേഴ്സ് പഠനശാല

എല്ലാ വർഷവും അധ്യയനവർഷത്തിന്റെ ആരംഭത്തിൽ നടത്തി വരാറുള്ള ADSU ആനിമേറ്റേഴ്സ് പഠനശാല 2017 ജൂലൈ 8ന് സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. ADSU പ്രസിഡന്റ് മാസ്റ്റർ റോഷൻ ബെന്നി അദ്ധ്യക്ഷം വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണവും ADSU ചീഫ് ഓർഗനൈസർ അഡ്വ. മനോജ് എം. കണ്ടത്തിൽ സ്വാഗതവും ആശംസിച്ചു. ജോഷി അബ്രാഹം, കുമാരി ക്ലിറ്റി മാത്യു, മാസ്റ്റർ സഞ്ജയ് ഷാജി എന്നിവർ പ്രസംഗിച്ചു. മാസ്റ്റർ കെവിൻ വറുഗീസിന് ബ്രോഷറിന്റെ കോപ്പി നൽകി ബഹു. കോർപ്പറേറ്റ് മാനേജർ 2017-18 ലെ ADSU-വിന്റെ ബ്രോഷർ പ്രകാശനം നടത്തി. എക്സൈസ് അസി. ഇൻസ്പക്ടർ ശ്രീ. പി. മോഹൻദാസ് 'ലഹരി വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കാലിക പ്രസക്തി' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് ക്ലാസ്സ് എടുത്തു. ക്ലാസ് വിലയിരുത്തിക്കൊണ്ട് സി. ലിസ എൻഎസ് പ്രസംഗിച്ചു. ശ്രീമതി മഞ്ജുഷ കുര്യൻ നന്ദി പ്രകാശനം നടത്തി.

ബ്രോഷറിലുള്ള പരിപാടികൾ എല്ലാ ADSU സ്കൂൾ യൂണിറ്റുകളും കൃത്യമായി നടത്തി റിപ്പോർട്ടും ഫോട്ടോയും ADSU കേന്ദ്ര ഓഫീസിലേയ്ക്ക് അയക്കണമെന്നും ADSU കലോത്സവം, നവദർശൻ ക്യാമ്പ് എന്നീ പ്രധാനപ്പെട്ട പരിപാടികളിലെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്നും പഠനശാല തീരുമാനം എടുത്തു.

## ADSU ശാഖാ സന്ദർശനം ആരംഭിച്ചു

ഫാ. തോമസ് തൈത്തോട്ടം, അഡ്വ. മനോജ് എം. കണ്ടത്തിൽ, സി. ലിബിയ എസ്എബിഎസ്, സി. ലിസ എൻഎസ്, സി. ജോസ്ന എസ്എച്ച്, സി. ആൻസ് മരിയ എസ്കെഡി എന്നിവർ അടങ്ങുന്ന ADSU സ്കൂൾ വിസിറ്റേഴ്സ് ടീം 2017 ജൂലൈ 10 മുതൽ ADSU ശാഖാ സന്ദർശനം ആരംഭിച്ചു. സന്ദർശനം നടത്തിയ സ്കൂളുകളിലെ പ്രധാന അധ്യാപകരും ആനിമേറ്റേഴ്സും നൽകുന്ന സ്വീകരണം പ്രശംസനീയമാണെന്ന് വിസിറ്റേഴ്സ് അഭിപ്രായപ്പെട്ടു.

കോർപ്പറേറ്റ് സ്കൂളുകളുടെ സന്ദർശനത്തിനുശേഷം ഇംഗ്ലീഷ് മീഡിയം സ്കൂൾ സന്ദർശിക്കുന്നതാണ്.

സ്നേഹശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# എ.കെ.സി.സി.

## സഭാദിനം - ജൂലൈ 3

ജൂലൈ 3 സഭാദിനം കത്തോലിക്കാ കോൺഗ്രസ് പതാകദിനമായി ആചരിച്ചു. പതാകദിനത്തിന്റെ അതിരൂപതാതല ഉദ്ഘാടനം പേരാവൂർ സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽ നടന്നു. കത്തോലിക്കാ കോൺഗ്രസ് മുൻ അതിരൂപത ഡയറക്ടറും ഫൊറോന വികാരിയുമായ റവ. ഡോ. തോമസ് കൊച്ചുകരോട്ട് പതാക ഉയർത്തി സന്ദേശം നൽകി. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല പ്രസംഗിച്ചു. ഫൊറോന പ്രസിഡന്റ് തോമസ് പാറക്കൽ, ജയിസൺ മർക്കോസ്, ഫ്രാൻസീസ് കൂറ്റനാൽ തുടങ്ങിയവർ നേതൃത്വം നൽകി.

## കുടുംബനവീകരണ സെമിനാർ - ചെമ്പന്തൊട്ടി ഫൊറോന

ജൂലൈ 8ന് കത്തോലിക്കാ കോൺഗ്രസ് ചെമ്പന്തൊട്ടി ഫൊറോനയുടെ ആഭിമുഖ്യത്തിൽ ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് ഏകദിന കുടുംബ നവീകരണ സെമിനാർ നടത്തി. രാവിലെ 9.30ന് ആരംഭിച്ച സെമിനാർ 4 മണിക്ക് സമാപിച്ചു. ചെമ്പന്തൊട്ടി ഫൊറോന ദൈവാലയവികാരി വെരി. റവ. ഫാ. ജോസ് മാണിക്കത്താഴെ സെമിനാർ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതപ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു. അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ, സിസിലി പുഷ്പകുന്നേൽ, ബേബി നെട്ടനാനി, സുരേഷ് ജോർജ്, ജോർജ് ജോസഫ് വലിയമുറത്താങ്കൽ തുടങ്ങിയവർ ആശംസകൾ നേർന്നു. ചെമ്പന്തൊട്ടി ഫൊറോന ഡയറക്ടർ റവ. ഫാ. ജോസഫ് ചാത്തനാട്ട് സിഎസ്ടി സ്വാഗതവും സെക്രട്ടറി ആന്റണി ജീരകത്തിൽ നന്ദിയും പറഞ്ഞു. തുടർന്ന് മുണ്ടാനൂർപള്ളി വികാരി ഫാ. മനോജ് കരിമ്പൂഴിക്കൽ, ജെസിഐ ദേശീയ പരിശീലകൻ സി.സി. രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു.

## കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

- അതിരൂപത തിരഞ്ഞെടുപ്പിനുള്ള പ്രതിനിധി സഭാംഗങ്ങൾ-ശാഖാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, 25ന് 1 എന്ന അനുപാതത്തിൽ തിരഞ്ഞെടുത്ത അതിരൂപത പ്രതിനിധികൾ എന്നിവരായിരിക്കും.
- അതിരൂപത തിരഞ്ഞെടുപ്പിന്റെ അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ 13-08-2017. (അതിരൂപത കേന്ദ്രത്തിൽ ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ 20-08-2017ന് മുമ്പ് റിട്ടേണിംഗ് ഓഫീസറെ അറിയിക്കണം.
- അന്തിമ ലിസ്റ്റ് 27-08-2017ന് പ്രസിദ്ധീകരിക്കും

- 16-09-2017ന് വൈകുന്നേരം 4 മണിവരെ നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതാണ്.
- 17-09-2017ന് വൈകുന്നേരം 4 മണിവരെ നാമനിർദ്ദേശ പത്രിക പിൻവലിക്കാവുന്നതാണ്. അന്നു തന്നെ വൈകിട്ട് 5 മണിക്ക് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.
- തിരഞ്ഞെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ 24-09-2017ന് ഉച്ച കഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ രഹസ്യ ബാലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നതാണ്.
- അതിരൂപത സമിതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രസിഡന്റ്, 4 വൈസ് പ്രസിഡന്റുമാർ (2വനിത, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ ഏഴ് ഭാരവാഹികളും 2 വനിതകളുമടക്കം 21 അംഗങ്ങളെ അതിരൂപത സമിതി അംഗങ്ങളായി തിരഞ്ഞെടുക്കാവുന്നതാണ്. ഒരാളെ കേന്ദ്ര വർക്കിംഗ് കമ്മിറ്റിക്ക് തിരഞ്ഞെടുക്കാവുന്നതാണ്. നൂറ് ശാഖകളിൽ കൂടുതൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഒരാളെക്കൂടി വർക്കിംഗ് കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കാവുന്നതാണ്. നോമിനേറ്റ് ചെയ്യുന്ന ആറ് സെക്രട്ടറിമാരും, എക്സ് ഓഫീഷ്യോ അംഗങ്ങളും, നോമിനേറ്റ് ചെയ്യുന്ന മറ്റ് അംഗങ്ങളും അതിരൂപത സമിതിയിൽ അംഗങ്ങളായിരിക്കും. കേന്ദ്രപ്രതിനിധി സഭാംഗങ്ങളായി 30പേരെ തിരഞ്ഞെടുക്കേണ്ടതും അവരിൽ 5 പേർ വനിതകളുമായിരിക്കണം. ഒരു രൂപതയിൽ 25 ശാഖകളിൽ കൂടുതൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഓരോ 25 യൂണിറ്റുകൾക്കും കൂടുതലായി 2 പ്രതിനിധികളെ കൂടി കേന്ദ്ര പ്രതിനിധി സഭയിലേയ്ക്ക് തിരഞ്ഞെടു ക്കാവുന്നതാണ്.
- റിട്ടേണിംഗ് ഓഫീസർ - ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് (അതിരൂപത ഡയറക്ടർ) - 9947081543
- അസി. റിട്ടേണിംഗ് ഓഫീസർ - ഫാ. ജോൺസൺ കോവൂർപുത്തൻപുര (ജുഡീഷ്യൽ വികാർ - 9400741058

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## ലോകലഹരി വിരുദ്ധ ദിനം - ജൂൺ 26

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണഭാഗമായി ചികിത്സാ കേന്ദ്രത്തിൽവച്ച് പൊതുസമ്മേളനം നടത്തപ്പെട്ടു. ഡയറക്ടർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം വിനീത സമ്മേളനം ഉദ്ഘാടനം ചെയ്തു. സാമൂഹ്യനീതിവകുപ്പ് കണ്ണൂർ ജില്ലാ ഓഫീസർ എം. സന്തോഷ് പങ്കെടുത്തു. ലഹരി വിരുദ്ധ ദിനാചരണഭാഗമായി പുകയില വിരുദ്ധ- ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണമത്സരവും നടത്തി വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. സ്ഥാപനത്തിന്റെ സമ്മാനങ്ങളും വിതരണം ചെയ്തു. സ്ഥാപനത്തിന്റെ സമീപവാസികളുടെ കലാപരിപാടികളും നടത്തപ്പെട്ടു. മാത്യു മൈക്കിൾ, അനിറ്റ ബാബു, സി. സിസിലി എന്നിവർ പ്രസംഗിച്ചു. ഉച്ചതിരിഞ്ഞ് ചർച്ചകളും അവലോകനവും നടത്തപ്പെട്ടു.

## ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറും
### ലോകലഹരി വിരുദ്ധ ദിനാചരണവും ചിറ്റാരിക്കാലിൽ

പ്രതീക്ഷയുടെ ആഭിമുഖ്യത്തിൽ ചിറ്റാരിക്കാൽ യുപി, എച്ച്എസ്, എച്ച്എസ്എസ് വിദ്യാർത്ഥികൾക്ക് സംയുക്തമായി ലഹരി വിരുദ്ധ സെമിനാർ നടത്തപ്പെട്ടു. സ്കൂൾ ഹെഡ്മാസ്റ്റർ ടോം ജോസ് അധ്യക്ഷത വഹിച്ചു. സെമിനാർ ഉദ്ഘാടനവും ക്ലാസ്സും ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം നിർവഹിച്ചു. ജോബി മൂലയിൽ, തെരേസ് മരിയാ പ്രിൻസ്, ജോസഫ് തോമസ്, അന്ന എലിസബത്ത് രാജു എന്നിവർ പ്രസംഗിച്ചു.

## ലഹരി വിരുദ്ധ ദിനാചരണം സെന്റ് മേരീസിൽ

തോമാപുരം സെന്റ് മേരീസ് സ്കൂളിൽവച്ച് നടത്തപ്പെട്ട ദിനാചരണ സമ്മേളനത്തിൽ സി. സെലിൻ അധ്യക്ഷത വഹിച്ചു. ബോധവൽക്കരണ ക്ലാസിനും ലഹരി വിരുദ്ധ പ്രതിജ്ഞക്കും ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നൽകി.

## സെന്റ് തോമസ് എൽപി സ്കൂൾ ചിറ്റാരിക്കാൽ

ലഹരി വിരുദ്ധ ദിനാചരണപരിപാടികൾ പ്രതീക്ഷ മാനേജിംഗ് കമ്മിറ്റി അംഗം തങ്കച്ചൻ കൊല്ലക്കൊമ്പിൽ ഉദ്ഘാടനം ചെയ്തു. ബെൻസി ജോസഫ് അധ്യക്ഷത വഹിച്ചു. ലഹരി വിരുദ്ധ ക്ലാസിന് ഫാ. ജോൺസൺ അന്ത്യാംകുളം നേതൃത്വം നൽകി. ജെസി ജോർജ് സ്വാഗതവും ബിൻസി ടോം നന്ദിയും പറഞ്ഞു.

## മദ്യവിമുക്തരുടെ കുടുംബകൂട്ടായ്മ ചികിത്സാ കേന്ദ്രത്തിൽ

ജൂലൈ 02 ന് കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൂട്ടായ്മ തങ്കച്ചൻ കൊല്ലക്കൊമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. ഡയറക്ടർ അധ്യക്ഷത വഹിച്ചു. അനിറ്റ ബാബു സ്വാഗതവും സി. സിസിലി നന്ദിയും പറഞ്ഞു. കെ.വി. ചാക്കോ രാജഗിരി, അബ്രാഹം ശാന്തിനഗർ, രാജീവൻ വയനാട്, രവീന്ദ്രൻ പാനൂർ, സജി വിമലശേരിൽ, സത്യൻ മാഹി എന്നിവർ പ്രസംഗിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. വിവിധ ഗ്രൂപ്പ് ഗെയിംസും സമ്മാനവിതരണവും നടത്തപ്പെട്ടു.

## ബോധവൽക്കരണ സെമിനാർ (14-07)

ചികിത്സാർഥികൾക്കായി പ്രത്യേകം നടത്തപ്പെട്ട സെമിനാറിൽ ഗോപിനാഥൻ മാസ്റ്റർ 'അനുഭവ വിശകലനവും നവ ബോധ്യങ്ങളും' എന്ന വിഷയത്തെപ്പറ്റി ക്ലാസ്സെടുത്തു.

## കർദ്ദിനാളിന്റെ പ്രതീക്ഷാ സന്ദർശനം

ജൂലൈ 19ന് സീറോ-മലബാർ സഭാധ്യക്ഷൻ പ്രതീക്ഷാ കേന്ദ്രത്തിൽ സ്റ്റാഫംഗങ്ങളെയും ചികിത്സാർത്ഥികളെയും സന്ദർശിച്ചു. പ്രത്യേകമായി നടത്തപ്പെട്ട സമ്മേളനത്തിൽ ഫാ. ഡയറക്ടർ സ്വാഗതമാശംസിച്ച്. മേജർ ആർച്ച് ബിഷപ് ചികിത്സാർത്ഥികളോട് പ്രസംഗിക്കുകയും സമ്മാനം നൽകുകയും ചെയ്തു. സ്റ്റാഫംഗങ്ങൾക്ക് എല്ലാവരും ചേർന്ന് 'സ്പിരിചൽ ബൊക്കെ' നൽകി പ്രത്യേകം ആദരിച്ചു.

## ദുക്റാനാ ക്വിസ്

സ്റ്റാഫംഗങ്ങൾക്കായി നടത്തപ്പെട്ട ബൈബിൾ ക്വിസിൽ ജിൻസി ജോർജ് മൂലയിൽ, മാത്യു മൈക്കിൾ മറ്റത്തിൽ, ബെന്നി പൊന്നാട്ട് എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

പ്രതീക്ഷയോട് സഹകരിക്കുന്ന ഏവർക്കും നന്ദി.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# ധ്യാനകേന്ദ്രങ്ങളിലൂടെ-

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2017 ഓഗസ്റ്റ് 06-11 | : | ആന്തരീക - ശാരീരികസൗഖ്യ ധ്യാനം |
| ,, 07 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, 12 | : | ഏകദിന കൺവെൻഷൻ |
| ,, 20-25 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| ഓഗസ്റ്റ് 11 | : | ജാഗരണ പ്രാർത്ഥന |
| ,, 12 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, 13-17 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 20-24 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| ,, 27-31 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| ഓഗസ്റ്റ് 05 | : | ഏകദിന കൺവെൻഷൻ |
| ,, 06-10 | : | മരിയൻ ആന്തരിക സൗഖ്യ ധ്യാനം |
| ,, 18 | : | ജാഗരണ പ്രാർത്ഥന |
| ,, 19 | : | ക്രിസ്റ്റീൻ വിംഗ്സ് |
| ,, 20-24 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 26 | : | അഖണ്ഡ ജപമാല |

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

| | | |
|---|---|---|
| ഓഗസ്റ്റ് 06-11 | : | ആന്തരീക സൗഖ്യ ധ്യാനം |
| ,, 20-25 | : | ആന്തരിക സൗഖ്യ ധ്യാനം |
| 1,8,15,22,29 | : | ഏകദിന കൺവെൻഷൻ |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

**2017 ജൂലൈ**

6-7 കുന്നോത്ത് സെമിനാരിയിൽ സിനഡൽ കമ്മീഷൻ സന്ദർശനങ്ങൾക്ക് നേതൃത്വം നൽകി.

9-14 ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു. 14ന് വൈകുന്നേരം വിളക്കന്നൂരിൽ നിര്യാതയായ കത്രീന കൊറ്റനല്ലൂരിന്റെ ഭവനത്തിലെത്തി അന്ത്യോപചാരം അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

16 മൈസൂരിൽ ശ്രീ. ജോസ്‌വിന്റെ വിവാഹം ആശീർവദിച്ചു.

17 വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ ബിടെക് 2017 ബാച്ച് വിദ്യാരംഭം 'ജ്യോതിർഗമയ 2017' ഉദ്ഘാടനം ചെയ്തു.

20 രാവിലെ 9 മണിക്ക് കുന്നോത്ത് സെമിനാരിയുടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിന്റെ ഉദ്ഘാടനചടങ്ങളിൽ മേജർ ആർച്ചുബിഷപ്പിനോടൊപ്പം പങ്കെടുത്തു.

21 പരിയാരത്തെത്തി ബഹു. വൈദികരുടെ രണ്ടാം ബാച്ചിന്റെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

22 രാവിലെ 10 മണിക്ക് ഉർസുലൈൻ കോൺവെന്റിൽ ദൈവദാസി സി. സെലിൻ കണ്ണനായ്ക്കൽ ഓർമ്മ ആചരണദിനത്തിന്റെ ഭാഗമായി നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് തളിപ്പറമ്പിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

❖❖❖

# Programme of the Archbishop
# Mar George Njaralakatt

## August - 2017

| | | | |
|---|---|---|---|
| 01 | | - | GSMS Kunnoth |
| 02 | | - | Visitor's Day |
| 03 | | - | Priests & Sisters Day |
| 05 | | - | GSMS Kunnoth |
| 05-06 | | - | Pastoral Visit |
| 07-11 | | - | KCBC Meeting |
| 12 | | - | Vayattuparamba : Qurbana for Fr. Jose Kanivelil |
| 12-13 | | - | Pastoral Visit |
| 14 | | - | GSMS Kunnoth |
| 15 | 6.30am | - | Cathedral : Holy Qurbana |
| | 11.00am | - | Pariyaram - MSMI Convent Blessing |
| 16 | | - | Visitor's Day |
| | 6.00pm | - | Monthly Recollection Tly |
| 17 | | - | Priests & Sisters Day |
| 19 | | - | Poroor |
| 19-20 | | - | Pastoral Visit |
| 21- Sept. 2 | | - | Synod at Mount St. Thomas |

## September - 2017

| | | |
|---|---|---|
| 02-03 | - | Pastoral Visit |
| 04 | - | Onam |
| 05 | - | Mananthavady |
| 06 | - | Padannakkad |
| 07 | - | Priests & Sisters Day |
| 09 | - | Kottodi |
| 9-10 | - | Pastoral Visit |
| 11-12 | - | Priests' Refresher Course |
| 13-14 | - | Priests' Refresher Course |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2017 ജൂൺ

27 ഉച്ചകഴിഞ്ഞ് 3.30ന് രണ്ടാംകടവ് ദൈവാലയത്തിൽ, നിര്യാതയായ മറിയം മേൽവെട്ടത്തിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 രാവിലെ 10.30ന് നിര്യാതനായ മാത്യു വളവനാലിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് നാട്ടക്കൽ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

### 2017 ജൂലൈ

01 രാവിലെ 10.30ന് പൈസക്കരി ഇടവകയിൽ ബിജു മുതുപ്ലാക്കലിന്റെ ഭവനം വെഞ്ചരിച്ചു.

02 ഉച്ചക്ക് 12 മണിക്ക് നിര്യാതനായ ജോസ് കണിവേലിൽ അച്ചനുവേണ്ടി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

03 ഉച്ചകഴിഞ്ഞ് 2.30ന് നിര്യാതനായ ജോസ് കണിവേലിൽ അച്ചന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് വായാട്ടുപറമ്പ ദൈവാലയത്തിൽ സന്ദേശം നൽകുകയും സിമിത്തേരിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

05 രാവിലെ 10.30ന് ചെമ്പേരി ഇടവകയിൽ നിര്യാതനായ ജോസ് കാരിയത്തിലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് വാണിയപ്പാറ ഇടവകയിൽ നിര്യാതനായ കുര്യൻ വാളിമലയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

06 വൈകുന്നേരം 4 മണിക്ക് ചിറ്റാരിക്കാൽ ദൈവാലയത്തിൽ, നിര്യാതയായ ക്ലാരമ്മ എഴുത്തുപുരയ്ക്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

07 രാവിലെ 10.30ന് രത്നഗിരി ഇടവകയിൽ നിര്യാതനായ ജോസ് കുളിരാനിയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 രാവിലെ 10.30ന് വേനപ്പാറ ദൈവാലയത്തിൽ ജോസഫ് പൊൻമറ്റവും എലിസബത്ത് നെല്ലിക്കത്തെരുവിലും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

11 ഉച്ചകഴിഞ്ഞ് 3 മണിക്ക് രാജഗിരി ഇടവകയിൽ നിര്യാതനായ ആന്റണി വടക്കന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

15 രാവിലെ 10 മണിക്ക് ചന്ദനക്കാംപാറ ഇടവക ദൈവാലയത്തിൽ ചാക്കോ & ത്രേസ്യാമ്മ കവിയിലിന്റെ വിവാഹ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് വിളക്കന്നൂർ ഇടവകയിൽ നിര്യാതയായ കത്രീന കൊറ്റനെല്ലൂരിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

16 ഉച്ചക്ക് 12.30ന് ദേവഗിരിയിൽവച്ച് ജോൺ പുലകുടിയുടെയും മേരി വാഴപ്പറമ്പിലിന്റെയും വിവാഹം ആശീർവദിച്ചു.

17 –21 പരിയാരം മദർഹോമിൽവച്ച് നടന്ന ബഹു. വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

22 പുല്ലുരാംപാറയിൽ ഉച്ചകഴിഞ്ഞ് 3.30ന് നിര്യാതയായ സി. ഹോസാനാ എസ്എബിഎസിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

23 കോളയാട് അൽഫോൻസാ ദൈവാലയത്തിൽ രാവിലെ 9 മണിക്ക് തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

25 വെള്ളരിയാനത്ത് ഉച്ചകഴിഞ്ഞ് 3.30ന് പ്രേഷിതാരാം സിസ്റ്റേഴ്സിന്റെ പുതുതായി പണി കഴിപ്പിച്ച മഠം വെഞ്ചരിച്ചു.

26 ഉച്ചകഴിഞ്ഞ് 1.30ന് മാങ്ങോട് ഇടവകയിൽ പുതുപ്പറമ്പിൽ മാത്യുവിന്റെ ഭവനം വെഞ്ചരിച്ചു.

2.30ന് മാങ്ങോട് എസ്എച്ച് സിസ്റ്റേഴ്സിന്റെ പുതുതായി നിർമ്മിച്ച മഠം വെഞ്ചരിച്ചു.

❖❖❖

# Programme of the Archbishop Emeritus Mar George Valiamatttam

## August - 2017

| | | |
|---|---|---|
| 01-04 | - | Attappadi |
| 19 | - | Kottayam |
| 21 | - | Synod |
| 28 | - | Monippally |

**Secretary to the Archbishop Emeritus**

❖❖❖